പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI
# (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

**ആനുകാലിക റിപ്പോർട്ട്**

( 2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2020 ആഗസ്റ്റ് 24-ാം തീയതി സമർപ്പിച്ചത്**

**(Presented on 24th August, 2020)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2020

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2020

# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VI
## (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

### ആനുകാലിക റിപ്പോർട്ട്

(2020 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2020)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

550/2020.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |
| അനുബന്ധം .. | 69 |

# സബ്ജക്ട് കമ്മിറ്റി VI

## (വിദ്യാഭ്യാസം)

(2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

പ്രൊഫ. സി. രവീന്ദ്രനാഥ്,

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ഡോ. കെ. ടി. ജലീൽ,

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി

ശ്രീ. എ. കെ. ബാലൻ,

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും

നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. എം. സി. കമറുദ്ദീൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

2019 നവംബർ 4-ാം തീയതിയിലെ 767-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം ശ്രീ. കെ. സി. ജോസഫ്, എം. എൽ. എ., സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ലെ അംഗത്വം രാജിവച്ചു. 2019 നവംബർ 4-ാം തീയതിയിലെ 768-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം ശ്രീ. എം. സി. കമറുദ്ദീൻ, എം. എൽ. എ. സബ്ജക്ട് കമ്മിറ്റി VI-ലേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുകയും ചെയ്തു.

സമിതി 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ സമിതി 12 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും 1 യോഗം ബില്ലുകളുടെ പരിഗണനയ്ക്കായും 8 യോഗങ്ങൾ കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും നിയമസഭാ ചട്ടം 235 (1) (iii) പ്രകാരമുള്ള ചർച്ചയ്ക്കുവേണ്ടിയും ആയിരുന്നു. യോഗത്തിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 49 ശതമാനമായിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ.

അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ.

അദ്ധ്യായം III - സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ.

അദ്ധ്യായം IV - നിയമസഭാ ചട്ടം 235 A പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ.

അദ്ധ്യായം V - നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

അദ്ധ്യായം VI - (a) 2019-20 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ

അദ്ധ്യായം VII -സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2020 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2020 ജൂലൈ 23.

# റിപ്പോർട്ട്

## അദ്ധ്യായം I

### സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI ചുവടെ ചേർക്കുന്ന പ്രകാരം 6 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 27-3-2019-ലെ സമിതിയോഗം അംഗീകരിക്കുകയും 28-5-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 20-6-2019-ലെ സമിതിയോഗം അംഗീകരിക്കുകയും 25-6-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 20-6-2019-ലെ സമിതിയോഗം അംഗീകരിക്കുകയും 25-6-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4. 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 5-11-2019-ലെ സമിതി യോഗം അംഗീകരിക്കുകയും 7-11-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

5. 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 5-11-2019-ലെ സമിതി യോഗം അംഗീകരിക്കുകയും 7-11-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

6. 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 24-2-2020-ലെ സമിതിയോഗം അംഗീകരിക്കുകയും 2-3-2020-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

1) 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 5-11-2019-ലെ സമിതി യോഗം അംഗീകരിക്കുകയും 7-11-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 5-11-2019-ലെ സമിതി യോഗം അംഗീകരിക്കുകയും 7-11-2019-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്. ആർ. ഒ.-കൾ എന്നിവയുടെ വിശദാംശങ്ങൾ

### കരട് ചട്ടങ്ങൾ

1. The Kerala State Collegiate Education (Music Colleges) Service (Amendment) Special Rules, 2019 - 8-5-2019-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1904/സബ്.സി. ഇ 1/2019/നി.സെ.)

2. 2019-ലെ കേരള സ്പോർട്സ് (ഭേദഗതി) ചട്ടങ്ങൾ 22-10-2019-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 477/സബ്.സി.ഇ 1/2019/നി.സെ.)

3. Kerala Right of Children to Free and Compulsory Education (Amendment) Rules, 2019 - 22-10-2019-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 5037/സബ്.സി.ഇ 1/2016/നി.സെ.)

4. Kerala State Archives Service Special Rules 2019, Kerala State Archives Subordinate Service Special Rules, 2019 - 22-10-2019-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3777/സബ്.സി.ഇ 1/2015/നി.സെ.)

5. 2019-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് 22-10-2019-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3030/സബ്.സി.ഇ 1/2013/നി.സെ.)

6. The Kerala General Education Service (Amendment) Special Rules, 2019 11-12-2019-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 5629/സബ്.സി.ഇ 1/2019/നി.സെ.)

7. The Kerala Vocational Higher Secondary Education State Service (Amendment) Rules 2019, The Kerala Vocational Higher Secondary Education Subordinate Service (Amendment) Rules 2019 എന്നിവ 11-12-2019-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 5616/സബ്.സി.ഇ 1/2019/നി.സെ.)

8. The Kerala Education (Amendment) Rules 2019 [കെ. ഇ. ആർ. അദ്ധ്യായം XXXI, ചട്ടം(2) (ബി) Explanation III] - 4-2-2020-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 831/സബ്.സി.ഇ 1/2020/നി.സെ.)

9. The Kerala Higher Secondary Education Subordinate Service (Amendment) Rules, 2019- 22-10-2019, 11-12-2019, 4-2-2020 എന്നീ തീയതികളിൽ പരിഗണിക്കുകയും അംഗീകാരം നൽകാതെ മാറ്റി വയ്ക്കുകയും ചെയ്തു.

(ഫയൽ നമ്പർ 5047/സബ്.സി.ഇ 1/2019/നി.സെ.)

<u>എസ്. ആർ. ഒ.-കൾ</u>

1. S R O No. 877/2018 (2018-ലെ കേരള സ്പോർട്സ് ഭേദഗതി ചട്ടങ്ങൾ) 22-10-2019-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 477/സബ്.സി.ഇ 1/2018/നി.സെ.)

2. S R O No. 627/2019 [The Kerala Right of Children to Free and Compulsory Education (Amendment) Rules 2019]

4-2-2020-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 7217/സബ്.സി.ഇ 1/2019/നി.സെ.)

3. S R O - 857/2019 [Kerala General Education Service (Amendment) Special Rules 2019], 863/2019 [Kerala Vocational Higher Secondary Education Subordinate Service (Amendment) Rules 2019], 866/2019 [Kerala Vocational Higher Secondary Education State Service (Amendment) Rules 2019], 867/2019 [Kerala Higher Secondary Education Subordinate Service (Amendment) Rules 2019], 869/2019 [Kerala Higher Secondary Education State Service (Amendment) Rules 2019] എന്നിവ 4-2-2020-ലെ യോഗത്തിൽ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 6750/സബ്.സി.ഇ 1/2019/നി.സെ.)

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം ചർച്ച നടത്തിയ വിഷയങ്ങൾ.

1. 21-8-2019-ലെ യോഗത്തിൽ "ഹൈടെക് സ്കൂൾ പദ്ധതി" എന്ന വിഷയവും ആയതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെ കുറിച്ചും ചർച്ച ചെയ്തു.

2. 6-1-2020-ൽ, കണ്ണൂർ ജില്ലയിലെ മാടായി ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ സമിതി സന്ദർശിക്കുകയും ഹൈടെക് സ്കൂൾ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

3. പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സാംസ്കാരിക കാര്യവകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട്.

### സമിതിയുടെ നിർദ്ദേശം

സർക്കാർ ഏറ്റെടുത്തിട്ടുള്ള സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുമാത്രം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും അതുകൊണ്ട് ഉദ്ദേശിക്കുന്നത് അതിന്റെ മെയിന്റനൻസ് മാത്രമല്ല, ഒറിജിനൽ നേച്ചർ നിലനിൽക്കത്തക്ക രീതിയിൽ അവ സൂക്ഷിക്കുകയും പുതിയ ടെക്നോളജി അനുസരിച്ച് അപ്ഡേറ്റ് ചെയ്യുകയും ചെയ്യത്തക്ക വിധത്തിലായിരിക്കണമെന്നും ഇതിനായി ആവശ്യമായ സ്റ്റാഫ്, എഞ്ചിനീയർമാർ, ഡിസൈൻ ചെയ്യേണ്ട വിദഗ്ധർ, വേണ്ടി വരുന്ന ചെലവ് ഇതേ വകുപ്പിൽ തന്നെ അധിക സ്റ്റാഫുള്ള വിഭാഗങ്ങളിൽ നിന്നും ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കൽ തുടങ്ങിയവ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയിരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

(Ref.Lr.No.42/സബ്.സി.ഇ 1/2015/നി.സെ. തീയതി 15-5-2017)

### സ്വീകരിച്ച നടപടി

പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ നിയമസഭാ സബ്ജക്ട് കമ്മിറ്റി (വിദ്യാഭ്യാസം) ശിപാർശ സമർപ്പിക്കുകയുണ്ടായി. അതുപ്രകാരം പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി പരിഗണനാ വിഷയങ്ങൾ നിർണ്ണയിക്കുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ട് സ.ഉ.(സാധാ.) നമ്പർ 506/2017/സാം.കാ.വ. തീയതി 16-08-2017 പ്രകാരം സർക്കാർ ഉത്തരവായി. പ്രസ്തുത വിദഗ്ധസമിതി, വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിഗണനാ വിഷയങ്ങൾ നിർണ്ണയിച്ചുകൊണ്ട് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി രൂപരേഖ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പരിഗണനാവിഷയങ്ങൾ നിർണ്ണയിക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചു. പ്രധാനമായും 3 വിഭാഗങ്ങളിലായാണ് തീരുമാനം കൈക്കൊള്ളേണ്ടത്.

1. <u>ഉപദേശക സമിതി രൂപീകരണം</u>

പുരാവസ്തു വകുപ്പിൽ ഒരു ഉപദേശക സമിതി രൂപീകരിക്കുക. ആർക്കിയോളജിക്കൽ സർവ്വേ, ആർക്കിയോളജിക്കൽ കൺസർവേഷൻ മാന്വൽ, മുൻഗണനാ പട്ടിക തയ്യാറാക്കൽ എന്നിവ പ്രസ്തുത ഉപദേശക സമിതിയുടെ അജണ്ടയിൽ ഉൾപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

2. <u>ശിപാർശകൾ പ്രകാരമുള്ള പദ്ധതികളുടെ രൂപീകരണം</u>

ഉപദേശക സമിതിയുടെ റിപ്പോർട്ടിൽ പ്രതിപാദിച്ച വിഷയങ്ങൾ നടപ്പിലാക്കുന്നതിന് 2020-21 -ലെ പ്ലാൻ പ്രൊപ്പോസലിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള വിശദമായ റിപ്പോർട്ട് തയ്യാറാക്കി പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്

(എ) മൊബൈൽ എക്സിബിഷൻ യൂണിറ്റ്

(ബി) അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുക

(സി) ആർക്കിയോളജിക്കൽ സർവ്വേ

(ഡി) പഠന കളരി

(ഇ) പബ്ലിക്കേഷൻ വിഭാഗത്തെ ശക്തിപ്പെടുത്തൽ

(എഫ്) ആർക്കിയോളജിക്കൽ മാന്വൽ രൂപീകരണം - ഇക്കാര്യത്തിൽ നിർദ്ദിഷ്ട ഉപദേശക സമിതിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുന്നതാണ്

(ജി) പുരാവസ്തു വകുപ്പിന്റെ ലൈബ്രറി പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കാവുന്ന തരത്തിൽ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്

(എച്ച്) School of Epigraphy/Numismatics (കുറഞ്ഞത് ഒരു വർഷത്തെ കോഴ്സ് എങ്കിലും നടത്താനാവുന്ന തരത്തിൽ) രൂപീകരിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്

(ഐ) പുരാവസ്തു ഗവേഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരളത്തിലെ സർവ്വകലാശാലകളുമായി സഹകരിച്ച് സ്കോളർഷിപ്പ് പദ്ധതികൾ തയ്യാറാക്കൽ പരിഗണിക്കുന്നതാണ്

(ജെ) വകുപ്പുതലത്തിൽ പരിശീലനങ്ങൾ നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

3. വകുപ്പ് പുനഃസംഘടനയും തസ്തിക സൃഷ്ടിക്കലുകളും

പുരാവസ്തുവകുപ്പിനെ പുനഃക്രമീകരിക്കുന്നതിന്റെ ഭാഗമായി പുതിയതായി സൃഷ്ടിക്കേണ്ട തസ്തികകൾ അവയുടെ സ്കെയിൽ ഓഫ് പേ എന്നിവ നിർണ്ണയിച്ച് സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് നൽകുവാൻ പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മുൻവിവരിച്ചത് പ്രകാരം അടിയന്തര നടപടി സ്വീകരിച്ച് മൂന്ന് വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേകമായി തുടർനടപടി പ്രൊപ്പോസലുകൾ സർക്കാരിലേയ്ക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് പുരാവസ്തുവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സർക്കാർ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 243/ബി1/19-സാം.കാ.വ തീയതി 17-1-2020)

[4-2-2020-ലെ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.]

## അദ്ധ്യായം - V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം)

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | വകുപ്പ് | വാർഷിക പ്രവർത്തന റിപ്പോർട്ട് സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| (1) | 2018-19 | XVII | പൊതുഭരണ സർവ്വീസസ് (ഡി) | 26-6-2019 |
| (2) | 2017-18 | XVII | കായിക യുവജനകാര്യം | 26-6-2019 |
| (3) | 2018-19 | XVII | ആസൂത്രണ സാമ്പത്തിക കാര്യം (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്) | 13-11-2019 |
| (4) | 2017-2018 | XVII | ഉന്നതവിദ്യാഭ്യാസം | 13-11-2019 |
| (5) | 2014-15 | XVII | സാംസ്കാരികകാര്യം | 6-2-2020 |

## അദ്ധ്യായം VI

**(a) 2019-2020 സാമ്പത്തികവർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

| റിപ്പോർട്ട് | ആകെ ശിപാർശ -കൾ | മറുപടി ലഭിച്ച ഖണ്ഡികകളും വകുപ്പും | സമിതിയിൽ സമർപ്പിച്ച ഖണ്ഡികകൾ | മറുപടി ലഭിക്കാനുള്ള ഖണ്ഡികകൾ | ബന്ധപ്പെട്ട വകുപ്പ് |
|---|---|---|---|---|---|
| ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-2020) (ഫയൽ നമ്പർ 3340/സബ്. സി. ഇ 1/ 2019/നി. സെ.) | 121 | 21-26, 36, 47, 49, 79 (ഉന്നത വിദ്യാഭ്യാസം)<br><br>121 [പൊതുഭരണ (സർവ്വീസസ്-ഡി)] | 47 | 1-20, 50-55<br><br>27-35, 37-46, 48,56-73, 75-78<br><br>74<br><br>80-117<br><br>118-120 | പൊതുവിദ്യാഭ്യാസം<br><br>ഉന്നതവിദ്യാഭ്യാസം<br><br>പൊതുമരാമത്ത്<br><br>സാംസ്കാരിക കാര്യം<br><br>കായിക യുവജനകാര്യം |

**(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും**

(i) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19) (ഫയൽ നമ്പർ 1718/ സബ്.സി.ഇ 1/2018/നി.സെ.)

ഖണ്ഡികകൾ 1-21 (പൊതുവിദ്യാഭ്യാസം), 104-135 (സാംസ്കാരികം), 100, 102 (പൊതുമരാമത്ത്), 22-40, 42, 43, 45-48, 50, 52, 57, 61, 74-78, 83-87, 103 (ഉന്നതവിദ്യാഭ്യാസം) എന്നിവയിന്മേലുള്ള നടപടി പത്രികകൾ 8-5-2019, 20-6-2019 എന്നീ തീയതികളിലെ സമിതിയോഗം അംഗീകരിക്കുകയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)-ലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

ശിപാർശ (ഖണ്ഡിക 41)

2202-03-103-67—വിവര ആശയ വിനിമയ സാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ മിഷനുള്ള കണക്റ്റിവിറ്റി

സിംഗിൾ ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ലഭിക്കുന്നതിന് ബി.എസ്.എൻ.എൽ.-ന് നൽകുന്നതിനായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ബഡ്ജറ്റ് വിഹിതം പ്രഖ്യാപിച്ചപ്പോൾ 20 ലക്ഷം രൂപ മുഴുവനായി വിവര ആശയ വിനിമയ സാങ്കേതികവിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസമിഷനുള്ള കണക്റ്റിവിറ്റിക്കായി 2202-03-103-67 എന്ന ശീർഷകത്തിൽ വകയിരുത്തിയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വരുന്നില്ല.

ശിപാർശ (ഖണ്ഡിക 44)

2202 -03 -105-99—ഫാക്കൽറ്റി വികസനം

ഇന്ത്യയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും വിദഗ്ധരെ പങ്കെടുപ്പിച്ച് വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനായി 65 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ബഡ്ജറ്റ് വിഹിതം പ്രഖ്യാപിച്ചപ്പോൾ 200 ലക്ഷം രൂപ ഫാക്കൽറ്റി വികസനത്തിനായി 2202-03-105-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. വിവിധ കോളേജുകളിലെ വിവിധ പദ്ധതികൾക്കായി കോളേജുകൾക്ക് അനുവദിച്ചുനൽകിയ, 200 ലക്ഷം രൂപയിൽ 188.12 ലക്ഷം രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവാകാത്തതിനാൽ ടി പദ്ധതിക്കായി അധികമായി സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വരുന്നില്ല.

ശിപാർശ (ഖണ്ഡിക 51)

2202-80-003-96—സർക്കാർ കോളേജുകളിൽ എഡ്യുസാറ്റ് ഉപയോഗിച്ചുള്ള ടെലി പരിശീലനം

ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നുള്ള പ്രഗത്ഭരായ അദ്ധ്യാപകരെ ക്ഷണിച്ച് വരുത്തി വിവിധ വിഷയങ്ങളിൽ ക്ലാസെടുപ്പിക്കുന്നതിനും അത് റെക്കോർഡ് ചെയ്ത്

സൂക്ഷിച്ച് ആവശ്യമുള്ളപ്പോൾ പ്രദർശിപ്പിച്ച് കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ബഡ്ജറ്റ് വിഹിതം പ്രഖ്യാപിച്ചപ്പോൾ 40 ലക്ഷം രൂപ മുഴുവനായി സർക്കാർ കോളേജുകളിൽ എഡ്യൂസാറ്റ് ഉപയോഗിച്ചുള്ള ടെലി പരിശീലനം "2202-80-003-96 " എന്ന ശീർഷകത്തിൽ വകയിരുത്തിയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വരുന്നില്ല.

[സർക്കാർ കത്ത് നമ്പർ കെ1/103/19/ഉ.വി.വ., തീയതി 19-1-2020]

[41, 44, 51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 4-2-2020-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 6-2-2020 തീയതിയിൽ സഭയിൽ സമർപ്പിച്ചു]

ശിപാർശ (ഖണ്ഡിക 53)

2203-00-001-97—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും അനുബന്ധ ഓഫീസുകളും പരീക്ഷാ വിഭാഗവും

ഡയറക്ടറേറ്റിലെയും റീജിയണൽ ഡയറക്ടറേറ്റുകളിലെയും ആഫീസ് ആധുനികവൽക്കരണം, സാങ്കേതിക പരീക്ഷാ കൺട്രോളർ ഓഫീസിലെ സോഫ്റ്റ്‌വെയർ നവീകരണം തുടങ്ങിയ ആവശ്യങ്ങൾക്ക് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 54)

2203-00-001-95—എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളി ടെക്നിക്കുകളിലെയും ഗ്രന്ഥശാലകൾ ശാക്തിപ്പെടുത്തൽ

ഇ-ജേണലുകൾ വാങ്ങുന്നതുൾപ്പെടെയുള്ള ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾക്ക് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2.25 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 55)

2203-00-003-96-02(3)—ഉദ്യോഗ നിയമനവും പരിശീലനവും-വേതനം-മറ്റ് അലവൻസുകൾ

ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് വേതനം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 56)

2203-00-004-94—ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ

എഞ്ചിനീയറിംഗ് കോളേജുകളിലെ ഇന്റർഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങളിൽ, ഓരോ കേന്ദ്രത്തിനും ഏകദേശം 10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രാരംഭ ദശയിലെ പ്രവർത്തനങ്ങൾക്ക് നിലവിലെ തുക അപര്യാപ്തമായതിനാൽ അധികമായി 3.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ 31-8-2019-ലെ ജി2/252/2018/ഉ.വി.വ.)

(ഖണ്ഡിക 53-56 ശിപാർശയിന്മേലുള്ള നടപടി പത്രിക 11-12-2019-ലെ യോഗം അംഗീകരിച്ചു. കാലതാമസ പത്രിക 13-11-2019-ൽ സഭയിൽ സമർപ്പിച്ചു.)

ശിപാർശ (ഖണ്ഡിക 59)

2203-00-104-99-01—സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ-ശമ്പളം

സംസ്ഥാനത്തെ 3 സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 45 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നമ്പർ ജെ3/168/2018/ഉ.വി.വ., തീയതി 20-1-2020]

[നടപടിപത്രിക 4-2-2020-ലെ യോഗം അംഗീകരിച്ചു]

[ കാലതാമസപത്രിക 6-2-2020 സഭയിൽ സമർപ്പിച്ചു]

ശിപാർശ (ഖണ്ഡിക 62)

2203-00-104-90—എഞ്ചിനീയറിംഗ് കോളേജുകളിലും പോളി ടെക്നിക്കുകളിലും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും

കായിക വിദ്യാഭ്യാസം വികസനം, വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 67)

2203-00-112-81-02-(5)—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ-വേതനം-ദിവസ വേതനം

സംസ്ഥാനത്തെ 5 പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഞ്ച് പുതിയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് പുതിയ നിരക്കിൽ വേതനം നൽകുന്നതിലേക്ക് 2018-2019-ൽ ആകെ 5,48,41,000 രൂപ വരെ ചെലവായി. ഇതിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ അധികം ചെലവായ തുക റീ അപ്രോപ്രിയേഷൻ മുഖേന ക്രമപ്പെടുത്തുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ (ഖണ്ഡിക 70)

2203-00-112-54—മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

നിലവിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാരം വികസന പ്രവർത്തനങ്ങളും ലാബുകളുടെ നവീകരണവും നടത്തുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക 71)</u>

2203-00-112-41—<u>എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം</u>

പുതിയ 5 എഞ്ചിനീയറിംഗ് കോളേജുകളുടെ റവന്യൂ പദ്ധതി വിഹിതം ബഡ്ജറ്റിൽ അനുവദിച്ചതിനാൽ ശേഷിക്കുന്ന 4 കോളേജുകളെ പരിഗണിച്ച് നിലവിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ പ്രകാരം വികസന പ്രവർത്തനങ്ങളും ലാബുകളുടെ നവീകരണവും നടത്തുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നമ്പർ 31-8-2019-ലെ ജെ2/252/2018/ഉ.വി.വ.]

[ഖണ്ഡിക 62, 67, 70, 71 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 11-12-2019-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 13-11-2019-ൽ സഭയിൽ സമർപ്പിച്ചു]

<u>ശിപാർശ (ഖണ്ഡിക 89)</u>

4202-02-103-99—<u>ടെക്നിക്കൽ ഹൈസ്കൂളുകൾ കെട്ടിടങ്ങൾ</u>

വിവിധ കെട്ടിടങ്ങളുടെ പണികൾ ഏറ്റെടുത്ത് പൂർത്തിയാക്കാനുള്ളതിനാൽ 6.2535 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക ലഭിച്ചത് ഉൾപ്പെടെ ആകെ 7.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ ജെ3/168/2018/ഉ.വി.വ., തീയതി 20-1-2020]

[നടപടിപത്രിക 4-2-2020-ലെ യോഗം അംഗീകരിച്ചു]

[ കാലതാമസപത്രിക 6-2-2020-ൽ സഭയിൽ സമർപ്പിച്ചു]

ശിപാർശ (ഖണ്ഡിക 93)

4202-02-105-99—കെട്ടിടങ്ങൾ

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക ലഭിച്ചത് ഉൾപ്പെടെ ആകെ 22.81 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 94)

4202-02-105-98—മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 40 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 95)

4202-02-105-96—മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ (ആർ.ഐ.ഡി.എഫ്.)

ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 32.80 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 96)

4202-02-105-93—തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 97)

4202-02-105-92—കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് (ഒറ്റത്തവണ കേന്ദ്ര സഹായം)

ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 98)

4202-02-105-90—മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

ആവശ്യമായി വരുന്ന മുറയ്ക്ക് 70 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക ലഭിച്ചത് ഉൾപ്പെടെ ആകെ 13.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 99)

4202-02-105-89—രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം

ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 101)

4202-02-800-93—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് കെട്ടിടങ്ങൾ-മരാമത്ത് പണികൾ

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ ആവശ്യമായി വരുന്ന മുറയ്ക്ക് 2.6437 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക ലഭിച്ചത് ഉൾപ്പെടെ ആകെ 1.01 കോടി രൂപ ചെലവഴിച്ചിട്ടുണ്ട് എന്നുള്ള വിവരം സമിതി മുമ്പാകെ അറിയിക്കുന്നു.

[സർക്കാർ കത്ത് നമ്പർ 31-8-2019-ലെ ജി2/252/2018/ഉ.വി.വ.]

[ഖണ്ഡിക 93-99, 101 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 11-12-2019-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 13-11-2019-ൽ സഭയിൽ സമർപ്പിച്ചു]

ശിപാർശ (ഖണ്ഡിക 136)

2204-00-101-99—കായിക വിദ്യാഭ്യാസ കോളേജുകൾ

ട്രാക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതിയിനത്തിൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ജീവനക്കാരുടെ യാത്രാബത്ത പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 15.33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2018-19 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 136-ൽ ചേർത്തിട്ടുള്ള ശിപാർശ 2204-00-101-99 കായിക വിദ്യാഭ്യാസ കോളേജുകൾ എന്ന ശീർഷകം കായിക വിദ്യാഭ്യാസ കോളേജുമായി ബന്ധപ്പെട്ടതാണ്. ആയത് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ശീർഷകമാണ്.

ശിപാർശ (ഖണ്ഡിക 137)

2204-00-103-98—യൂത്ത് വെൽഫയർ ബോർഡ്

ജീവനക്കാരുടെ ശമ്പളം, റ്റി.എ., ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന യുവജനക്ഷേമബോർഡ് 2204-00-103-98-31 പദ്ധതിയേതരം ശീർഷകത്തിൽ 30.67 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. ഈ തുക ജീവനക്കാരുടെ ശമ്പളം, റ്റി.എ., ഓഫീസ് ചെലവുകൾ എന്നിവയുടെ ചെലവിനത്തിൽ അപര്യാപ്തമായ തിനാൽ 3 കോടി രൂപ അധികം അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും 2018-19 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ നിന്നും 20,29,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന പ്ലാൻ ഫണ്ടിൽ നിന്നും പദ്ധതിയേതര ഫണ്ടിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 138)

2204-00-103-68—കേരള സംസ്ഥാന യൂത്ത് കമ്മീഷൻ

ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളവും അംഗങ്ങൾക്ക് ഓണറേറിയവും പെൻഷനും നൽകേണ്ടതിനാൽ 52.38 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കമ്മീഷന്റെ പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിന് പദ്ധതിയിനത്തിൽ 20 ലക്ഷം രൂപയും ചെയർപേഴ്സന്റെ ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് പദ്ധതിയേതരയിനത്തിൽ 13.58 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ കേരള സംസ്ഥാന യുവജനകമ്മീഷൻ പ്രവർത്തിക്കുന്നത് വികാസ് ഭവൻ കോമ്പൗണ്ടിലാണ്. കമ്മീഷന് പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിന് സ്ഥലം കണ്ടെത്തിയിട്ടില്ലാത്തതിനാൽ കെട്ടിടം പണിയുന്നതിനുള്ള ശിപാർശ കമ്മീഷൻ സമർപ്പിച്ചിട്ടില്ല. അതിനാൽ ഫണ്ട് അനുവദിച്ചിട്ടില്ല. 2204-00-103-68-31 പദ്ധതിയേതരം ശീർഷകത്തിൽ 78.26 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ഉണ്ടായിരുന്നു. ഇതിനുപുറമേ ഈ ശീർഷകത്തിൽ 23-3-2019-ലെ ജി.ഒ.(ആർ.റ്റി.) 2336/19/ധന. നമ്പർ ഉത്തരവ് പ്രകാരം 17,80,000 രൂപ അഡീഷണൽ ആതറൈസേഷൻ ആയി അനുവദിച്ചിട്ടുണ്ട്. ചെയർപേഴ്സൺ പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 139)

2204-00-104-97—കേരള സ്പോർട്സ് കൗൺസിൽ

സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി.എ., ഡി.എ. കുടിശ്ശിക എന്നിവയും പെൻഷൻ പറ്റിയ ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും മറ്റ് ഓഫീസ് ചെലവുകളും നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും സ്ഥാപനത്തിലെ കായികതാരങ്ങൾ, ജീവനക്കാർ, പരിശീലകർ എന്നിവർക്ക് ഗ്രൂപ്പ് ഹെൽത്ത് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനും അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതിക്കുവേണ്ടിയും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരം പദ്ധതിയിനത്തിൽ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന്, സ്ഥാപനത്തിലെ കായികതാരങ്ങൾ, ജീവനക്കാർ, പരിശീലകർ എന്നിവർക്ക് ഗ്രൂപ്പ് ഹെൽത്ത് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനും, അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതിക്കുവേണ്ടിയും 2204-00-104-97-31—Non Plan (salary) എന്നീ ശീർഷകങ്ങളിൽ അധികതുക ആവശ്യപ്പെട്ടുകൊണ്ടും കൗൺസിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും സംസ്ഥാനം അഭിമുഖീകരിച്ച പ്രളയദുരന്ത പശ്ചാത്തലത്തിൽ അധിക തുകകൾ അനുവദിക്കാൻ കഴിഞ്ഞില്ല. എന്നാൽ മറ്റ് വകുപ്പുകളിൽ നടപ്പിലാക്കിയത് പോലുള്ള പ്ലാൻ കട്ട് കൗൺസിലിൽ നടപ്പാക്കിയില്ല. മാത്രമല്ല, 2204-00-104-97(36) ശീർഷകത്തിൽ 5 കോടി രൂപ [സ.ഉ. (സാധാ.) നമ്പർ 922/2019/ധന. തീയതി 6-2-2019 പ്രകാരം] കൗൺസിലിന് അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 112/ബി2/18/കാ.യു.വ., തീയതി 2-7-2019]

[ഖണ്ഡിക 136-ലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും വിശദാംശം ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു. ഖണ്ഡികകൾ 137-139-ലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 1-10-2019-ലെ യോഗം അംഗീകരിച്ചു]

[കാലതാമസപത്രിക 13-11-2019-ൽ സഭയിൽ സമർപ്പിച്ചു]

(ii) <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-2018)</u>

(ഫയൽ നമ്പർ 1925/സബ്.സി. ഇ 1/2017/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 35)</u>

2202-04-001-93—<u>തുടർ വിദ്യാഭ്യാസ കേന്ദ്രം</u>

കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സെന്റർ, പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി യഥാക്രമം 79 ലക്ഷം രൂപയും 250 ലക്ഷം രൂപയും ചേർത്ത് ആകെ 329 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

20-12-2017-ൽ എസ്. ഡി. ജി. പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 36)

2203-00-001-95—എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക്കുകളിലെയും ഗ്രന്ഥശാലകൾ ശക്തിപ്പെടുത്തൽ

എഞ്ചിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്ക് കോളേജുകൾക്കും ദേശീയ തലത്തിലുള്ള അക്രഡിറ്റേഷൻ നേടാനാവശ്യമായ പ്രവർത്തനങ്ങളുടെ ഭാഗമായി ലൈബ്രറികളുടെ ആധുനികവൽക്കരണവും ഇ-സൗകര്യങ്ങൾ, വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനും ഈ സാമ്പത്തിക വർഷം ലക്ഷ്യമിടുന്നു. ഇതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അധികമായി 75 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 38)

2203-00-003-96—ഉദ്യോഗ നിയമനവും പരിശീലനവും

അപ്രന്റീസ് പരിശീലനം നല്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപന്റിനത്തിൽ ഏകദേശം 70 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും സൂപ്പർവൈസറി ഡെവലപ് സെന്റർ വഴി നടപ്പിലാക്കുന്ന ജോബ് ഫെയറുകൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജി. ഒ. (ആർ. ടി.) നമ്പർ 1996/2018/ഫിൻ. തീയതി 14-3-2018 എന്ന സർക്കാർ ഉത്തരവനുസരിച്ച് 10 ലക്ഷം രൂപ അധികമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 43)

2203-00-104-90—എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും

കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ടെക്നിക്കൽ ഹൈസ്കൂളുകളിൽ കൂടി ഒരുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ അധികമായി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 44)

2203-00-105-99-34-(1)—ഗവൺമെന്റ് പോളിടെക്നിക്കുകൾ - മറ്റുചെലവുകൾ-വെള്ളക്കരം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 30 സർക്കാർ പോളിടെക്നിക് കോളേജുകളിലെ വെള്ളക്കരം കൊടുക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 45)

2203-00-105-81—പോളിടെക്നിക് കോളേജുകളിൽ പ്രൊഡക്ഷൻ ആന്റ് ട്രെയിനിംഗ് (പി.എ്.ടി.) സെന്ററുകൾ സ്ഥാപിക്കൽ

പോളിടെക്നിക്കുകളിൽ പുതുതായി 2 ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കോഴിക്കോട് വനിതാ പോളിടെക്നിക്കിൽ ആരംഭിക്കുന്ന എൽ.ഇ.ഡി. ബൾബ് ഉല്പാദന പരിശീലന കേന്ദ്രത്തിനുമായി 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ (ഖണ്ഡിക 46)

2203-00-105-79—സർക്കാർ പോളിടെക്നിക്കുകളുടെ വികസനം

ദേശീയ തലത്തിലുള്ള അക്രഡിറ്റേഷൻ നേടുന്നതിനായി ലാബുകളും മറ്റ് സൗകര്യങ്ങളും വികസിപ്പിക്കുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജി. ഒ. (ആർ. ടി.) നമ്പർ 1996/2018/ഫിൻ. തീയതി 14-3-2018 എന്ന സർക്കാർ ഉത്തരവനുസരിച്ച് 50 ലക്ഷം രൂപ അധികമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 47)

2203-00-105-75—സർക്കാർ പോളിടെക്നിക് കോളേജുകളുടെ അക്രഡിറ്റേഷൻ

ദേശീയതലത്തിൽ അക്രഡിറ്റേഷൻ നേടുന്നതിന്റെ ആദ്യഘട്ടമായി 14 സർക്കാർ പോളിടെക്നിക്കുകളുടെ അക്രഡിറ്റേഷൻ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടി പദ്ധതിയുടെ ചെലവ് ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ പരിമിതപ്പെടുത്തിയതിനാൽ അഡീഷണൽ ആതറൈസേഷൻ മുഖേന അധിക തുക ആവശ്യമായി വന്നില്ല.

[സർക്കാർ കത്ത് നമ്പർ എൽ1/230/2017/ഉ.വി.വ., തീയതി 27-6-2019]

[ഖണ്ഡികകൾ 35, 36, 38, 43-47 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ 1-10-2019-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 13-11-2019-ൽ സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 61)

2204-00-102-90—സംസ്ഥാനതല നാഷണൽ സർവ്വീസ് സ്കീം സെൽ (100% C.S.S.)

സ്റ്റേറ്റ് എൻ. എസ്. എസ്. സെല്ലിന്റെ ആഭിമുഖ്യത്തിൽ 7 ദിവസത്തെ നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ്, സ്റ്റേറ്റ് ലെവൽ വർക്ക്ഷോപ്പ് ഓൺ ലീഡർഷിപ്പ് ആന്റ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, എൻ. എസ്. എസ്. സ്റ്റേറ്റ് അവാർഡ് എന്നിവയ്ക്കായി 10.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എൻ. എസ്. എസ്. നൂറ് ശതമാനം കേന്ദ്ര പദ്ധതിയായാണ് പ്രവർത്തിക്കുന്നത്. വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് എൻ. എസ്. എസ്. പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്താവുന്നതാണെന്ന സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 63)

2205-00-105-99-36—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ-സഹായധനം- ശമ്പളേതരം

ലൈബ്രറിയുടെ കമ്പ്യൂട്ടർവത്കരണത്തിന് തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 108 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ആസ്ഥാന മന്ദിര നിർമ്മാണം, ലൈബ്രറികൾക്കുള്ള ഗ്രാന്റ് വർദ്ധനവ്, ലൈബ്രേറിയൻ അലവൻസ് വർദ്ധനവ് എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 6624.87 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ട്രഷറി അക്കൗണ്ടുകളിൽ നിന്ന് 2017-18 സാമ്പത്തിക വർഷം തിരികെ പിടിച്ചതും, 2018-19-ലെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്ന് റിലീസ് ചെയ്ത് നൽകിയതുമായ 21.7513 കോടി രൂപ 9-11-2018-ലെ G.O. (Rt.) No. 9294/2018/Fin. ഉത്തരവ് പ്രകാരം അധികമായി അനുവദിച്ചുനൽകിയിട്ടുള്ള സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ (ഖണ്ഡിക 64)

2205-00-105-97-02-5—കേരള സംസ്ഥാന സെൻട്രൽ ലൈബ്രറി-വേതനം -ദിവസവേതനം

സെക്യൂരിറ്റി ഗാർഡുകൾ, ലൈബ്രറി അപ്രന്റീസുകൾ, ഇലക്ട്രീഷ്യൻ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർ എന്നിവരുടെ വേതനം നൽകുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

6-2-2018-ലെ G.O. (Rt.) No. 1205/2018/Fin. ഉത്തരവ് പ്രകാരം 13 ലക്ഷം രൂപ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 65)

2205-00-105-96—ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ്

ലൈബ്രറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിപ്പ് തുക സർക്കാർ വർദ്ധിപ്പിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ 14,350 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികമായി ആവശ്യം വന്ന തുക 11-2-2011-ലെ സ.ഉ.(സാധാ.) നമ്പർ 253/2011/ഉ.വി.വ. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 2205-00-105-97-01-5 നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ എ 2/154/2019/ഉ.വി.വ. തീയതി 20-3-2019]

[ഖണ്ഡികകൾ 61, 63-65 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 8-5-2019-ലെ യോഗം അംഗീകരിച്ചു. കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു].

<u>ശിപാർശ (ഖണ്ഡിക 74)</u>

4202-02-104-99—<u>പോളിടെക്നിക്കുകൾ കെട്ടിടങ്ങൾ</u>

ഒട്ടേറെ പണികൾക്ക് ഭരണാനുമതി നൽകുകയും അവ തുടർന്ന് വരുകയും ചെയ്യുന്നതിനാൽ 1924.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18 വർഷത്തിൽ ആകെ 36,22,05,418 രൂപ ചെലവഴിച്ചിട്ടുള്ളതാകുന്നു.

<u>ശിപാർശ (ഖണ്ഡിക 75)</u>

4202-02-104-96—<u>സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ.ഐ.ഡി.എഫ്.)</u>

ബഡ്ജറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 563 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18 വർഷത്തിൽ ആകെ 2,39,53,723 രൂപ ചെലവഴിച്ചിട്ടുള്ളതാകുന്നു.

<u>ശിപാർശ (ഖണ്ഡിക 76)</u>

4202-02-104-94—<u>പോളിടെക്നിക് കെട്ടിടങ്ങൾ (ഒറ്റത്തവണ കേന്ദ്ര സഹായം)</u>

ബഡ്ജറ്റ് തുകയൊന്നും അനുവദിക്കാത്തതിനാൽ 11 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2017-18 വർഷത്തിൽ ആകെ 2,56,26,503 രൂപ ചെലവഴിച്ചിട്ടുള്ളതാകുന്നു.

ശിപാർശ (ഖണ്ഡിക 77)

4202-02-105-99—കെട്ടിടങ്ങൾ

ബഡ്ജറ്റ് തുകയിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ 882 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2017-18 വർഷത്തിൽ ആകെ 21,95,35,200 രൂപ ചെലവഴിച്ചിട്ടുള്ളതാകുന്നു.

[സർക്കാർ കത്ത് നമ്പർ എൽ1/230/2017/ഉ.വി.വ., തീയതി 27-6-2019]

[ഖണ്ഡികകൾ 74-77 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 1-10-2019-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 13-11-2019-ൽ സഭയിൽ സമർപ്പിച്ചു.]

(iii) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 5078/സബ്. സി. ഇ 1/2016/നി.സെ.)

ശിപാർശ (ഖണ്ഡിക 71)

2204-00-001-99—കായിക യുവജനകാര്യ ഡയറക്ടറേറ്റ്

ഓഫീസിലേയും സ്റ്റേഡിയത്തിലേയും സ്വിമ്മിംഗ് പൂളിലേയും വൈദ്യുതി ചെലവുകൾക്കായി 5 ലക്ഷം രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായിക യുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(4) മറ്റിനങ്ങൾ

ശിപാർശ (ഖണ്ഡിക 72)

ഓഫീസ് ചെലവുകൾക്കായി 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത അത്രയും തുക ആവശ്യമില്ലാത്തതിനാൽ ടി ശീർഷകത്തിൽ 1,27,300 രൂപയുടെ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ കായികയുവജനകാര്യാലയത്തിൽ നിന്നും നൽകിയതിൽ 86,500 രൂപയും 41,000 രൂപയും രണ്ട് പ്രാവശ്യമായി അധികമായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 76)

2204-00-104-97—കേരള സ്പോർട്സ് കൗൺസിൽ

(31)—സഹായധനം - ശമ്പളം

(36)—സഹായധനം - ശമ്പളേതരം

2016-17 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാരുടെ ശമ്പളം, പുതുക്കിയ നിരക്കിലെ ഡി.എ., ഡി. എ കുടിശ്ശിക, 9-ാം ശമ്പള കമ്മീഷൻ കുടിശ്ശിക, 10-ാം ശമ്പള കമ്മീഷൻ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ്, ജീവനക്കാരുടെ സറണ്ടർ, യാത്രാബത്ത, 2016-17 കാലയളവിൽ വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ (31), (36) എന്നീ ശീർഷകങ്ങളിൽ യഥാക്രമം 400 ലക്ഷം രൂപയും 218.05 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 77)

കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് കോച്ചിംഗ് ക്യാമ്പിനുള്ള ഡി.എ., ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്നതിനുള്ള ഡി.എ., കൗൺസിലിന് ഭരണാനുമതി ലഭിച്ച പദ്ധതികൾ മുതലായ ചെലവുകൾക്കായി അനുവദിച്ച തുകയ്ക്ക് പുറമെ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 78)

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

മുൻ വർഷത്തെ കടിശ്ശിക, ജീവനക്കാരുടെ പെൻഷൻ, കെട്ടിട നിർമ്മാണം എന്നീ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 160 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 79)

സർക്കസ് കലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ജിംനാസ്റ്റിക്സ്, അക്രോബാറ്റിക്സ്, എന്നിവ കൂടി ഉൾപ്പെടുത്തി കൂടുതൽ പഠിതാക്കളെ ഇതിലേക്ക് ആകർഷിക്കത്തക്ക വിധത്തിലുള്ള പരസ്യ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 80)

2204-00-104-77-02—കായിക വിനോദ വൈദ്യസഹായകേന്ദ്രം

ജീവനക്കാർക്ക് വേതനം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.39 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുകയ്ക്കായി കായിക യുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 81)

2204-00-104-61—മലപ്പുറം മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മാണം

മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മിക്കുന്നതിനായി 401.31 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4,01,31,000 രൂപ 2204-00-104-59, 2204-00-104-54, 2204-00-101-93 എന്നീ ശീർഷകങ്ങളിൽ നിന്നും പുനർവിന്യാസം മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 82)

2204-00-104-60—കരുണാകരൻ സ്മാരക സ്റ്റേഡിയം - മാള

മാളയിലെ കെ. കരുണാകരൻ സ്മാരക സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 168.69 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

1,68,69,000 രൂപ പുനർവിന്യാസം വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 83)

2204-00-104-57—വോളിബോൾ അക്കാദമി - ഇടുക്കി

ഇടുക്കി ജില്ലയിൽ വോളിബോൾ അക്കാദമി സ്ഥാപിക്കുന്നതിനായി 46 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

46,00,000 രൂപ പുനർവിന്യാസം വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 84)

2204-00-104-56 —പാലാ മുനിസിപ്പൽ സ്റ്റേഡിയം പുനരുദ്ധാരണം

പാലായിലെ മുനിസിപ്പൽ സ്റ്റേഡിയം പുനരുദ്ധരിക്കുന്നതിനായി 485.4 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 85)

2204-00-104-49—കായിക താരങ്ങളുടെ പ്രോത്സാഹനവും മെച്ചപ്പെടുത്തലും-തൈക്കോണ്ട, ജൂഡോ, കരാട്ടെ മുതലായവ

ആയോധന കലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 73.60 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

66,29,000 രൂപ അധിക തുകയായും 75,00,000 രൂപ പുനർവിന്യാസം മുഖേനയും സ്പെഷ്യൽ പ്രോജക്ട്സ് ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ (ഖണ്ഡിക 86)</u>

2204-00-104-24—<u>35-ാം ദേശീയ ഗെയിംസ്</u>

35-ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിനെ നിലനിർത്തുന്നതിനും അവരുടെ ശമ്പളാനുകൂല്യങ്ങൾ നൽകുന്നതിനുമായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ പദ്ധതിയേതര ഇനത്തിൽ 150 ലക്ഷം രൂപയും ദേശീയ ഗെയിംസിന്റെ വേദിയിലേക്കുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികളുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ പൂർത്തീകരിച്ച രണ്ട് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിനായി പദ്ധതിയിനത്തിൽ 480 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

84,18,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ എ 1/109/2018/കാ.യു.വ. തീയതി 6-6-2018]

[71, 72, 76-86 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ 1-10-2019-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 26-6-2019-ൽ സഭയിൽ സമർപ്പിച്ചു.]

(iv) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)

[ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.]

<u>ശിപാർശ (ഖണ്ഡിക 23)</u>

2202-03-103-73—<u>വിവര സാങ്കേതികവിദ്യാ വിഭാഗം</u>

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളെ ഉൾപ്പെടുത്തി അക്കാദമിക ഗവേഷണ ആവശ്യങ്ങൾക്കായി ഒരു എഡ്യുക്കേഷണൽ ഗ്രിഡ് സ്ഥാപിക്കുന്നതിനായി ലക്ഷ്യമിടുന്ന ഐ. ടി. ഗ്രിഡ് പദ്ധതി നടത്തിപ്പിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ ബി1/371/2019/ഉ.വി.വ. തീയതി 12-12-2019]

[4-2-2020-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 6-2-2020-ൽ സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 25)

2203-00-001-97—സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും അനുബന്ധ ഓഫീസുകളും പരീക്ഷാ വിഭാഗവും

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽ വരുന്ന എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് നടപ്പിലാക്കുക, ഡയറക്ടറേറ്റിൽ നെറ്റ് വർക്കിംഗ് അപ്ഗ്രേഡ് ചെയ്യുക, പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുക, ലിഫ്റ്റ് സ്ഥാപിക്കുക, ടെക്നിക്കൽ ഹൈസ്കൂളുകളിലെയും പോളിടെക്നിക്കുകളിലെയും ജീവനക്കാർക്ക് പരിശീലനം നൽകുക, രണ്ട് മേഖലാ ഡയറക്ടറേറ്റുകളുടെ നവീകരണം, സാങ്കേതിക പരീക്ഷാ വിഭാഗത്തിലെ ആധുനികവൽക്കരണം, പരീക്ഷാ കേന്ദ്രത്തിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽ വരുന്ന എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് നടപ്പിലാക്കുക, ഡയറക്ടറേറ്റിൽ നെറ്റ് വർക്കിംഗ് അപ്ഗ്രേഡ് ചെയ്യുക. പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുക, ലിഫ്റ്റ് സ്ഥാപിക്കുക, ടെക്നിക്കൽ ഹൈസ്കൂളുകളിലെയും പോളിടെക്നിക്കുകളിലെയും ജീവനക്കാർക്ക് പരിശീലനം നൽകുക, രണ്ട് മേഖലാ ഡയറക്ടറേറ്റുകളുടെ നവീകരണം, സാങ്കേതിക പരീക്ഷാ വിഭാഗത്തിലെ ആധുനികവൽക്കരണം, പരീക്ഷാ കേന്ദ്രത്തിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കൽ എന്നിവയ്ക്കായി 2203-00-001-97 എന്ന ശീർഷകത്തിൽ 45 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നതിൽ 2016 മാർച്ച് 31 വരെ 26.15 ലക്ഷം രൂപ ചെലവായി. ഈ പദ്ധതി സംബന്ധിച്ച് തുക വിനിയോഗം ബഡ്ജറ്റ് ഗ്രാന്റിനുള്ളിൽ പരിമിതപ്പെടുത്താൻ സാധിച്ചതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ലഭ്യമാക്കേണ്ടതായി വന്നില്ല.

ശിപാർശ (ഖണ്ഡിക 29)

2203-00-112-65—രണ്ട് കോളേജുകളിൽ ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതി കേന്ദ്രം (എ. എസ്. എ. പി.)

ക്യൂ. ഐ. പി. സെന്ററുകൾക്ക് വേണ്ടിയുള്ള ലബോറട്ടറിയുടെ ആധുനീകരണം, ലൈബ്രറി സൗകര്യങ്ങൾ, ക്യൂ. ഐ. പി. ഗവേഷണ വിദ്യാർത്ഥികൾക്കുവേണ്ടി കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1.10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 വർഷത്തിൽ ടി പദ്ധതിക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ ആകെ ചെലവ് (214.15 ലക്ഷം രൂപ) പരിമിതപ്പെടുത്തിയതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ (ഖണ്ഡിക 31)</u>

2203-00-112-62—<u>കേരളത്തിൽ പുതിയ ഐ. ഐ. ടി.</u>

പാലക്കാട് ജില്ലയിൽ പുതിയ ഐ. ഐ. ടി. സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി വിഹിതമായി 1.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2015-16 വർഷത്തിൽ ടി ശീർഷകത്തിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. സ്ഥലമെടുപ്പ് സംബന്ധിച്ച് ആവശ്യങ്ങൾക്ക് മറ്റ് ഫണ്ടുകൾ ലഭ്യമായതിനാലാണിത്.

[സർക്കാർ കത്ത് നമ്പർ ജി 2/255/17/ഉ.വി.വ. തീയതി 22-5-2019]

[25, 29, 31 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 20-6-2019-ലെ യോഗം അംഗീകരിച്ചു. കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു].

<u>ശിപാർശ (ഖണ്ഡിക 44)</u>

2202-03-102-98—<u>കോഴിക്കോട് സർവ്വകലാശാല</u>

കോഴിക്കോട് സർവ്വകലാശാലയുടെ 2015-16-ലെ പദ്ധതികൾ പൂർണ്ണമായി നിർവ്വഹിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 8.25 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 9 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധികതുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 45)

2203-00-102-99—കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

ശമ്പളപരിഷ്കരണം നടപ്പിലാക്കിയതുമൂലമുണ്ടായ സാമ്പത്തിക ബാധ്യത, NACC അംഗീകാരത്തിന്റെ ഭാഗമായി ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ ഭാഗികമായി നികത്തുന്നതുമൂലം ഉണ്ടാകുന്ന ബാധ്യത എന്നിവ പരിഹരിക്കുന്നതിനും വരും വർഷങ്ങളിൽ അംഗീകൃത കോളേജുകൾ വേർപെട്ടുപോകുമ്പോൾ ആഭ്യന്തര വരുമാനത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയേതര ഇനത്തിൽ 7.56 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 46)

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് അക്കാദമിക പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും യു.ജി.സി. നിർദ്ദേശ പ്രകാരം ചുറ്റമതിൽ അടിയന്തരമായി നിർമ്മിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 47)

2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

NAAC-ന്റെ എ ഗ്രേഡ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളിൽ പുതിയ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും നാകിന്റെ നിർദ്ദേശ പ്രകാരം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.75 കോടി രൂപയും യു. ജി. സി. ശമ്പള പരിഷ്കരണം മൂലമുള്ള വേതന കുടിശ്ശിക ഉൾപ്പെടെയുള്ള പദ്ധതിയേതര ചെലവുകൾക്കായി 20.5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 48)

2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വിവിധ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 3.8 കോടി രൂപയും ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 17 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 49)

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

കണ്ണൂർ സർവ്വകലാശാലയിൽ നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകളിൽ ശമ്പളം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 50)

കണ്ണൂർ സർവ്വകലാശാലയുടെ വിവിധ ക്യാമ്പസുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ, 2015-16 വർഷത്തെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ, നിലവിലുള്ള പഠന/പഠന ഇതര വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധികതുക അനുവദിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ ബി1/371/2019/ഉ.വി.വ. തീയതി 12-12-2019]

[44-50 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക 4-2-2020-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 6-2-2020-ൽ സഭയിൽ സമർപ്പിച്ചു.]

ശിപാർശ (ഖണ്ഡിക 54)

2202-03-001-95—പ്രൊഫഷണൽ കോളേജുകളിൽ അധ്യിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷ കമ്മീഷണറേറ്റ്

വിവിധ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നതിന് പ്രവേശന പരീക്ഷ കമ്മീഷണറേറ്റിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 41.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അനുവദിച്ച തുകയുടെ വിനിയോഗം താഴെ ചേർക്കുന്നു.

| ശീർഷകം | ആവശ്യപ്പെട്ട തുക | അനുവദിച്ച തുക | വിനിയോഗം |
|---|---|---|---|
| 2202-03-001-95-05 ഓഫീസ് ചെലവുകൾ | 1,50,000 | 1,00,000 | 92,532 |
| 2202-03-001-95-15 രഹസ്യ സേവന ചെലവുകൾ | 40,00,000 | 20,00,000 | 20,00,000 |
| | 41,50,000 | 21,00,000 | 20,92,532 |

ടി തുകകൾക്ക് പുറമെ SDG മുഖേന 34 OC ശീർഷകത്തിൽ 15,00,000 രൂപ അധികം അനുവദിച്ചിരുന്നു. ടി തുകയും പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 55)

4202-02-105-99—കെട്ടിടങ്ങൾ

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ദേശീയ കൗൺസിൽ ക്യൂ.ഐ.പി. കേന്ദ്രമാക്കി അംഗീകരിച്ച തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന് അത്യാധുനിക ക്ലാസ് മുറികൾ, അത്യാവശ്യമായ ഹോസ്റ്റൽ സൗകര്യങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾക്കായി ഗ്രൗണ്ടുകൾ, ഇൻഡോർ സ്റ്റേഡിയം, ഫിറ്റ്നസ് സെന്റർ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമില്ല. എന്നാൽ ടി ശീർഷകത്തിന്റെ ചെലവ് 12 കോടി രൂപ അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനർവിനിയോഗം വഴി കണ്ടെത്തി.

ശിപാർശ (ഖണ്ഡിക 56)

കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിലെ എല്ലാ ബിരുദ കോഴ്സുകൾക്കും അക്രഡിറ്റേഷൻ ലഭിക്കേണ്ടതുള്ളതിനാൽ അത്യാധുനിക സൗകര്യങ്ങളുള്ള ക്ലാസ് മുറികൾ, ലബോറട്ടറികൾ, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കായി പശ്ചാത്തല സൗകര്യങ്ങൾ, ലൈബ്രറി കെട്ടിടം, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗത്തിനായി കെട്ടിടം എന്നീ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമില്ല. 2015-16 സാമ്പത്തിക വർഷം തുക ആവശ്യമായി വരാത്തതിനാൽ തുക അധികമായി കണ്ടെത്തേണ്ടി വന്നില്ല.

ശിപാർശ (ഖണ്ഡിക 58)

4202-02-105-96—മുൻ പദ്ധതി കാലയളവിൽ ആരംഭിച്ച പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ (ആർ. ഐ.ഡി. എഫ്.)

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമില്ല. എന്നാൽ ടി ശീർഷകത്തിന്റെ ചെലവ് 3.48 കോടിയാണ്. അധിക അധികാരപ്പെടുത്തൽ ഉത്തരവ് മുഖേന അധികം ആവശ്യം വന്ന തുക ധനപുനർവിനിയോഗം വഴി കണ്ടെത്തി.

[സർക്കാർ കത്ത് നമ്പർ ജി 2/255/17/ഉ.വി.വ. തീയതി 22-5-2019]

[54, 55, 56, 58 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 20-6-2019-ലെ യോഗം അംഗീകരിച്ചു. കാലതാമസപത്രിക 26-6-2019-ന് സഭയിൽ സമർപ്പിച്ചു].

<u>ശിപാർശ (ഖണ്ഡിക 61)</u>

നാഷണൽ യൂത്ത് ഡേ സെലിബ്രേഷൻ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സീനിയർ സെക്കന്ററി/ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി ഹ്യൂമൻ വാല്യു ക്ലബ്ബ് തുടങ്ങിയ യൂത്ത് അവയർനെസ് പരിപാടികളുടെ നടത്തിപ്പിനായി യൂത്ത് അവയർനെസ് പ്രോഗ്രാം എന്ന പുതിയ ശീർഷകം അനുവദിച്ച് 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 62)</u>

ആയോധന കലകളുടെ വികസനത്തിനായി 14 ജില്ലാ ആയോധന പരിശീലന കേന്ദ്രങ്ങൾക്കും കളരി അക്കാദമികളുടെ പ്രവർത്തനങ്ങൾക്കും ധനസഹായം അനുവദിക്കുന്നതിനും പരമ്പരാഗത കളരി സംഘങ്ങൾക്കും കളരി വിദ്യാർത്ഥികൾക്കും പ്രോത്സാഹനം നൽകുന്നതിനുമായി 2204-00-104-80—സെന്റർ ഫോർ മാർഷ്യൽ ആർട്സ് ആന്റ് റൂറൽ ആർട്സ് എന്ന ശീർഷകം പുനരുജ്ജീവിപ്പിച്ച് 14 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 63)</u>

2204-00-104-59—<u>പ്രത്യേക പദ്ധതി</u>

പ്ലേ ഫോർ ഹെൽത്ത്, സ്വിം ആന്റ് സർവൈവ്, ആർച്ചറി അക്കാദമി, ആസ്സ ഇൻട്രൊഡക്ടറി വോളിബോൾ പരിശീലന/അഭിരുചി നിർണ്ണയ പരിപാടി, ഇൻട്രൊഡക്ടറി ടെന്നീസ് ട്രെയിനിംഗ് പരിപാടി, കേരള സ്പോർട്സ് അച്ചീവ്മെന്റ് ഓഫ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ് എന്നീ പദ്ധതികൾക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായിക യുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 64)</u>

കായിക യുവജനകാര്യാലയത്തിന് 4 മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലുള്ള സാഹചര്യത്തിൽ കായിക യുവജന കാര്യാലയ വികസനം എന്ന പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മേഖല ഓഫീസുകൾ അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. 2015-16 സാമ്പത്തിക വർഷത്തിൽ പുതിയ ശീർഷകം/തുക അനുവദിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

<u>ശിപാർശ (ഖണ്ഡിക 65)</u>

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി കന്നംഭാഗം ഗവ.ഹയർ സെക്കന്ററി സ്കൂളിനോടനുബന്ധിച്ച് സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനായി പുതിയ ശീർഷകത്തിൽ 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 66)</u>

2204-00-101-93—<u>കേരള സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട്</u>

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്/നിർദ്ദിഷ്ട സ്പോർട്സ് കോളേജ് എന്നിവ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായിക യുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 67)</u>

2204-00-104-49—<u>കായികതാരങ്ങളുടെ പ്രോത്സാഹനവും മെച്ചപ്പെടുത്തലും - തൈക്കോണ്ട, ജൂഡോ, കരാട്ടെ മുതലായവ</u>

ആയോധന കലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

66,85,000 രൂപ 2204-00-104-59 സ്പെഷ്യൽ പ്രോജക്ട്സ് എന്ന ശീർഷകത്തിൽ നിന്നും പുനർവിന്യാസം മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 68)

പനമ്പള്ളി സ്മാരക ഗവൺമെന്റ് കോളേജിലെ സ്റ്റേഡിയത്തിൽ ഗ്യാലറിക്കും സിന്തറ്റിക് ഫ്ലോറിംഗിനും വേണ്ടി ചാലക്കുടി പനമ്പള്ളി സ്മാരക കോളേജിൽ സ്റ്റേഡിയം നിർമ്മാണം എന്ന പുതിയ ശീർഷകം അനുവദിച്ച് 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 69)

പേരാവൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പദ്ധതി പൂർത്തീകരണ ത്തിനായി 2204-00-104-62 എന്ന ശീർഷകം പുനരുജ്ജീവിപ്പിച്ച് പദ്ധതിയിനത്തിൽ 99 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

99,00,000 രൂപ 2204-00-104-45 സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് എന്ന ശീർഷകത്തിൽ നിന്നും പുനർവിന്യാസം മുഖാന്തരം അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 70)

പൂഞ്ഞാർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിനായി 2204-00-104-42- എന്ന ശീർഷകം പുനരുജ്ജീവിപ്പിച്ച് പദ്ധതി ഇനത്തിൽ 1.73 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 71)

2204-00-104-12—തലശ്ശേരിയിലെ സ്റ്റേഡിയം നവീകരണം

തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിൽ ബാസ്കറ്റ്ബോൾ കോർട്ട് നിർമ്മിക്കുന്നതിന് ഈ ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 72)

2204-00-104-90—സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്

സർക്കസ് പെൻഷൻ തുക വർദ്ധിപ്പിച്ചതിനാലും മുൻവർഷത്തെ കുടിശ്ശിക നൽകേണ്ടതിനാലും അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവ് ഉള്ളതിനാലും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.62 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

1,02,08,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 73)

2204-00-001-99—കായിക യുവജനകാര്യ ഡയറക്ടറേറ്റ്

കായിക യുവജനകാര്യ ഡയറക്ടറേറ്റിലെ വൈദ്യുതി ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക പര്യാപ്തമല്ലാത്തതിനാൽ അധിക തുകയ്ക്കായി പ്രൊപ്പോസൽ നൽകി. 4,00,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 74)

2204-00-001-99—കായിക യുവജനകാര്യ ഡയറക്ടറേറ്റ്

കായിക യുവജനകാര്യാലയത്തിന്റെ വെള്ളക്കരം നൽകിയിരുന്നത് ജിമ്മി ജോർജ്ജ് സ്റ്റേഡിയം ഫണ്ടിൽ നിന്നായിരുന്നതിനാൽ നിലവിൽ സ്റ്റേഡിയത്തിന് വരുമാനം

ഇല്ലാത്ത സാഹചര്യം പരിഗണിച്ച് വെള്ളക്കരം ഇനത്തിനായി പുതിയ ശീർഷകം അനുവദിച്ച് 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കായി കായികയുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 75)</u>

2204-00-104-77—<u>കായിക വിനോദ വൈദ്യസഹായ കേന്ദ്രം</u>

വനിതകളുടെ കായിക ആരോഗ്യ വികസനത്തിനായി ഹെൽത്ത് ആന്റ് ഫിസിക്കൽ ആക്ടിവിറ്റി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായിക യുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 76)</u>

രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന് ഒരു ആംബുലൻസ് വാങ്ങുന്നതിനായും പുതുതായി നിർമ്മിച്ച കെട്ടിടത്തിലെ വൈദ്യുതി ചെലവുകൾക്കായും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ യഥാക്രമം 12 ലക്ഷം രൂപയും 1 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ നൽകി, തുക അനുവദിച്ചില്ല.

<u>ശിപാർശ (ഖണ്ഡിക 77)</u>

രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിനായി പുതുതായി നിർമ്മിച്ച കെട്ടിടത്തിലെ വെള്ളക്കരം സംബന്ധിച്ച ചെലവുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 20,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കായിക യുവജനകാര്യാലയത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 78)

2204-00-104-24—35-ാം ദേശീയ ഗെയിംസ്

നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ ഓഡിറ്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനും കണക്കുകൾ തീർപ്പാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിലനിർത്തിയിട്ടുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 3.1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 79)

2204-00-104-97 —കേരള സ്പോർട്സ് കൗൺസിൽ

കേരള സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് ശമ്പളം, സർവ്വീസ് പെൻഷൻ എന്നിവ നൽകുവാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പദ്ധതിയേതര ഇനത്തിൽ 4,00,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 80)

2204-00-104-95—ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാനത്തുക

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് ഇൻസെന്റീവ് ക്യാഷ് അവാർഡ് നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബഡ്ജറ്റ് ശീർഷകത്തിൽ അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുകയ്ക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 84)

2204-00-104-61—മലപ്പുറം മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മാണം

മലപ്പുറം മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2,00,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 6-6-2018-ലെ എ 1/109/2018/കാ.യു.വ.]

(61-80, 84 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ 1-10-2019-ലെ യോഗം അംഗീകരിച്ചു.)

(കാലതാമസ പത്രിക 26-6-2019-ൽ സഭയിൽ സമർപ്പിച്ചു.)

**(v) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)**

(ഫയൽ നമ്പർ 3471/ സബ്.സി.ഇ 1/2014/നി.സെ.)

<u>ശിപാർശ (ഖണ്ഡിക 54)</u>

2202-03-102-98—<u>കോഴിക്കോട് സർവ്വകലാശാല</u>

കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ഡിപ്പാർട്ടുമെന്റുകളുടെ നവീകരണത്തിനായി പദ്ധതിയിനത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 350 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ ആവശ്യമായ തുക വകയിരുത്തിയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 55)</u>

ശമ്പളപരിഷ്കരണംമൂലം കോഴിക്കോട് സർവ്വകലാശാലയ്ക്കുണ്ടായ അധിക ബാദ്ധ്യത തീർക്കുന്നതിന് പദ്ധതിയേതര ഇനത്തിൽ 1522.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ ആവശ്യമായ തുക വകയിരുത്തിയതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 56)

2202-03-102-99—കേരള സർവ്വകലാശാല

കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ മുതൽ ജോയിന്റ് രജിസ്ട്രാർ വരെയുള്ള ഉദ്യോഗസ്ഥരുടെ ശമ്പളപരിഷ്കരണം, വർദ്ധിച്ചുവരുന്ന പെൻഷൻ ചെലവ്, സെക്രട്ടേറിയറ്റ് പാരിറ്റി എന്നിവ മൂലമുണ്ടായ അധിക ചെലവ് നിറവേറ്റുന്നതിന് ഈ ശീർഷകത്തിൽ പദ്ധതിയേതരം ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2575 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ ആവശ്യമായ തുക വകയിരുത്തിയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 57)

2202-03-102-93—ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് ശമ്പളവും അലവൻസുകളും നൽകുക. പി. എഫ്., പെൻഷൻ ഫണ്ട് തുടങ്ങിയവയിലേക്കുള്ള നിക്ഷേപം എന്നിവയ്ക്ക് പദ്ധതിയേതര ഇനമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1135.97 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ ആവശ്യമായ തുക വകയിരുത്തിയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 58)

2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം

കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ക്യാമ്പസുകളിൽ പുതുതായുള്ള നിർമ്മാണപ്രവർത്തനങ്ങൾ, നിർമ്മാണ പുരോഗതിയിലുള്ള പ്രോജക്ടുകൾ നിലവിലുള്ള പഠന വിഭവങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ, പുതുതായി പഠന വിഭാഗങ്ങൾ രൂപീകരിക്കൽ, ഗവേഷണ പദ്ധതികൾ, നിലവിലുള്ള പഠന ഇതര വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ, ഭൂമി ഏറ്റെടുക്കൽ, താവക്കരയിൽ നിലവിൽ ഏറ്റെടുത്ത ഭൂമിക്ക് കോടതി ഉത്തരവുപ്രകാരം പുതുക്കി നിശ്ചയിച്ച അധിക ഭൂമിവില നൽകൽ എന്നിവയ്ക്ക് ഈ ശീർഷകത്തിൽ പദ്ധതി ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 1460 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 290 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ ആവശ്യമായ തുക വകയിരുത്തിയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 59)</u>

2203-00-102-99—<u>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല [കുസാറ്റ്]</u>

ശമ്പളപരിഷ്കരണംമൂലം കുസാറ്റിന് ഉണ്ടായിട്ടുള്ള അധിക ബാദ്ധ്യത നികത്തുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനമായി 2500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ ആവശ്യമായ തുക വകയിരുത്തിയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

<u>ശിപാർശ (ഖണ്ഡിക 60)</u>

കുസാറ്റിന്റെ അടിസ്ഥാന സൗകര്യ പരിമിതികൾ പരിഹരിച്ച് അക്കാദമിക് പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന പദ്ധതിവിഹിതം അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നിലവിൽ ആവശ്യമായ തുക വകയിരുത്തിയതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

[സർക്കാർ കത്ത് നമ്പർ ബി1/426/2018/ഉ.വി.വ. തീയതി 14-2-2019]

[ഖണ്ഡികകൾ 54-60-ലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 8-5-2019-ലെ യോഗം അംഗീകരിച്ചു.]

[കാലതാമസപത്രിക 26-6-2019-ൽ സഭയിൽ സമർപ്പിച്ചു].

## അദ്ധ്യായം -VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

### (i) 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 6983/സബ്. സി. ഇ I/14/നി.സെ.)

#### ശിപാർശ (ഖണ്ഡിക 77)

സബ്ജില്ലാ കലോത്സവങ്ങളുടെ ചെലവ് വർഷംതോറും വർദ്ധിച്ചുവരുന്നതായും ഇതിനായി വിദ്യാർത്ഥികളിൽ നിന്നും പിരിക്കുന്ന തുകയും സർക്കാർ വിഹിതവും തികയാതെ വരുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സബ്ജില്ലാ കലോത്സവങ്ങൾക്കുള്ള സർക്കാർ വിഹിതം കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

2019-20 വർഷത്തെ സ്കൂൾ കലോത്സവത്തിനായി 2202-02-109-70 പ്ലാൻ ശീർഷകത്തിൽ 6,50,00,000 (ആറ് കോടി അൻപത് ലക്ഷം) രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുകയ്ക്ക് പുറമേ 9, 10, 11,12 ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ നിന്നും കലോത്സവ ഫണ്ട് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക സബ്ജില്ല, റവന്യൂ ജില്ല, സംസ്ഥാന കലോത്സവ നടത്തിപ്പിനായി വിനിയോഗിച്ച് വരുന്നു. ഇപ്പോൾ സർക്കാർ നൽകുന്ന വിഹിതവും, കലോത്സവ ഫണ്ടിനത്തിൽ സ്വരൂപിക്കുന്ന തുകയും കലോത്സവ നടത്തിപ്പിന് പര്യാപ്തമാണ്.

#### ശിപാർശ (ഖണ്ഡിക 78)

കലയിൽ വൈഭവമുള്ള നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ധനസഹായം എന്ന പദ്ധതിയിൽ നൃത്തനൃത്യങ്ങളോടൊപ്പം രചനാത്മകവും സർഗ്ഗാത്മകവുമായ കഴിവ് തെളിയിക്കുന്ന പ്രതിഭകളെക്കൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ, കലകളിൽ ശോഭിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് സർക്കാർ ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കുടുംബവാർഷിക വരുമാനം 75,000 രൂപയിൽ താഴെയുള്ളവർക്കാണ് ഈ സഹായം നൽകി വരുന്നത്. കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, മോഹിനിയാട്ടം,

കച്ചിപ്പുടി, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ പ്രതിഭ തെളിയിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ ആനുകൂല്യം നൽകിവരുന്നത്.

രചനാത്മകവും, സർഗ്ഗാത്മകവുമായ കഴിവ് തെളിയിക്കുന്ന പ്രതിഭകളെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക 81)</u>

സെക്കന്ററി വിദ്യാഭ്യാസതലത്തിൽ വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡത്തിൽ 16 വയസ്സിൽ വിവാഹം കഴിക്കാൻ പാടില്ല എന്ന് നിയമം ഉള്ളപ്പോൾ വിവാഹിതരാകാത്ത 16 വയസ്സിൽ താഴെയുള്ള എന്ന പരാമർശം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മാനവവിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ചാണ് നാഷണൽ സ്കീം ഫോർ ഇൻസെന്റീവ് ടു ഗേൾസ് ഫോർ സെക്കന്ററി എഡ്യൂക്കേഷൻ എന്ന പദ്ധതി നടപ്പിലാക്കുന്നത്. ടി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് 2016-17 വർഷം വരെ പുറത്തിറക്കിയിരുന്ന സർക്കുലറുകളിൽ 16 വയസ്സ് തികയാത്തവരും അവിവാഹിതരുമായ പെൺകുട്ടികൾക്കാണ് സ്കോളർഷിപ്പിന് അർഹത എന്ന് പരാമർശിച്ചിട്ടുണ്ട്. 2017-18 വർഷത്തിലുള്ള സർക്കുലറുകളിൽ അവിവാഹിതരായ എന്ന പരാമർശം ഒഴിവാക്കിയിട്ടുണ്ട്. 2017-18-ന് ശേഷം കേന്ദ്ര സർക്കാർ വിജ്ഞാപനമിറക്കാത്തതിനാൽ നിലവിൽ ഈ പദ്ധതി പ്രാബല്യത്തിലില്ല.

[സർക്കാർ കത്ത് നമ്പർ 11-12-2019-ലെ 4067076/എ2/19/പൊ.വി.വ.]

(77, 78, 81 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടിപത്രിക) (11-12-2019-ലെ യോഗം അംഗീകരിച്ചു.)

### (ii) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നം. 3958/സബ്.സി.ഇ 1/2015/നി.സെ.)

<u>ശിപാർശ (ഖണ്ഡിക നമ്പർ 11)</u>

ഹൈസ്കൂൾ തലത്തിൽ 40 കുട്ടികൾക്ക് വേണ്ടിയുള്ള ക്ലാസ്സ് മുറികളാണ് ഹയർ സെക്കന്ററിയിലും നിലവിലുള്ളത് എന്നതിനാൽ ഹയർ സെക്കന്ററി തലത്തിൽ 60 കുട്ടികൾ ഒരു ക്ലാസ് മുറിയിൽ പഠിക്കേണ്ടി വരുന്നതിനാൽ എല്ലാ സ്കൂളുകളിലും അനുയോജ്യമായ വലിപ്പത്തിലുള്ള ക്ലാസ് മുറികൾ നിർമ്മിക്കുകയോ അല്ലെങ്കിൽ ഒരു ക്ലാസ്സിലെ കുട്ടികളുടെ എണ്ണം 40 ആയി നിജപ്പെടുത്തുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഹയർ സെക്കന്ററിയിൽ ഒരു ബാച്ചിൽ 50 വിദ്യാർത്ഥികളെയാണ് അനുവദിച്ചിട്ടുള്ളത്. പരമാവധി വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി പഠനം സാധ്യമാക്കുന്നതിലേക്ക് താൽക്കാലികമായി അഡീഷണൽ സീറ്റ് അനുവദിക്കേണ്ടിവരുന്നതിനാൽ 60 മുതൽ 65 വിദ്യാർത്ഥികൾ വരെ ഒരു ബാച്ചിൽ പ്രവേശനം നേടുന്നുണ്ട്. ഹയർ സെക്കന്ററി ക്ലാസ് മുറികളുടെ നിലവിലെ വലിപ്പം 9 m x 6 m x 3.7 m ആണെന്ന സാഹചര്യത്തിൽ, ഇത്തരം ക്ലാസ് മുറികളിൽ 75 കുട്ടികൾക്ക് വരെ സൗകര്യപ്രദമായി പഠിക്കാനുള്ള സാഹചര്യമുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 12)</u>

സയൻസ് വിഷയങ്ങൾ ഉള്ള എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും സുസജ്ജമായ ലബോറട്ടറികൾ അനുവദിക്കണമെന്നും ലാബുകളുടെ അറ്റകുറ്റപ്പണികൾക്കും ഉപകരണങ്ങളും കെമിക്കലുകളും വാങ്ങുന്നതിനുമായി എല്ലാ വർഷവും നിശ്ചിത ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സയൻസ് വിഷയങ്ങൾ ഉള്ള എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും സുസജ്ജമായ ലബോറട്ടറികൾ നടന്നുവരുന്നുണ്ട്. ലാബുകൾ അറ്റകുറ്റപ്പണികൾക്കും ഉപകരണങ്ങളും കെമിക്കലും വാങ്ങുന്നതിനും വാർഷിക പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ചു വരുന്നുണ്ട്. കൂടാതെ സ്പെഷ്യൽ ഫീസിലെ പി.ഡി. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയും പി.റ്റി.എ. ഫണ്ടിലുമുള്ള തുകയും ഉപയോഗിക്കുന്നുണ്ട്.

<u>ശിപാർശ (ഖണ്ഡിക നമ്പർ 13)</u>

ലൈബ്രറികളും റീഡിംഗ് റൂമുകളും നിർബന്ധമായും ഏർപ്പെടുത്തണമെന്നും ലൈബ്രറിയിൽ റഫറൻസിനായി മതിയായ സൗകര്യമൊരുക്കണമെന്നും ലൈബ്രേറിയൻമാരെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പി.റ്റി.എ. ഫണ്ടിൽ നിന്നും ഓരോ വർഷവും ശേഖരിക്കുന്ന ഫണ്ടിൽ കുറഞ്ഞത് 15% സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങാൻ ഉപയോഗപ്പെടുത്താവുന്ന സാഹചര്യമുണ്ട്. ഡി.പി.ഐ./എച്ച്.എസ്.ഇ./ വി.എച്ച്.എസ്.ഇ. എന്നിവ സംയോജിപ്പിക്കാൻ തത്വത്തിൽ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ സംവിധാനം സംബന്ധിച്ച വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ. എം. എ. ഖാദർ അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ (ഖണ്ഡിക നമ്പർ 14)

കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റുകൾ നിർമ്മിക്കണമെന്നും പഴയ ടോയ്‌ലറ്റുകൾ പുതുക്കി പണിയണമെന്നും ആവശ്യമായ ക്ലീനിംഗ് സ്റ്റാഫിനെ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റുകൾ നിർമ്മിക്കണമെന്നും പഴയ ടോയ്‌ലറ്റുകൾ പുതുക്കി പണിയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനുമുള്ള നിർദ്ദേശം എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളിനും നൽകിയിട്ടുണ്ട്. ഡി.പി.ഐ./എച്ച്.എസ്.ഇ./വി.എച്ച്.എസ്.ഇ. എന്നിവ സംയോജിപ്പിക്കാൻ തത്വത്തിൽ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ മിനിയൽ സ്റ്റാഫിനെ നിയമിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥ സംവിധാനം സംബന്ധിച്ച വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോ.എം.എ. ഖാദർ അദ്ധ്യക്ഷനായ വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടോയ്‌ലറ്റ് പണിയാനും നന്നാക്കാനും വേണ്ട തുക 2020-21 ബഡ്ജറ്റിൽ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 15)

ജനറേറ്റർ സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകൾ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും നിർമ്മിക്കണമെന്നും കേടായ കമ്പ്യൂട്ടറുകൾ നന്നാക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജനറേറ്റർ സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകളും, കേടായ കമ്പ്യൂട്ടർ നന്നാക്കുന്നതിന് പി.റ്റി.എ. ഫണ്ടിൽ നിന്നും പി.ഡി. അക്കൗണ്ടുകളിൽ നിന്നും തുക വിനിയോഗിക്കാനുള്ള സാഹചര്യവും നിലവിലുണ്ട്. ഹൈടെക് ക്ലാസ്സ് മുറികൾ ഒരുക്കുന്നതിനും അത് മോണിറ്റർ ചെയ്യുന്നതിനും കൈറ്റിനെയാണ് (KITE) സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്.

ശിപാർശ (ഖണ്ഡിക 16)

വൻകിട കമ്പനികളുടെ കോമൺഗുഡ് ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

HUDCO, KFC എന്നീ സ്ഥാപനങ്ങൾ 75 ലക്ഷം, 10 ലക്ഷം എന്നിങ്ങനെ CSR ഫണ്ട് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 17)

ക്ലാസ്സ് മുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ, ടോയ്‌ലറ്റുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത ഹയർ സെക്കന്ററി സ്കൂളുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദമായ കണക്ക് ശേഖരിച്ച് നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ലിസ്റ്റ് തയ്യാറാക്കി അടുത്ത അധ്യയനവർഷം തീരുന്നതിന് മുമ്പ് എം.എൽ.എ.മാർക്ക് വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ക്ലാസ്സ് മുറികൾ, ലൈബ്രറികൾ, ലബോറട്ടറികൾ, ടോയ്‌ലറ്റുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത ഹയർ സെക്കന്ററി സ്കൂളുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദമായ കണക്ക് ശേഖരിക്കുവാൻ എല്ലാ ആർ.ഡി.ഡി.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 19)

കൗമാരക്കാരായ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് എല്ലാ സ്കൂളുകളിലും ചുറ്റുമതിൽ നിർമ്മിക്കണമെന്നും കലാ-കായിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ആഡിറ്റോറിയം, കളിസ്ഥലങ്ങൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മിഷനാണ് ടി നടപടികൾ സ്വീകരിക്കുന്നത്. ചുറ്റുമതിൽ നിർമ്മാണത്തിന് 2020-21 ബഡ്ജറ്റിൽ തുക പ്രൊപ്പോസ് ചെയ്തിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 20)

ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്ഥാപനതലത്തിൽ വാർഷിക വികസന പദ്ധതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും Academic/Infrastructure Plan കരട് രൂപീകരിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 28)

പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതി, പിന്നോക്ക പ്രദേശ വികസന പദ്ധതി എന്നിങ്ങനെ വിവിധ വകുപ്പുകളുടെ മൂലധന ചെലവിനത്തിൽ നിന്നും അർഹമായ വിഹിതം മേൽപ്പറഞ്ഞ പദ്ധതികളുടെ പരിധിയിൽ വരുന്ന ഹയർ സെക്കന്ററി സ്കൂളുകൾക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബന്ധപ്പെട്ട വകുപ്പുമായി ആശയവിനിമയം നടത്തി വരുന്നു.

[സർക്കാർ കത്ത് നമ്പർ: 10-12-2019-ലെ GEDN-SC3/138/2019-GEDN]

[11-17, 19, 20, 28 എന്നീ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ 11-12-2019-ലെ യോഗം അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ 31)

ഹയർ സെക്കന്ററി മേഖല ശാക്തീകരിക്കുന്നത് സംബന്ധിച്ച ലബ്ബ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ മുൻഗണന നിശ്ചയിച്ച് സമയബന്ധിതമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

| ക്രമ നമ്പർ | ലബ്ബ കമ്മിറ്റി ശിപാർശ | ശിപാർശയിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|
| 1 | 2 | 3 |
| 1 | ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 5 വർഷത്തിൽ അധികമായി നിലനിൽക്കുന്ന പാഠ്യപദ്ധതിയും, സിലബസ്സും പാഠ പുസ്തകങ്ങളും അടിയന്തരമായി എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പരിഷ്കരിക്കേണ്ടതാണ്. | ഹയർ സെക്കന്ററി പാഠ പുസ്തകങ്ങൾ, 2014-15 അധ്യയന വർഷം പ്ലസ് വൺ-ലും 2015-16 പ്ലസ് ടു-വിലും മാറ്റം വരുത്തിയിട്ടുണ്ട്. |
| 2 | ഹയർ സെക്കന്ററി സ്കൂളുകളിൽ ശനിയാഴ്ച ഒഴിവാക്കി ഒരാഴ്ചയിൽ അഞ്ച് പ്രവർത്തി ദിവസമായി പുനഃക്രമീകരിക്കേണ്ടതാണ്. | ഹയർ സെക്കന്ററി സ്കൂളുകളിൽ ശനിയാഴ്ച ഒഴിവാക്കി പ്രവൃത്തി ദിവസം അഞ്ച് ആക്കി പുനഃക്രമീകരിച്ചിട്ടുണ്ട്. |
| 3 | ഹയർ സെക്കന്ററി പരീക്ഷയിലെ മാറ്റം നടപ്പാക്കൽ- പ്ലസ് വൺ പൊതുപരീക്ഷ ഒഴിവാക്കി SCERT നേതൃത്വത്തിൽ ഏകീകൃതമായി തയ്യാറാക്കുന്ന ചോദ്യ പേപ്പറിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ക്ലാസ്സിലെ വാർഷിക പരീക്ഷ സ്കൂൾ തലത്തിൽ നടത്താവുന്നതാണ്. | പ്ലസ് വൺ പൊതുപരീക്ഷ ഇല്ലാതിരുന്ന കാലയളവിൽ ഒന്നാം വർഷ പാഠഭാഗങ്ങൾ പഠിപ്പിച്ച് തീർക്കുന്നില്ലായെന്നും എന്നാൽ, ഈ പാഠഭാഗങ്ങളിൽ നിന്നും പ്രവേശന പരീക്ഷകൾക്ക് ചോദ്യങ്ങൾ ഉണ്ടാകുകയും ചെയ്യുന്നത് വിദ്യാർത്ഥികൾക്ക് അവസര നിഷേധമായി ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിലാണ് 2009 മുതൽ ഒന്നാം വർഷ പൊതുപരീക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഈ |

| 1 | 2 | 3 |
|---|---|---|
| | | പരീക്ഷയിലെ 6 വിഷയങ്ങളിൽ ഏതെങ്കിലും മൂന്ന് വിഷയങ്ങൾക്ക് സ്കോർ മെച്ചപ്പെടുത്തുന്നതിനുള്ള ഇംപ്രൂവ്മെന്റ് പരീക്ഷയും നടത്തി വരുന്നു. ഹയർ സെക്കന്ററി പഠനം മെച്ചപ്പെടുത്തുന്നതിന് ഈ പരീക്ഷകൾ വളരെ സഹായകരമായതിനാൽ ഈ പരീക്ഷ ഒഴിവാക്കുന്നത് രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും എതിർപ്പിന് കാരണമാകാവുന്നതാണ്. |
| 4 | ഹയർ സെക്കന്ററി ക്ലാസ്സുകളിലെ കുട്ടികളുടെ ബാഹുല്യത്തിന് പരിഹാരം ഒരു ബാച്ചിൽ 50-ൽ കൂടുതൽ കുട്ടികളായാൽ പുതിയ ബാച്ചായി പരിഗണിക്കണം | സംസ്ഥാനത്തെ ഹയർ സെക്കന്ററി ബാച്ചുകളിലെ വിദ്യാർത്ഥികളുടെ പരമാവധി എണ്ണം 50 ആയിട്ടാണ് ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ കൂടുതൽ വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നതിനു വേണ്ടിയാണ് മാർജിനൽ സീറ്റ് വർദ്ധനവ് വഴി 50-ന് ഉപരിയായി സീറ്റുകൾ വർദ്ധിപ്പിക്കുന്നത്. ഇത് ഒരു താൽക്കാലിക സംവിധാനം മാത്രമാണ്. എന്നിരുന്നാലും വിദ്യാർത്ഥികളുടെ എണ്ണം ബാച്ചുകളിൽ കുറയ്ക്കുന്നതിലേയ്ക്ക് വേണ്ടി പുതിയ ഹയർ സെക്കന്ററി സ്കൂളുകളും അഡീഷണൽ ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. |
| 5 | ഉത്തരക്കടലാസിന്റെ ഇരട്ടമൂല്യ നിർണ്ണയ രീതി പുനഃക്രമീകരിക്കൽ- എല്ലാ വിഷയങ്ങൾക്കും ഇരട്ടമൂല്യ നിർണ്ണയം നടത്തുന്നത് | ഫിസിക്സ്, കെമിസ്ട്രി, മാത്സ് വിഷയങ്ങളുടെ മാർക്കുകൾ എൻട്രൻസ് പരീക്ഷയ്ക്ക് പരിഗണിക്കുന്നതിനാൽ പുനർ മൂല്യനിർണ്ണയം മുഖേന മാർക്കുകളിൽ വ്യത്യാസം ഉണ്ടാകുകയും അത് റാങ്കിലെ മാറ്റങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നതിനാൽ പുനർമൂല്യ നിർണ്ണയം ഒഴിവാക്കുന്നതിനു വേണ്ടിയാണ് ടി വിഷയങ്ങൾ ഇരട്ട മൂല്യനിർണ്ണയം ഏർപ്പെടുത്തിയിട്ടുള്ളത്. മറ്റ് വിഷയങ്ങൾക്കൂടി ഇരട്ടമൂല്യ നിർണ്ണയം ഏർപ്പെടുത്തിയാൽ മൂല്യനിർണ്ണയം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരികയും ഫലപ്രഖ്യാപനം വൈകുന്നതിന് കാരണമാകുന്നതുമാണ്. |

| 1 | 2 | 3 |
|---|---|---|
| 6 | അക്കാദമിക് പ്രവർത്തനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തൽ - ഗ്രേഡിംഗ് നൽകുന്നത് - സംബന്ധിച്ച് | അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു. നിരന്തര മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ഗ്രേഡിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടില്ല. |
| 7 | ഹയർ സെക്കന്ററി പ്രിൻസിപ്പാളിന്റെ അദ്ധ്യാപന ജോലി ലഘൂകരിക്കൽ - പ്രിൻസിപ്പാൾമാരെ അദ്ധ്യാപന ജോലിയിൽ നിന്ന് ഒഴിവാക്കൽ | പ്രിൻസിപ്പാൾമാരെ അദ്ധ്യാപന ജോലിയിൽ നിന്ന് ഒഴിവാക്കുന്ന പക്ഷം അത്രയും അധിക തസ്തിക സൃഷ്ടിക്കേണ്ടി വരുന്നതിനാൽ സർക്കാറിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ കൂടുതൽ പരിശോധന ആവശ്യമാണ്. |
| 8 | വിവരസാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരിശീലനം നൽകൽ | ഐ.ടി.@സ്കൂൾ സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് , വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അദ്ധ്യാപകർക്ക് വിവരസാങ്കേതിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നുണ്ട്. |
| 9 | ഹയർ സെക്കന്ററി തലത്തിൽ കായിക/ആരോഗ്യ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതാണ് | ഹയർ സെക്കന്ററി സ്കൂളുകളിൽ 2 പിരീഡ് കായിക പരിശീലനത്തിനായി നൽകുന്നുണ്ട്. ടി പിരീഡ് കൈകാര്യം ചെയ്യുന്നത് അതാത് ഹൈസ്കൂളിലെ കായിക അദ്ധ്യാപകരാണ്. ടി അദ്ധ്യാപകർക്ക് 300 രൂപ മാസം അലവൻസ് നൽകുന്നുണ്ട്. |
| 10 | ഹയർ സെക്കന്ററി തലത്തിൽ കലാവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിന് പ്രത്യേക അദ്ധ്യാപകരെ നിയോഗിച്ച് കലാപഠനത്തിനും പരിശീലനത്തിനും ഊന്നൽ നൽകേണ്ടതാണ് | ഹയർ സെക്കന്ററി തലത്തിൽ കലാവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നുണ്ട്. കേരള കലാമണ്ഡലത്തിൽ കലാവിദ്യാഭ്യാസത്തിനായി ഹയർ സെക്കന്ററി ബാച്ച് പ്രവർത്തിക്കുന്നുണ്ട്. കലാവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിന് കലാക്ഷേത്രം പ്രവർത്തിച്ചിരുന്നു. മാത്രമല്ല, മ്യൂസിക് ഓപ്ഷണലായിട്ടുള്ള ബാച്ചുകളും ഹയർ സെക്കന്ററിയിൽ ഉണ്ട്. |
| 11 | ഉയർന്ന ബിരുദം കൈവരിക്കുന്ന അദ്ധ്യാപകർക്ക് പ്രത്യേക ഇൻക്രിമെന്റ് നൽകൽ - PhD ഉള്ളവർക്ക് 2 ഇൻക്രിമെന്റ് അധികം നൽകുന്നത് | നിലവിൽ അതത് വിഷയത്തിൽ PhD ഉള്ള അദ്ധ്യാപകർക്ക് 500 രൂപ നൽകുന്നുണ്ട്. |

| | | |
|---|---|---|
| 12 | രക്ഷകർത്താക്കൾക്കും കുട്ടികൾക്കും കരിയർ ഗൈഡൻസ് ഏർപ്പെടുത്തൽ | വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിനും, ഉന്നത തൊഴിൽ സാധ്യതയുമായി കരിയർ ഗൈഡൻസ് വിഭാഗത്തിൽ നിന്ന് സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചിലെ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നുണ്ട്. 2017-18 അദ്ധ്യയന വർഷം മുതൽ ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി 'റോൾ ഓഫ് പാരന്റ് ഇൻ കരിയർ പ്ലാൻ' എന്ന പദ്ധതി നടപ്പാക്കുവാൻ എല്ലാ ഹയർ സെക്കന്ററി സ്കൂളിലെയും കരിയർ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 13 | മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിനായി പ്രത്യേകം മേഖലകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തൽ | മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് പാഠ്യപദ്ധതി രൂപീകരിച്ചിട്ടുള്ളത്. |
| 14 | ഹയർ സെക്കന്ററിയിൽ കൂടുതൽ മേഖലാ ഓഫീസുകൾ അനുവദിക്കൽ | ഹയർ സെക്കന്ററി മേഖലാ ആഫീസുകളുടെ എണ്ണം 3-ൽ നിന്നും 7 ആയി ഉയർത്തിയിട്ടുണ്ട്. |
| 15 | ഹയർ സെക്കന്ററി സ്കൂളിന് ഓരോ ക്ലാർക്ക്/പ്യൂൺ തസ്തിക അനുവദിക്കൽ | ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്കിന്റെയും പ്യൂണിന്റെയും ജോലികൾ ചെയ്യുവാൻ നിലവിൽ ഹൈസ്കൂൾ വിഭാഗത്തിലുള്ള ക്ലാർക്ക്/ പ്യൂൺ എന്നിവർക്ക് നിർദ്ദേശം ഉണ്ട്. ടി ചുമതല നിർവ്വഹിക്കുന്നവർക്ക് അഡീഷണൽ അലവൻസും നൽകുന്നുണ്ട്. ഹയർ സെക്കന്ററിയിൽ ക്ലാർക്ക്/പ്യൂൺ തസ്തിക അനുവദിക്കുന്ന വിഷയം ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി/പൊതുവിദ്യാഭ്യാസ വകുപ്പുകളുടെ ഏകീകരണത്തിനും ശേഷവും അവയുടെ പ്രസക്തി നിലനിൽക്കുന്നുവെങ്കിൽ അപ്പോൾ പരിശോധിക്കുന്നതാണ്. |

| | | |
|---|---|---|
| 16 | ഹയർ സെക്കന്ററി ജൂനിയർ പ്രമോഷൻ നൽകുന്നത് സംബന്ധിച്ച് 5 വർഷം പൂർത്തിയാക്കിയ ജൂനിയർ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.ടി. തസ്തിക നൽകുന്നത്. | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| 17 | ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് സ്ഥിരം ബിൽഡിംഗ് ഏർപ്പെടുത്തൽ | 11-7-2017-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2290/2017/പൊ.വി.വ. പ്രകാരം ഡി.പി.ഐ.യിലെ എഡ്യുക്കേഷൻ കോംപ്ലക്സിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിന് സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ നിർമ്മാണം നടന്നു വരുന്നു. |
| 18 | മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിലെ സ്കൂളുകൾക്ക് പ്രസ്തുത ലോക്കൽ ബോഡി സഹായം കിട്ടുന്നതിനുള്ള നടപടി | മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിലെ സ്കൂളുകൾക്ക് മെയിന്റനൻസിന് ആവശ്യമായ തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നാണ് നൽകുന്നത്. |
| 19 | എയ്ഡഡ് സ്കൂളിൽ സ്പെഷ്യൽ ഫീസ് - PD Account തുക പിൻവലിച്ച് ഉപയോഗിക്കുന്നതിനുള്ള നടപടികൾ | 4-8-2016-ലെ ജി.ഒ.(ആർ.ടി.) നമ്പർ 2527/2016/പൊ.വി.വ. 29-3-2017-ലെ ജി.ഒ.(ആർ.ടി.) നമ്പർ 884/2017/ പൊ.വി.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ PD Account തുക പിൻവലിച്ച് അതത് സ്കൂളുകളിലെ ആവശ്യം നിറവേറ്റുവാനായി നിർദ്ദേശം നൽകിയിട്ടുണ്ട്. PD Account-ലെ സ്പെഷ്യൽ ഫീ ഇനത്തിൽ ഒടുക്കുന്ന തുകകൾ സ്കൂളിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മാത്രമേ വിനിയോഗിക്കാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| 20 | പുതിയ കോഴ്സുകളും ബാച്ചുകളും അനുവദിക്കുന്നത് സംബന്ധിച്ച് | 2014-15, 2015-16 അദ്ധ്യയന വർഷം 254 പുതിയ ഹയർ സെക്കന്ററി സ്കൂളുകളും 189 അഡീഷണൽ ബാച്ചുകളും അനുവദിച്ചിട്ടുണ്ട്. |

ശിപാർശ (ഖണ്ഡിക നമ്പർ 34)

വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും സാമൂഹ്യാവബോധവും ഉണ്ടാക്കിയെടുക്കുന്നതിനാവശ്യമായ പഠനാനുബന്ധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ കരിയർ ഗൈഡൻസ് വിഭാഗവും സൗഹൃദ ക്ലബ്ബുകളും രൂപീകരിച്ച് പഠനാനുബന്ധ പരിപാടികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും സാമൂഹ്യബോധവും ഉണ്ടാക്കുന്നതിനുള്ള നടപടികൾ കൂടി ഈ സമിതികൾ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ 5-3-2019-ലെ 45928/യു3/15/പൊ.വി.വ.]

[20-6-2019-ലെ യോഗം അംഗീകരിച്ചു.]

**III സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം-റിപ്പോർട്ട് - തുടർനടപടി സംബന്ധിച്ച്**

(ഫയൽ നമ്പർ 3187/സബ്.സി.ഇ 1/2018/നി.സെ.)

ശിപാർശ (ഖണ്ഡിക 1)

ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ആദിവാസി മേഖലകളിൽ സംഘടിപ്പിക്കുന്നതിനും, പ്രസ്തുത പരിപാടിയിൽ ഈ കുട്ടരുടെ മുഴുവൻ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ആശാപ്രവർത്തകർ എന്നിവർ സംയുക്തമായി പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആദിവാസി മേഖലകളിലെ കുട്ടികൾക്കിടയിലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പരിപാടികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ നടത്തി വരുന്നുണ്ട്. ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചുവരുന്നുണ്ട്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് ഈ വിഷയം സംബന്ധിച്ച് ഒരു ഹ്രസ്വചിത്രം നിർമ്മിച്ച് പ്രചാരണം നടത്തിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ ഇ 2/209/2018/സാ.നീ.വ. തീയതി 9-5-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക 2)</u>

വിദ്യാലയങ്ങൾക്ക് അടുത്ത് സ്ഥിതിചെയ്യുന്ന കടകളിൽ പോലീസ്, എക്സൈസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തണമെന്നും കൂടാതെ സ്കൂൾ പരിസരത്തിനടുത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദൂരപരിധി 100 മീറ്ററിൽ നിന്നും 500 മീറ്റർ ആയി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിദ്യാലയങ്ങളുടെ പരിസരങ്ങൾ ലഹരി വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ, വിദ്യാലയങ്ങളുടെ സമീപത്തെ കടകളിൽ പോലീസ് മിന്നൽ പരിശോധന നടത്തി വരുന്നുണ്ട്. ലഹരി ഉത്പന്നങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നിയമ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. സ്കൂൾ പരിസരത്തിനടുത്ത് പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദൂരപരിധി 100 മീറ്ററിൽ നിന്നും 500 മീറ്റർ ആയി വർദ്ധിപ്പിക്കുന്ന കാര്യം എക്സൈസ് വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

[സർക്കാർ കത്ത് നമ്പർ ആഭ്യന്തര/എസ്.എസ്.എ 1/181/2018/ആഭ്യന്തരം തീയതി 27-5-2019]

[20-6-2019-ലെ യോഗം പരിഗണിക്കുകയും എക്സൈസ് വകുപ്പിൽ നിന്നും അധികവിവരം ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു]

<u>സ്വീകരിച്ച നടപടി</u>

വിദ്യാലയങ്ങൾക്ക് സമീപം പ്രവർത്തിക്കുന്ന കടകളിൽ ലഹരി പദാർത്ഥങ്ങൾ ഒന്നും വില്പന നടത്തുന്നില്ല എന്ന് ഉറപ്പുവരുത്താനായി എക്സൈസ് വകുപ്പിലെ ഷാഡോ എക്സൈസ് സംവിധാനവും ഇന്റലിജൻസ് സംവിധാനവും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് പരിശോധനകൾ നടത്തുന്നുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക 4)</u>

ഓരോ കുട്ടിയും ഒരു വ്യക്തിയാണെന്നു മനസ്സിലാക്കി അവരുടെ കഴിവുകളും കുറവുകളും മനസ്സിലാക്കുവാൻ പ്രാപ്തനായിരിക്കണം ഒരു അദ്ധ്യാപകൻ, എങ്കിൽ മാത്രമേ സുദൃഢമായൊരു അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം വളർത്തിയെടുക്കുവാൻ ഒരദ്ധ്യാപകന് സാധിക്കുകയുള്ളൂ. ആയതിനാൽ അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം സുദൃഢമാക്കാൻ കൃത്യമായ ഇടവേളകളിൽ അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൺ (ഒ. ആർ. സി.) പദ്ധതി നടപ്പിലാക്കി വരുന്ന മുഴുവൻ സ്കൂളുകളിലേയും 12317 ഓളം അദ്ധ്യാപകരെ പരിശീലിപ്പിച്ചു. തുടർന്ന് ഈ അദ്ധ്യയന വർഷം കുട്ടികളിലെ വിവിധ വെല്ലുവിളികൾ സ്കൂൾ തലത്തിൽ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള വീഡിയോ മോഡ്യൂളുകൾ അടിസ്ഥാനപ്പെടുത്തി തുടർ പരിശീലനവും നടപ്പിലാക്കിവരുന്നു. അതോടൊപ്പം എസ്. ഇ.ആർ.ടി.-യുടെ ക്ലസ്റ്റർതല പരിശീലന പരിപാടികളിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകി.

[സർക്കാർ കത്ത് നമ്പർ ഇ 2/209/2018/സാ.നീ.വ. തീയതി 9-5-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 5)

ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുമ്പോൾ 100% രക്ഷിതാക്കളുടെ സാന്നിദ്ധ്യം, വിശേഷിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ രക്ഷിതാക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന് കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുൻകൈയെടുക്കണമെന്നും ബോധവൽക്കരണ ക്ലാസ്സുകളുടെ തുടർപ്രവർത്തനവും കൂടി നിരീക്ഷിക്കുന്നതിനും സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഒ.ആർ. സി. പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ സംഘടിപ്പിച്ച രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടികളിൽ നൂറ് ശതമാനം രക്ഷിതാക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ സാധിച്ചു. ഇതുകൂടാതെ കുട്ടികളുടെ വിവിധ പ്രശ്നങ്ങളിൽ നേതൃത്വപരമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്ന ഓ. ആർ. സി. നോഡൽ ടീച്ചറെ പി. ടി. എ. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് [സ.ഉ.(കൈ.) നമ്പർ 17/2018 പൊ.വി.വ. തീയതി 19-2-2018]പുറപ്പെടുവിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ ഇ 2/209/2018/സാ.നീ.വ. തീയതി 9-5-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു]

സ്വീകരിച്ച നടപടി

ബോധവൽക്കരണ പ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നതിനായി പി.റ്റി.എ.-യും അദ്ധ്യാപകരും ഉൾപ്പെട്ട മീറ്റിംഗുകൾ വിളിച്ചു കൂട്ടുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ആയതിനുള്ള തുക അനുവദിച്ചു നല്കിയിട്ടുള്ളതുമാണ്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

<u>സ്വീകരിച്ച നടപടി</u>

എല്ലാ ജില്ലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന സാഹചര്യത്തിൽ, കുടുംബശ്രീ വനിതകളായ രക്ഷിതാക്കളുടെ 100% പങ്കാളിത്തം ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം മുഴുവൻ സി.ഡി.എസ്സുകൾക്കും നൽകുന്നതിന് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാലസഭാ പ്രവർത്തനങ്ങളിൽ കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ എല്ലാ വർഷവും ഉൾക്കൊള്ളിക്കുകയും, ഇതിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും അതിന്റെ പരിണിത ഫലങ്ങളും ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. 2019-20 വർഷം ഹോളിസ്റ്റിക് ഹെൽത്ത് പ്രോഗ്രാം എന്ന പ്രവർത്തനത്തിൽ ടി ആശയം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ ഐ. എ 1/37/2019/ത.സ്വ.ഭ.വ. തീയതി 2-7-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക 6)</u>

ലഹരി വസ്തുക്കളുടെ കൈമാറ്റം ഏറ്റവും അധികം നടക്കുന്ന രാവിലെ, ഉച്ച, വൈകുന്നേരം എന്നീ സമയങ്ങളിൽ സ്കൂൾ പരിസരങ്ങളിൽ സംശയാസ്പദമായ സാഹചര്യങ്ങളിൽ കറങ്ങി നടക്കുന്നവരെ നിരീക്ഷിക്കുന്നതിനും പിടികൂടുന്നതിനും ലഹരി വസ്തുക്കളുടെ കൈമാറ്റം തടയുന്നതിനുമായി യൂണിഫോമിലുള്ള പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരെ ഈ സമയങ്ങളിൽ സ്കൂൾ പരിസരത്ത് പട്രോളിംഗിന് നിയോഗിക്കുന്നതിന് പുറമെ പി. ടി. എ./സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എന്നിവയിൽപ്പെട്ടവരിൽ ആരെയെങ്കിലും സ്കൂൾ പരിസരത്ത് നിയോഗിക്കുന്നതും ഉചിതമായിരിക്കുമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്കൂൾ പ്രവർത്തി സമയങ്ങളിൽ ലഹരി വസ്തുക്കൾ കൈമാറ്റം ചെയ്യാതിരിക്കുന്നതിനായി യൂണിഫോമിലുള്ള പോലീസ് ഉദ്യോഗസ്ഥരെ സ്കൂൾ പരിസരങ്ങളിൽ പട്രോളിങ്ങിനായി നിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പ്രോജക്ടുമായി ബന്ധപ്പെട്ട് എല്ലാ സ്കൂൾ/കോളേജുകളിലും 'ലഹരി വിരുദ്ധ കാവൽക്കാർ' എന്ന പേരിലും കടലോര പ്രദേശങ്ങളിലെ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിന് 'ലഹരി വിരുദ്ധ കാവൽക്കൂട്ടം' എന്ന പേരിലും പരിശീലനം ലഭിച്ച വോളന്റിയർമാരെ വിന്യസിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്കൂൾ പരിസരത്തെ ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമായി ചേർന്നുകൊണ്ട് പ്രവർത്തിക്കുന്നതിന് ഓരോ സ്കൂളിലും ഓരോ

പോലീസ് ഉദ്യോഗസ്ഥനെ നിയോഗിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി 19-3-2019-ലെ D4/41528/2019/PHQ കത്തുപ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുള്ളതുമാണ്.

[സർക്കാർ കത്ത് നമ്പർ ആഭ്യന്തരം/എസ്.എസ്.എ 1/181/2018/ആഭ്യന്തരം തീയതി 27-5-2019]

[20-6-2019-ലെ യോഗം അംഗീകരിച്ചു]

സ്വീകരിച്ച നടപടി

ഒ. ആർ. സി. പദ്ധതി നടപ്പിലാക്കി വരുന്ന 304 സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

[സർക്കാർ കത്ത് നമ്പർ ഇ 2/209/2018/സാ.നീ.വ. തീയതി 9-5-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു]

സ്വീകരിച്ച നടപടി

വിദ്യാലയങ്ങളുടെ പരിസരങ്ങളിൽ നിരീക്ഷണത്തിന് എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 7)

സ്കൂൾ/കോളേജ് എന്നിവിടങ്ങളിൽ കലാകായികോത്സവങ്ങൾ നടക്കുന്ന സന്ദർഭങ്ങളിൽ മഫ്റ്റിയിലുള്ള പോലീസ്/എക്സൈസ് ഉദ്യോഗസ്ഥരുടെ സേവനം സ്കൂൾ/കോളേജുകളിൽ നിർബന്ധമാക്കണമെന്നും എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കോളേജ് ഹോസ്റ്റലുകളിൽ അപ്രതീക്ഷിത പരിശോധന നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ്കൂൾ/കോളേജ് എന്നിവിടങ്ങളിൽ കലാകായികോത്സവങ്ങൾ നടക്കുന്ന സന്ദർഭങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനാധികാരികളുടെ ആവശ്യപ്രകാരം പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതാണ്.

[സർക്കാർ കത്ത് നമ്പർ ആഭ്യന്തരം/എസ്.എസ്.എ 1/181/2018/ആഭ്യന്തരം തീയതി 27-5-2019]

[20-6-2019-ലെ യോഗം അംഗീകരിച്ചു]

സ്വീകരിച്ച നടപടി

സ്കൂൾ കലാകായികമേളകളും മറ്റും നടക്കുമ്പോൾ മഫ്റ്റിയിലുള്ള ഷാഡോ എക്സൈസ് ഉദ്യോഗസ്ഥരെയും ഇന്റലിജൻസ് വിഭാഗത്തെയും അതത് ഫീൽഡ് ഓഫീസിലെ ജീവനക്കാരെയും ഡ്യൂട്ടിക്കായി നിയോഗിക്കുന്നുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 8)

മാനസിക പിരിമുറക്കം അനുഭവിക്കുന്ന കുട്ടികൾക്ക് അത്താണിയായി സ്കൂളുകളിൽ ആവശ്യത്തിന് കൗൺസിലർമാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആകെ 1012 സ്കൂളുകളിൽ കൗൺസിലർമാരെ നിയമിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. നിലവിൽ 666 സ്കൂൾ കൗൺസിലർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്. കൂടാതെ 346 സ്കൂൾ കൗൺസിലർമാരെ കൂടി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

[സർക്കാർ കത്ത് നമ്പർ ഇ 2/209/2018/സാ.നീ.വ. തീയതി 9-5-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 10)

പഠനവൈകല്യമുള്ള കുട്ടികളുടെ പ്രയാസങ്ങൾ മനസ്സിലാക്കി അവരെ കൂടി മുഖ്യധാരയിലെത്തിക്കുന്നതിന് സ്കൂൾ തലത്തിൽ നടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഒ. ആർ. സി. പദ്ധതി നടപ്പിലാക്കുന്ന 304 സ്കൂളുകളിലും ഇത്തരം കുട്ടികൾ നേരിടുന്ന വെല്ലുവിളികൾ കണ്ടെത്തുന്നതിന് 'വിദ്യാർത്ഥിയെ അറിയാൻ കാർഡ് ' നൽകുകയും മുഴുവൻ അദ്ധ്യാപകർക്കും ഇതുമായി ബന്ധപ്പെട്ട പരിശീലനം നൽകുകയും ചെയ്തു. നിലവിൽ പഠന വൈകല്യമുള്ളതായി കണ്ടെത്തിയിട്ടുള്ള കുട്ടികൾക്ക് ഒ. ആർ. സി. പദ്ധതിയിലൂടെ വിദഗ്ദ്ധ പരിചരണം നൽകി വരുന്നു.

[സർക്കാർ കത്ത് നമ്പർ ഇ 2/209/2018/സാ.നീ.വ. തീയതി 9-5-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 11)</u>

മദ്യം, മയക്കമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ച് ഒന്നാം ക്ലാസ്സുമുതലുള്ള പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടൊപ്പം ഇതിനെതിരെയുള്ള ബോധവൽക്കരണം രക്ഷകർത്താക്കൾക്കും കൂടി നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മദ്യം, മയക്കമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെ കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള വിവിധ ബോധവത്ക്കരണ പരിപാടികൾ സ്കൂൾ തലത്തിൽ സംഘടിപ്പിച്ചുവരുന്നു. അന്തർദേശീയ ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് മുഴുവൻ ഒ. ആർ. സി. സ്കൂളുകളിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

[സർക്കാർ കത്ത് നമ്പർ ഇ 2/209/2018/സാ.നീ.വ. തീയതി 9-5-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു]

<u>സ്വീകരിച്ച നടപടി</u>

മദ്യം, മയക്കമരുന്ന് എന്നിവയുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനായി ടി വിഷയം ഒന്നാം ക്ലാസ് മുതലുള്ള പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 12)</u>

സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിമുക്തി മിഷന്റെ ഭാഗമായി സ്കൂൾ കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

നിലവിൽ സ്കൂൾ തലത്തിൽ 2761 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കൂടുതൽ വിദ്യാലയങ്ങളിൽ പ്രസ്തുത ക്ലബ്ബുകൾ തുടങ്ങാനുള്ള നിർദ്ദേശം എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 15)

വിദ്യാർത്ഥികൾ മയക്കമരുന്നുമായി പിടിക്കപ്പെട്ടാൽ അവർക്കെതിരെയും അവർ ഉപയോഗിച്ച വാഹനത്തിന്റെ ഉടമയ്ക്കെതിരെയും വാഹനം ഓടിച്ചുന്ന ആളിനെതിരെയും നിയമനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മയക്കമരുന്ന് വിൽപന/കടത്തു/ഉപയോഗം എന്നിവയുമായി വിദ്യാർത്ഥികൾ പിടിയിലാകുന്ന കേസുകളിൽ വിദ്യാർത്ഥികൾ ഉപയോഗിച്ച വാഹനത്തിന്റെ ഉടമയ്ക്കെതിരെയും, വാഹനം ഓടിക്കുന്ന ആൾക്കെതിരെയും ശക്തമായ നിയമ നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നുണ്ട്.

[സർക്കാർ കത്ത് നമ്പർ ആഭ്യന്തരം/എസ്.എസ്.എ 1/181/2018/ആഭ്യന്തരം തീയതി 27-5-2019]

[20-6-2019-ലെ യോഗം അംഗീകരിച്ചു]

സ്വീകരിച്ച നടപടി

മയക്കമരുന്നുമായി പിടിക്കപ്പെടുന്ന വ്യക്തികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വാഹന ഉടമയ്ക്കെതിരെയും വാഹനം ഓടിച്ചിരുന്ന വർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കുകയും വാഹനം സർക്കാരിലേക്ക് കണ്ടുകെട്ടുകയുമാണ് ചെയ്യുന്നത്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

ശിപാർശ (ഖണ്ഡിക 16)

മയക്കമരുന്നുമായി പിടിക്കപ്പെടുന്ന വ്യക്തി ഏത് പ്രായത്തിലായാലും അത് എത്ര അളവിലായിരുന്നാലും ലഭിക്കുന്ന ശിക്ഷയുടെ കാലാവധിയും പിഴ തുകയിലും കാര്യമായ വർദ്ധനവ് വരുത്തുന്ന രീതിയിൽ നിയമം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മയക്കമരുന്നുമായി പിടിക്കപ്പെടുന്ന വ്യക്തിക്ക് ലഭിക്കുന്ന ശിക്ഷയുടെ കാലാവധിയും പിഴ തുകയും വർദ്ധനവ് വരുത്തുവാനായി നിയമം, ചട്ടങ്ങൾ എന്നിവയുടെ ഭേദഗതിയുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് നികുതി വകുപ്പാണ്.

[സർക്കാർ കത്ത് നമ്പർ ആഭ്യന്തരം/എസ്.എസ്.എ 1/181/2018/ആഭ്യന്തരം തീയതി 27-5-2019]

[20-6-2019-ലെ യോഗം അംഗീകരിച്ചു]

<u>സ്വീകരിച്ച നടപടി</u>

മയക്കമരുന്നുമായി ബന്ധപ്പെട്ട എൻ. ഡി. പി. എസ്. ആക്ട് ഒരു കേന്ദ്ര നിയമമായതിനാൽ മേൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 17)</u>

കുട്ടികൾക്ക് മയക്കമരുന്ന് നൽകുന്നതുമായി ബന്ധപ്പെട്ട കേസുകളിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം നൽകുന്ന 7 വർഷത്തെ തടവുശിക്ഷ നടപ്പിലാക്കുന്നതിന് എക്സൈസ് വകുപ്പിനെ കൂടി അധികാരപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശിപാർശയിന്മേൽ അനുമതി നൽകുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 19)</u>

സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെടുന്നവരെ കേന്ദ്രീകരിച്ച് ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ പോലീസ്/എക്സൈസ് വകുപ്പുകളുടെ നേതൃത്വത്തിൽ പരിശോധന നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ സംശയാസ്പദമായി കണ്ടുവരുന്നവരെ കേന്ദ്രീകരിച്ച് പോലീസ് പരിശോധന നടത്തി വരുന്നുണ്ട്.

[സർക്കാർ കത്ത് നമ്പർ ആഭ്യന്തരം/എസ്.എസ്.എ 1/181/2018/ആഭ്യന്തരം തീയതി 27-5-2019]

[20-6-2019-ലെ യോഗം അംഗീകരിച്ചു.]

<u>സ്വീകരിച്ച നടപടി</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക 20)</u>

കഫ് സിറപ്പുകൾ, വേദന സംഹാരികൾ, മനോരോഗ ചികിത്സയ്ക്കുള്ള ഔഷധങ്ങൾ എന്നിവ നിയമം അനുശാസിക്കുന്ന രീതിയിലും അളവിലുമാണ് മെഡിക്കൽ സ്റ്റോറുകളിൽ സൂക്ഷിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഓരോ ജില്ലയിലും ഡ്രഗ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്കൂൾ/കോളേജ് പരിസരങ്ങളിലെ മെഡിക്കൽ സ്റ്റോറുകളിൽ മിന്നൽ പരിശോധന വ്യാപകമായി നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകൾ വഴി വിൽക്കപ്പെടുന്ന ചില മരുന്നുകൾ ലഹരിക്കായി ദുരുപയോഗം ചെയ്യുന്നുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡ്രഗ് ഇൻസ്പെക്ടർമാരുടെ സഹായത്തോടെ എക്സൈസ് വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു.]

## സ്വീകരിച്ച നടപടി

ചില കഫ് സിറപ്പുകളുടെ അമിത ഉപയോഗം ഉറക്ക കൂടുതൽ ഉളവാക്കുന്നതാണെങ്കിലും, ഇവ ഉപഭോക്താക്കളിൽ ലഹരി ഉത്തേജിപ്പിക്കുന്നതല്ല. ലഹരി ഉളവാക്കുന്നുവെന്നുള്ള തെറ്റിദ്ധാരണമൂലവും ഇത്തരത്തിലുള്ള കഫ് സിറപ്പുകളിൽ ലഹരിയുണ്ടെന്ന തെറ്റിദ്ധാരണമൂലവും ചിലർ ഇവ ഉപയോഗിച്ചുനോക്കുന്നതിനുള്ള സാധ്യതകൾ കാണുന്നു. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ സ്ഥിരം പരിശോധനകളിൽ കഫ് സിറപ്പുകളുടെ അമിത സ്റ്റോക്ക്, പർച്ചേസ്, വില്പന എന്നിവ പരിശോധിക്കാറുണ്ട്. ഇപ്രകാരമുള്ള പരിശോധനകളിൽ നേരിയ വ്യത്യാസം കണ്ടെത്തിയാൽ പോലും ഡ്രഗ്സ് ലൈസൻസ് സസ്പെൻഷൻ പോലുള്ള ശിക്ഷാ നടപടികൾ വകുപ്പ് സ്വീകരിക്കാറുണ്ട്.

വിപണിയിൽ ലഭ്യമായതും എന്നാൽ ഡോക്ടറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം വിൽക്കേണ്ടതും ലഹരി ഉളവാക്കും എന്ന ധാരണയിൽ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതുമായ മരുന്നുകളുടെ വിൽപ്പന/വിതരണം എന്നിവ നിയന്ത്രിക്കുന്നതിനായി C & F/Stockist, മൊത്ത/ചില്ലറ ഔഷധ വ്യാപാരികൾ എന്നിവിടങ്ങളിൽ വകുപ്പ് കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവയുടെ ദുരുപയോഗം തടയുന്നതിനായി കേന്ദ്ര സർക്കാർ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിൽ ഭേദഗതി വരുത്തി, ഇവയെല്ലാം തന്നെ ഷെഡ്യൂൾ എച്ച്1 എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, ഇവയുടെ വിൽപ്പന കർശന നിയന്ത്രണത്തിന് വിധേയമാക്കിയിട്ടുണ്ട്. നിബന്ധനകൾ ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായും, ലഹരി ഉളവാക്കുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന സ്കൂൾ/കോളേജ് കാമ്പസുകളുടെ സമീപത്ത് നടത്തുന്നുണ്ടോ എന്ന് പ്രത്യേകം ജാഗ്രത പുലർത്തി നിരീക്ഷിക്കുന്നതിനായും, ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

Narcotic Drugs & Psychotropic Substances (Third Amendment) Rules 2015 പ്രകാരം Essential Narcotic മരുന്നുകളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന Morphin, Pethidine, Fentanyl Citrate, Codeine എന്നിവയിൽ Codeine ഒഴികെയുള്ള മരുന്നുകൾ വിതരണ ശൃംഖല വഴി രോഗികൾക്ക് നേരിട്ട് എത്തിക്കുന്നവയല്ല. ഇവയെല്ലാം ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ അനുമതി പത്രത്തോടെ മാത്രമേ ആശുപത്രികൾക്ക് അനുവദിക്കുന്നുള്ളൂ. ആയതിനാൽ, ഇത്തരം മരുന്നുകൾ ഉപയോഗിക്കുന്ന വിരളമായ ആശുപത്രികൾ ഈ വകുപ്പിന്റെയും, Excise വകുപ്പിന്റെയും കർശന നിരീക്ഷണത്തിലാണ്. എന്നാൽ Codeine എന്ന രാസപദാർത്ഥം അടങ്ങുന്ന Cough Syrup-കൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ എച്ച് 1 വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ, അവ മരുന്നുകടകൾ വഴി ലഭ്യമാണ്. എന്നാൽ ഇവയുടെ വിപണനം വകുപ്പിന്റെ കർശന നിയന്ത്രണത്തിലാണ്.

ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ എച്ച് 1 വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നവയും മെഡിക്കൽ ഷോപ്പ് വഴി ലഭ്യമായതുമായ മരുന്നുകളുടെ വാങ്ങൽ/വിതരണം/വില്പന എന്നിവയും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലാണ്.

NDPS ആക്ട് പ്രകാരമുള്ള 110 ഇനം Psychotropic Substances - കളിൽ Methylphenidate എന്ന മരുന്ന് മാത്രമാണ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ X വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ വില്പന ആശുപത്രി ഫാർമസികൾ വഴി പ്രത്യേക നിബന്ധനകളോടുകൂടി മാത്രമാണ് രോഗികൾക്ക് നടത്തിവരുന്നത്. ഇതിന്റെ വിൽപ്പനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രത്യേക ലൈസൻസ് അനിവാര്യമാണ്. ആയതിനാൽ മരുന്നുകടകൾ വഴി ഇത്തരം മരുന്നുകളുടെ ദുരുപയോഗം ഒട്ടും തന്നെയില്ല.

പൊതുജനങ്ങളുടെ, പ്രത്യേകിച്ച് യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ശാരീരികവും, മാനസികവുമായ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ, ഇത്തരം മരുന്നുകളുടെ അനധികൃത വില്പനകൾ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന പരിശോധനകളും, നിരന്തരമായ നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. ഇത്തരത്തിലുള്ള മരുന്നുകളുടെ വിൽപ്പന/വിതരണം സംബന്ധിച്ച ജാഗ്രത പുലർത്തുന്നതിലേയ്ക്കായി മരുന്ന വ്യാപാരികളുടെയും പൊതുജനങ്ങളുടെയും അറിവിലേയ്ക്ക് സംസ്ഥാനത്തെ പ്രധാനപ്പെട്ട വാർത്താ മാദ്ധ്യമങ്ങളിലെല്ലാം ഡ്രഗ്സ് കൺട്രോൾ വകുപ്പ് . പത്രക്കുറിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഔഷധ വ്യാപാരികൾക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകളും അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരുടെ നേതൃത്വത്തിൽ നൽകുന്നുമുണ്ട്. കൂടാതെ സംസ്ഥാനത്തെ Excise വകുപ്പിന്റെ അപേക്ഷ മാനിച്ച് മരുന്നുകളുടെ ദുരുപയോഗം ഉണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പും എക്സൈസ് വകുപ്പും സംയുക്തമായുള്ള പരിശോധനകളും നടത്തിവരുന്നുണ്ട്. ഏതാണ്ട് 150-ഓളം മരുന്ന വ്യാപാര സ്ഥാപനങ്ങളിൽ ഇപ്രകാരം സംയുക്ത പരിശോധന നടത്തി. ബില്ലില്ലാതെ നടത്തുന്നതിനുപോലും വകുപ്പുതല നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ സംസ്ഥാനത്തെ മരുന്നുകടകളിൽ നിന്നും വൻതോതിൽ അലോപ്പതി മരുന്നുകൾ ലഹരിക്കായി ഉപയോഗിക്കുന്നത് കണ്ടെത്തുവാൻ സാധിച്ചിട്ടില്ല.

ലഹരി ഉളവാക്കും എന്ന ധാരണയിൽ ദുരുപയോഗം ചെയ്യുന്ന മരുന്നുകളുടെ വിൽപ്പനയിന്മേൽ തുടർന്നും അതീവ ജാഗ്രത പുലർത്തുമെന്നും നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിലവിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട സ്ഥാപനത്തിനെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ

സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥികളുടെയും, യുവജനങ്ങളുടെയും ഇടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ മരുന്നുവ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലഹരിക്കായി ദുരുപയോഗം ചെയ്യാവുന്ന മരുന്നുകളുടെ അനധികൃത വിൽപ്പന നടക്കുന്നില്ലെന്നും, ഡോക്ടറുടെ കുറിപ്പടിപ്രകാരം മാത്രമാണ് മരുന്നുകൾ വില്പന നടത്തുന്നതെന്നും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഡ്രഗ്സ് കൺട്രോൾ വകുപ്പും സംസ്ഥാന എക്സൈസ് വകുപ്പും ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

തുടർ നടപടികൾ എന്ന നിലയിൽ ദുരുപയോഗം ചെയ്യുവാൻ സാധ്യതയുള്ള ചില Psychotropic drugs-ന്റെ (Nitrosun, Trika, Nitravet, Spasmoproxivon Plus, Alprax) സംസ്ഥാനത്തുടനീളമുള്ള വിൽപ്പന വിശദാംശങ്ങൾ ശേഖരിക്കുകയും ലഭിച്ച വിവരങ്ങൾ പരിശോധിച്ച് ഇത്തരത്തിലുള്ള മരുന്നുകൾ ഏറ്റവുമധികം വിൽപ്പന നടത്തിയിട്ടുള്ള ചില വ്യാപാരികളുടെ വിവരങ്ങൾ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി എല്ലാ ജില്ലകളിലെയും എക്സൈസ് ഉദ്യോഗസ്ഥരുമായി പ്രസ്തുത സ്ഥാപനങ്ങളിൽ സംയുക്ത പരിശോധന നടത്തണമെന്ന് എല്ലാ ഓഫീസ് മേധാവികൾക്കും നിർദ്ദേശം നൽകി കഴിഞ്ഞു.

[സർക്കാർ കത്ത് നമ്പർ എഫ്1/344/18/ആരോഗ്യം തീയതി 9-7-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 21)</u>

ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിനായി പോലീസ്/എക്സൈസ് വകുപ്പുകൾ ആശുപത്രി അധികൃതരുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ആശുപത്രി പരിസരങ്ങളെ ലഹരി മുക്തമാക്കുന്നതിനായി ആശുപത്രി അധികൃതരുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

[സർക്കാർ കത്ത് നമ്പർ ആഭ്യന്തരം/എസ്.എസ്.എ 1/181/2018/ആഭ്യന്തരം തീയതി 27-5-2019]

[20-6-2019-ലെ യോഗം അംഗീകരിച്ചു]

<u>സ്വീകരിച്ച നടപടി</u>

ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് നടപടി. സ്വീകരിക്കുന്നതാണ്. [സർക്കാർ കത്ത് നമ്പർ 48/ജി2/18/നി.വ. തീയതി 6-3-2019]

(8-5-2019-ലെ യോഗം അംഗീകരിച്ചു)

<u>ശിപാർശ (ഖണ്ഡിക 23)</u>

ലഹരി വസ്തുക്കൾക്ക് അടിമയായ കുട്ടികളെ ചികിത്സിക്കുന്നതിന് ഓരോ ജില്ലാ ആസ്ഥാനത്തും കുട്ടികൾക്ക് മാത്രമായി ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നിയമപരിഷ്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ പതിനാല് ജില്ലകളിലും ആരോഗ്യ വകുപ്പുമായി ചേർന്ന് സർക്കാർ ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്ക് മാത്രമായി ഒരു ഡീ-അഡിക്ഷൻ സെന്റർ എന്ന പദ്ധതി പരിഗണിക്കാവുന്നതാണ്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 26)</u>

ലഹരിമരുന്നിന്റെ ഉപയോഗം മൂലമുണ്ടാകുന്ന അതിഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ബോധ്യപ്പെടുത്തുന്ന തരത്തിൽ ശാസ്ത്രീയമായി വിവരിക്കുന്ന ഹ്രസ്വചിത്രങ്ങൾ സ്കൂൾ/കോളേജ് തലങ്ങളിൽ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി നിർമ്മിച്ച് പ്രദർശിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ സന്ദേശങ്ങൾ പകർന്നു നൽകുന്ന ഹ്രസ്വചിത്രനിർമ്മാണം, ക്വിസ്സ്, ചിത്ര രചന, കയ്യെഴുത്തുമാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തിവരുന്നുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു.]

<u>ശിപാർശ (ഖണ്ഡിക 27 )</u>

താലൂക്ക്തലത്തിൽ ജനപ്രതിനിധികൾ എക്സൈസ്/ പോലീസ്/ആരോഗ്യം എന്നീ വകുപ്പ് പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അവിടെ സ്കൂൾ പ്രതിനിധികൾക്കും, അദ്ധ്യാപകർക്കും, രക്ഷകർത്താക്കൾക്കും രഹസ്യമായി മയക്കമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന് ഒരു സ്ഥിരം സമിതി രൂപീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

താലൂക്ക് തലത്തിൽ രൂപീകൃതമാകുന്ന കമ്മിറ്റിയിൽ പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർ അംഗമാവുകയും മയക്കമരുന്നുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വിവരങ്ങളെ ആസ്പദമാക്കി നടപടികൾ സ്വീകരിക്കുന്നതുമാണ്.

[സർക്കാർ കത്ത് നമ്പർ ആഭ്യന്തരം/എസ്.എസ്.എ 1/181/2018/ആഭ്യന്തരം തീയതി 27-5-2019]

[20-6-2019-ലെ യോഗം അംഗീകരിച്ചു]

<u>സ്വീകരിച്ച നടപടി</u>

വിമുക്തി മിഷന്റെ ഭാഗമായി സമഗ്രമേഖലയിലുമുള്ള പൊതുജനപങ്കാളിത്തമുള്ള കമ്മിറ്റികൾ വാർഡ് തലം മുതൽ രൂപീകരിച്ചിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

<u>ശിപാർശ (ഖണ്ഡിക 30)</u>

കുട്ടികളിൽ ജനാധിപത്യബോധവും, പൗരബോധവും, സാമൂഹിക പ്രതിബദ്ധതയും സൃഷ്ടിക്കുന്ന തരത്തിലുള്ള കലാകായിക പ്രവർത്തനങ്ങൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ എന്നിവ സ്കൂൾ തലങ്ങളിൽ നടപ്പാക്കുന്നത് കുട്ടികൾക്ക് മയക്കമരുന്നിനോടുള്ള അകലം പാലിക്കാൻ സഹായിക്കുമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

സ്കൂൾ കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബുകൾ രൂപീകരിച്ച് ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെയും, സ്കൂൾ വിദ്യാർത്ഥികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, ഹ്രസ്വ ചിത്രനിർമ്മാണം തുടങ്ങിയ കലാമത്സരങ്ങൾ നടത്തിയും "ലഹരിക്കെതിരെ കായികലഹരി" എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കായിക മത്സരങ്ങളും സംഘടിപ്പിക്കുന്നതിലൂടെയും വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുവാനും, ലഹരി വിരുദ്ധസന്ദേശങ്ങൾ പകരുവാനുമായിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ 48/ജി 2/18/നി.വ. തീയതി 6-3-2019]

[8-5-2019-ലെ യോഗം അംഗീകരിച്ചു]

<u>സ്വീകരിച്ച നടപടി</u>

കുട്ടികളിൽ ജീവിത നൈപുണ്യം വളർത്തുന്നതിനും പൗരത്വബോധമുള്ളവരാക്കി മാറ്റുന്നതിനുമായി സ്കൂൾ തലത്തിൽ കുട്ടികൾക്കായി ഒ. ആർ. സി. സ്മാർട്ട്-40 ക്യാമ്പുകളും തുടർ ക്യാമ്പുകളും സംഘടിപ്പിച്ച് വരുന്നു.

[സർക്കാർ കത്ത് നമ്പർ ഇ 2/209/2018/സാ. നീ.വ. തീയതി 9-5-2019]

[1-10-2019-ലെ യോഗം അംഗീകരിച്ചു]

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2020 ജൂലൈ 23.

<u>അനുബന്ധം</u>

## 1. 8-5-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2019 മേയ് 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം, 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ.ടി. ജലീലും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

1. ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.
2. ശ്രീ. ആർ. രാജേഷ്, എം.എൽ.എ.
3. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഡി.ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ആഷ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, എക്സൈസ് വകുപ്പ്
2. ഡോ. ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
3. ശ്രീമതി ഗീത കെ., അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യവകുപ്പ്
4. ശ്രീ. ബി.എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. ഡി. രാജീവ്, അഡീഷണൽ എക്സൈസ് കമ്മീഷണർ
6. ശ്രീമതി ഇന്ദുകല. പി., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
7. ശ്രീ. വിജയകുമാർ. ആർ., ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്
8. ശ്രീ. രജികുമാർ. ജെ., ഡയറക്ടർ, പുരാരേഖാവകുപ്പ്.

I. സമിതി ചുവടെ ചേർത്തിരിക്കുന്ന കരട് ചട്ടം പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്തു.

The Kerala State Collegiate Education (Music Colleges) Service (Amendment) Special Rules, 2019

[ഫയൽ നമ്പർ 1904/സബ്.സി.ഇ 1/2019/നി.സെ.]

[റഫ. നമ്പർ സി1/165/2017/ഉ.വി.വ. തീയതി 4-4-2019]

ഭേദഗതി കൂടാതെ അംഗീകരിച്ചു.

II. സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി പത്രികൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. സമിതി (2016-2018)യുടെ സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3187/സബ്.സി.ഇ 1/2018/നി.സെ.)

[റഫ. നമ്പർ 48/ജി2/18/നി.വ. തീയതി 6-3-2019]

ഖണ്ഡികകൾ 2, 5, 6, 7, 11, 12, 15, 16, 17, 19, 20, 21, 23, 26, 27, 30 അംഗീകരിച്ചു.

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)
(ഫയൽ നമ്പർ 3471/സബ്.സി.ഇ 1/2014/നി.സെ.)

[റഫ. നമ്പർ ബി1/426/2018/ഉ.വി.വ. തീയതി 14-12-19]

ഖണ്ഡികകൾ 54, 55, 56, 57, 58, 59, 60 അംഗീകരിച്ചു.

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2017-18)

(ഫയൽ നമ്പർ 1925/സബ്.സി.ഇ 1/2017/നി.സെ.)

[റഫ. നമ്പർ എ 1/229/2017/ഉ.വി.വ. തീയതി 21-3-2019]

[റഫ. നമ്പർ എ 2/154/2019/ഉ.വി.വ. തീയതി 20-3-2019]

ഖണ്ഡികകൾ 61, 63, 64, 65 അംഗീകരിച്ചു

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)

(ഫയൽ നമ്പർ 1718/സബ്.സി.ഇ 1/2018/നി.സെ.)

[റഫ. നമ്പർ എഫ് 2/185/2018/ഉ.വി.വ. തീയതി 28-2-2019]

[റഫ. നമ്പർ എഫ് 2/119/2018/ഉ.വി.വ. തീയതി 15-2-2019]

ഖണ്ഡികകൾ 35, 40, 42, 74 അംഗീകരിച്ചു.

## III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ കുറിപ്പ്

<u>സാംസ്കാരികകാര്യവകുപ്പ്</u>

സംസ്ഥാന പുരാരേഖ വകുപ്പിന്റെ സ്റ്റേറ്റ് ആർക്കൈവ്സ് സർവ്വീസ് റൂൾസിന്റെയും സ്റ്റേറ്റ് ആർക്കൈവ്സ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെയും കരട്ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

ഫയൽ നമ്പർ (3777/സബ്.സി.ഇ I/2015/നി.സെ.)

25-1-2017-ലെ സമിതിയോഗത്തിലെ നിർദ്ദേശ പ്രകാരം, ഡൽഹി നാഷണൽ ആർക്കൈവ്സ് സന്ദർശിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് സാംസ്കാരികകാര്യ വകുപ്പ് സമിതിയോഗത്തിൽ സമർപ്പിച്ചത് അടുത്ത യോഗത്തിൽ പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

സംസ്ഥാന പുരാരേഖ വകുപ്പിന്റെ സ്റ്റേറ്റ് ആർക്കൈവ്സ് സർവ്വീസ് റൂൾസിന്റെയും സ്റ്റേറ്റ് ആർക്കൈവ്സ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെയും കരട്ചട്ടങ്ങൾ രണ്ട് മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്ന് സാംസ്കാരികകാര്യ വകുപ്പിന് സമിതി നിർദ്ദേശം നൽകി

യോഗം ഉച്ചയ്ക്ക്ശേഷം 2.45-ന് അവസാനിച്ചു.

## 2. 20-6-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2019 ജൂൺ 20-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 5 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്- ഒഫീഷ്യോ അംഗവും ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ.ടി.ജലീലും, സമിതിയുടെ പ്രത്യേക ക്ഷണിതാവായ തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി.വി. രാജേഷ്

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :-

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീ.ഡി.ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :-

1. ശ്രീമതി ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്
2. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. ജീവൻ ബാബു കെ., ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ
5. ശ്രീമതി കെ.മിനി, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
6. ശ്രീമതി ഗീത കെ., അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
7. ശ്രീമതി ആർ. ഷീല റാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
8. ശ്രീ.കെ. വി. മധുസൂദനൻ, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
9. ശ്രീ. രജികുമാർ.ജെ., ഡയറക്ടർ ഓഫ് ആർക്കൈവ്സ്
10. ശ്രീമതി സോന കെ. ആർ., ഡയറക്ടർ ഓഫ് ആർക്കിയോളജി
11. ശ്രീ. ടി. എഫ്. സേവ്യർ, എ.ഐ.ജി., പോലീസ് ഹെഡ്ക്വാർട്ടേഴ്സ്.

സമിതിയുടെ വിവിധ റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻടേക്കൺ സ്റ്റേറ്റുമെന്റുകൾ, ആർക്കൈവ്സ് സംബന്ധിച്ച പഠന റിപ്പോർട്ട്, കരട് റിപ്പോർട്ടുകൾ പുരാവസ്തുവകുപ്പിന്റെ പുതുക്കിയ സ്പെഷ്യൽ റൂളുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച വിഷയം എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. <u>ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ</u>

1. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 1718/സബ്.സി.ഇ 1/2018/നി.സെ.)

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

ഖണ്ഡികകൾ 22, 37, 38, 39, 45, 46, 47, 48, 50, 52, 83 അംഗീകരിച്ചു.

ഖണ്ഡികകൾ 84, 85, 86, 87

[റഫ. നമ്പർ 27-5-2019-ലെ സി2/131/18/ഉ.വി.വ. നമ്പർ കത്ത്.]

വിവിധ കോളേജ് ഹോസ്റ്റലുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തിയ ശേഷം, സ്വീകരിച്ച നടപടികൾ സംബന്ധിച്ച നടപടി പത്രിക ലഭ്യമാക്കണമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

ഖണ്ഡികകൾ 32, 33, 34, 75, 76 അംഗീകരിച്ചു.

[റഫ.നമ്പർ 3-6-2019-ലെ സി1/114/18/ഉ.വി.വ. നമ്പർ കത്ത്]

ഖണ്ഡികകൾ 78, 103 അംഗീകരിച്ചു.

[റഫ. നമ്പർ 1-6-2019-ലെ എ 2/118/18/ഉ.വി.വ. നമ്പർ കത്ത്.]

[റഫ.നമ്പർ 1-6-2019-ലെ എ 2/181/18/ഉ.വി.വ. നമ്പർ കത്ത്.]

ഖണ്ഡികകൾ 23 മുതൽ 28 വരെ, 36, 57 അംഗീകരിച്ചു.

[റഫ.നമ്പർ 18-6-2019-ലെ ബി1/188/2018/ഉ.വി.വ. നമ്പർ കത്ത്.]

ഖണ്ഡിക 61 അംഗീകരിച്ചു.

[റഫ.നമ്പർ 6-6-2019-ലെ ജെ1/177/2018 ഉ.വി.വ. നമ്പർ കത്ത്.]

ഖണ്ഡിക 77 അംഗീകരിച്ചു.

[റഫ. നമ്പർ 12-6-2019-ലെ എ 2/117/2018/ഉ.വി.വ. നമ്പർ കത്ത്.]

ഖണ്ഡികകൾ 29, 30, 31, 43 അംഗീകരിച്ചു.

[റഫ. നമ്പർ 20-6-2019-ലെ HEDN-C3/6/2019/-HEDN നമ്പർ കത്ത്.]

## പൊതുമരാമത്ത് വകുപ്പ്

ഖണ്ഡികകൾ 100, 102 അംഗീകരിച്ചു.

[റഫ.നമ്പർ 24-5-2019-ലെ ഇ 3/516/18/പൊ.മ.വ. നമ്പർ കത്ത്.]

## പൊതുവിദ്യാഭ്യാസ വകുപ്പ്

ഖണ്ഡികകൾ 1 മുതൽ 21 വരെ അംഗീകരിച്ചു.

[11-6-2019- ലെ 2420731/പി2/19/പൊ.വി.വ. നമ്പർ കത്ത്.]

## സാംസ്കാരികകാര്യ വകുപ്പ്

ഖണ്ഡികകൾ 104 മുതൽ 135 വരെ അംഗീകരിച്ചു

[റഫ. നമ്പർ 30-5-2019-ലെ 93/എ 3/2018/സാം.കാ.വ. നമ്പർ കത്ത്.]

2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ 20-6-2019 വരെ സമിതിയ്ക്ക് ലഭ്യമായ നടപടി പത്രികകളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തുവ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു

2. സമിതി (2016-2018)യുടെ സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം - റിപ്പോർട്ട്- തുടർ നടപടി സംബന്ധിച്ച്.

[ഫയൽ നമ്പർ 3187/സബ്.സി.ഇ 1/2018/നി.സെ.]

ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പിൽ നിന്നും ലഭ്യമായ 6,7, 15, 16, 19, 21, 27 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടിപത്രികകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഖണ്ഡിക 2-ലെ ശിപാർശയിന്മേൽ ലഭ്യമായ നടപടി പത്രിക പരിഗണിച്ച സമിതി, വിദ്യാലയ പരിസരങ്ങളിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ദൂരപരിധി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് എക്സൈസ് വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

[റഫ. നമ്പർ 27-5-2019-ലെ ആഭ്യന്തര/ എസ്.എസ്.എ 1/181/2018/ആഭ്യന്തരം നമ്പർ കത്ത്. ]

3. സമിതി (2013-2016)യുടെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട്.

[ഫയൽ നമ്പർ 3958/സബ്.സി.ഇ 1/2015/നി.സെ.]

പൊതുവിദ്യാഭ്യാസ (യു) വകുപ്പിൽ നിന്നും ലഭ്യമായ 31, 34 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ സമിതി അംഗീകരിച്ചു

[റഫ.നമ്പർ 5-3-2019-ലെ 45928/യു3/15/പൊ.വി.വ. നമ്പർ കത്ത്.]

4. 2015-16 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് ഇടർ നടപടികൾ സംബന്ധിച്ച്.

[ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.]

25, 29, 31, 54, 55, 56, 58 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസം (ജി) വകുപ്പിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

[റഫ.നമ്പർ 22-5-2019-ലെ ജി2/255/17/ഉ.വി.വ. നമ്പർ കത്ത്.]

## സാംസ്കാരികകാര്യ വകുപ്പ്

II. പുരാരേഖ/ പുരാവസ്തു വകുപ്പുകളുടെ പുതുക്കിയ സ്പെഷ്യൽ റൂളുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

1. 25-1-2017-ലെ സമിതി യോഗത്തിലെ നിർദ്ദേശപ്രകാരം, ഡൽഹി നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യ സന്ദർശിച്ച് പഠനം നടത്തി സാംസ്കാരികകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

[ഫയൽ നമ്പർ 3777/സബ്.സി.ഇ 1/2015/നി.സെ.]

സമിതിയുടെ നിർദ്ദേശപ്രകാരം നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യ സംബന്ധിച്ച പഠനത്തെക്കുറിച്ച് പുരാരേഖ വകുപ്പ് ഡയറക്ടർ സമിതിക്ക് നൽകിയ വിശദീകരണത്തിൽ, നാഷണൽ ആർക്കൈവ്സിന് മൂന്ന് റീജിയണൽ സെന്ററുകളാണുള്ളതെന്നും, പുരാരേഖ വകുപ്പിൽ സ്റ്റേറ്റ് ആർക്കൈവ്സിന് നാഷണൽ ആർക്കൈവ്സിനെ അപേക്ഷിച്ച് ഓഫീസുകളും ഹെറിറ്റേജ് സെന്ററുകളും കൂടുതൽ ഉണ്ടെന്നും, സ്റ്റേറ്റ് ആർക്കൈവ്സിലാണ് കൂടുതൽ പുരാരേഖകൾ ഉള്ളതെന്നും, എന്നാൽ നാഷണൽ ആർക്കൈവ്സിന്റെ സ്റ്റാഫ് പാറ്റേൺ വളരെ കൂടുതലാണെന്നും, നാഷണൽ ആർക്കൈവ്സിൽ ഗ്രൂപ്പ് എ-യിൽ 23-ഉം ഗ്രൂപ്പ് ബി-യിൽ 59-ഉം ഗ്രൂപ്പ് സി-യിൽ 375-ഉം തസ്തികകളുള്ളപ്പോൾ സ്റ്റേറ്റ് ആർക്കൈവ്സിൽ യഥാക്രമം ഒരു ഡയറക്ടറും 10-ഉം 134-ഉം തസ്തികകളുമാണുള്ളതെന്നും അറിയിച്ചു. അതിനാൽ സംസ്ഥാന ആർക്കൈവ്സിൽ ഒരു ഡെപ്യൂട്ടി ഡയറക്ടർ, 5 അസിസ്റ്റന്റ് ഡയറക്ടർ, 6 ആർക്കിവിസ്റ്റ്, 9 അസിസ്റ്റന്റ് ആർക്കിവിസ്റ്റ് ഗ്രേഡ് 1 എന്നിങ്ങനെ 21 തസ്തികകൾ അനുവദിച്ച് നൽകുന്നതിന് സമിതി ശിപാർശ ചെയ്യണമെന്ന് വകുപ്പ് ഡയറക്ടർ സമിതിയോട് അഭ്യർത്ഥിച്ചു.

നാഷണൽ ആർക്കൈവ്സിന്റെ ജോലിഭാരവും സംസ്ഥാന ആർക്കൈവ്സിന്റെ ജോലിഭാരവും കണക്കാക്കിയാണ് പുതിയ തസ്തികകൾ ആവശ്യപ്പെടേണ്ടതെന്ന് സമിതി നിർദ്ദേശിച്ചു.

നാഷണൽ ആർക്കൈവ്സുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാന ആർക്കൈവ്സിന്റെ പുരാരേഖ ശേഖരം വളരെ വലുതാണെന്നും പഴയ താളിയോല ഗ്രന്ഥങ്ങൾ, കോലെഴുത്ത് എന്നിവ സൂക്ഷിക്കുന്നതും അവ തർജ്ജമ ചെയ്ത് ഡിജിറ്റൈസ് രൂപത്തിൽ സൂക്ഷിക്കുന്നതും തിരുവനന്തപുരത്തെ സെൻട്രൽ ആർക്കൈവ്സിലാണെന്നും അവ സൂക്ഷിക്കുന്നതിനും മറ്റുമായി വകുപ്പിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം അപര്യാപ്തമാണെന്നും പുരാരേഖ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. അധിക തസ്തികകൾ അനുവദിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2. പുരാവസ്തു വകുപ്പിന്റെ സ്പെഷ്യൽ റൂളുകൾ ഭേദഗതി വരുത്തി ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള കുറിപ്പ്.

[ഫയൽ നമ്പർ 6562/സബ്.സി.ഇ 1/2014/നി.സെ.]

പുരാവസ്തു വകുപ്പിലെ സ്പെഷ്യൽ റൂൾസിൽ നിയമനത്തിലെ അനുപാതം 50:50 ആക്കി മാറ്റണമെന്നും യോഗ്യതയിൽ മലയാള സർവ്വകലാശാലയുടെ കോഴ്സുകൾ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തത വരുത്തണമെന്നുമുള്ള സമിതി നിർദ്ദേശത്തെ തുടർന്ന് ആയത് തയ്യാറാക്കി പി & എ. ആർ.ഡി.-ക്ക് സമർപ്പിച്ചപ്പോൾ ആ വകുപ്പിൽ ഓവർസീയർ ഗ്രേഡ്, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ടെന്നും അതുകൂടി ഉൾപ്പെടുത്താതെ 2019-ലെ സ്പെഷ്യൽ റൂൾസ് നൽകാൻ സാധിക്കില്ലെന്നും കാണിച്ച് ഫയൽ തിരിച്ചയയ്ക്കുകയാണുണ്ടായതെന്നും, അതിനെത്തുടർന്ന് സെക്രട്ടറി തലത്തിൽ ഒരു യോഗം ചേർന്ന് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നതിന് ജൂൺ മാസം 26-ന് ഒരു യോഗം വിളിക്കുന്നുണ്ടെന്നും, 6 മാസത്തിനകം വ്യക്തമായ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി നൽകുമെന്നും, കാലതാമസമുണ്ടാകാതെ സ്പെഷ്യൽ റൂൾസ് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സാംസ്കാരികകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

50 ശതമാനം നേരിട്ടും 10 ശതമാനം പ്രൊമോഷൻ വഴിയുമാണ് നിയമിക്കേണ്ടതെന്നും മ്യൂസിയോളജിയും മറ്റ് സമാന കോഴ്സുകളും പഠിച്ച ധാരാളം ഉദ്യോഗാർത്ഥികളുണ്ടെന്നും അവരെ പരിഗണിക്കാതെ പ്രൊമോഷൻ വഴിയാണ് ഇപ്പോൾ നിയമിച്ചു കൊണ്ടിരിക്കുന്നതെന്നും, അത് അംഗീകരിക്കാൻ കഴിയില്ലെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

മുമ്പ് 75 ശതമാനം ഉദ്യോഗസ്ഥരെ പ്രമോഷൻ വഴി നിയമിച്ചിരുന്നുവെന്നും എന്നാൽ ഇപ്പോൾ 50:50 അനുപാതത്തിൽ നിയമനം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും ആറ് മാസത്തിനകം സ്പെഷ്യൽ റൂൾസ് തയ്യാറാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സാംസ്കാരികകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സർവ്വീസ് സംഘടനകളുമായി 26-ന് ചർച്ച നടത്തി മൂന്ന് മാസത്തിനകം

സ്പെഷ്യൽ റൂൾസ് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചതിനെത്തുടർന്ന്, സംഘടനകളുടെ യോഗത്തിന് ശേഷം, പി. & എ.ആർ.ഡി., നിയമവകുപ്പ്, പി.എസ്.സി. എന്നീ വകുപ്പുകളുമായും ചർച്ച നടത്തേണ്ടതുണ്ടെന്നും, ഏറ്റവും വേഗത്തിൽ ചർച്ചകൾ പൂർത്തിയാക്കി സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുന്നതിന് ശ്രമിക്കുന്നതാണെന്നും സാംസ്കാരികകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. എത്രയും വേഗം സ്പെഷ്യൽ റൂൾസ് തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**III. കരട് റിപ്പോർട്ട് പരിഗണന**

താഴെപ്പറയുന്ന കരട് റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

1. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

[ഫയൽ നമ്പർ 1718/സബ്.സി. ഇ 1/2018/നി.സെ.]

2. 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.

[ഫയൽ നമ്പർ 2537/സബ്.സി.ഇ 1/2019/നി.സെ.]

സമിതി യോഗം വൈകുന്നേരം 5.30-ന് അവസാനിച്ചു.

## 3. 24-7-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2019 ജൂലൈ 24-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ.സി.രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലും, സമിതിയുടെ പ്രത്യേക ക്ഷണിതാവായ തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് , എം.എൽ.എ.

ശ്രീ. കെ. സി. ജോസഫ്, „

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, „

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. വി.വേണു, പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
2. ഡോ.എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസം & ഉന്നത വിദ്യാഭ്യാസം വകുപ്പ്
4. ശ്രീ. സഞ്ജയൻ കുമാർ, ഡയറക്ടർ, കായികയുവജനകാര്യ വകുപ്പ്
5. ശ്രീ. വിജയകുമാർ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. ബി. എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീമതി സീനത്തുബീവി എസ്., അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്
8. ശ്രീ. ശിവപ്രസാദ് ബി., അഡീഷണൽ സെക്രട്ടറി / രജിസ്ട്രാർ, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ
9. ഡോ. രാജൻ വർഗ്ഗീസ്, മെമ്പർ സെക്രട്ടറി, ,,
10. ഡോ. ഇ. രാധാകൃഷ്ണൻ, രജിസ്ട്രാർ (ഇൻ-ചാർജ്ജ്), തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല
11. ശ്രീമതി ഇന്ദുകല പി., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

ബഹുമാനപ്പെട്ട സ്പീക്കറുടെ 12-6-2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ പരിഗണനയിലുള്ള വിവിധ ആക്ടുകളിന്മേൽ കരട് ചട്ടങ്ങൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ചും വകുപ്പിൽ കുടിശ്ശികയായിട്ടുള്ള ചട്ടങ്ങളുടെ രൂപീകരണം സംബന്ധിച്ചും സമിതി അംഗീകരിച്ച കരട് ചട്ടത്തിന്മേൽ എസ്.ആർ.ഒ. ലഭ്യമാക്കാനുള്ളത് സംബന്ധിച്ചും പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, കായിക യുവജനകാര്യം, സാംസ്കാരികകാര്യം, നിയമം, ഉദ്യോഗസ്ഥഭരണ പരിഷ്കാരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി.

## I. കരട് ചട്ടങ്ങൾ ലഭ്യമാക്കാനുള്ള ആക്ടുകൾ

### കായികയുവജനകാര്യ വകുപ്പ്

1. 2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട്-

[ഫയൽ നമ്പർ 477/സബ്.സി.ഇ 1/2019/നി.സെ.]

20-8-2018-ൽ പ്രാബല്യത്തിൽ വന്ന കേരള സ്പോർട്സ് (ഭേദഗതി) ആക്ട് പ്രകാരം ചില ചട്ടങ്ങൾക്ക് എസ്.ആർ.ഒ. പുറപ്പെടുവിച്ചിട്ടുണ്ടെന്നും ചില ഭേദഗതികളിന്മേൽ സെൻട്രൽ സ്പോർട്സ് ഫെഡറേഷനുമായി വിശദമായ ചർച്ച ആവശ്യമായതിനാൽ അന്തിമ എസ്.ആർ.ഒ. ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ലെന്നും ഏതെങ്കിലും സ്പോർട്സ് ഓർഗനൈസേഷൻ/അസോസിയേഷനിൽ അവരുടെ അംഗീകാരം റദ്ദാക്കുകയാണെങ്കിൽ ജില്ല/സംസ്ഥാന തലങ്ങളിൽ നേരിട്ട് മത്സരം നടത്തി മുന്നോട്ടുപോകാൻ സാധിക്കുമെന്നുള്ള പുതിയ ഭേദഗതിയാണ് സ്പോർട്സ് കൗൺസിൽ കൊണ്ടുവന്നിട്ടുള്ളതെന്നും തർക്കങ്ങൾ മൂലം ധാരാളം അംഗീകാരങ്ങൾ റദ്ദാക്കിയെന്നും എന്നാൽ കൗൺസിൽ നേരിട്ട് മത്സരം നടത്തുകയാണെങ്കിൽ സെൻട്രൽ സ്പോർട്സ് ഫെഡറേഷൻ അത് അംഗീകരിക്കില്ലെന്നും ആയതിനാൽ 'In Consultation with Central Federation' എന്ന ക്ലോസ് കൂട്ടിച്ചേർക്കുകയുണ്ടായെന്നും, അതിന്റെ ഭാഗമായി കൺസൾട്ടേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും കായികയുവജനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

2018 ആഗസ്റ്റ് മാസത്തിൽ വന്ന ഭേദഗതിയാണെന്നും, സ്പോർട്സ് ഫെഡറേഷനുമായി കൂടിയാലോചിക്കാതെ ചട്ടത്തിൽ ഭേദഗതി കൊണ്ടുവരികയാണെങ്കിൽ അത് നടപ്പിലാക്കാൻ ബുദ്ധിമുട്ടായിരിക്കുമെന്നും, ന്യൂനതകൾ പരിഹരിച്ച് മൂന്ന് മാസത്തിനകം പരിഷ്കരിച്ച ചട്ടം ലഭ്യമാക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും കായികയുവജന കാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയുടെ ചോദ്യത്തിന് മറുപടിയായി അറിയിച്ചു.

പ്രസ്തുത ആക്ടിന്മേലുള്ള ഭേദഗതി വരുത്തിയ കരട് ചട്ടം ഒരു മാസത്തിനകം ലഭ്യമാക്കാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന് കുറച്ച് ഭാഗം വിജ്ഞാപനം ചെയ്തിട്ടുണ്ടെന്നും പൂർത്തിയായവ ഉടനെയും ബാക്കിയുള്ളവ ഒരു മാസത്തിനകവും ലഭ്യമാക്കാമെന്നും കായികയുവജനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകി.

വിജ്ഞാപനം ചെയ്ത എസ്.ആർ.ഒ.-കൾ അടിയന്തരമായി ലഭ്യമാക്കണമെന്നും പൂർത്തിയാക്കാനുള്ളവയുടെ കരട് ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## പൊതുവിദ്യാഭ്യാസ വകുപ്പ്

2. The Kerala Right of Children to Free and Compulsory Education (Amendment ) Rules, 2016

[ഫയൽ നമ്പർ 5037/സബ്.സി.ഇ 1/2016/നി.സെ.]

(റഫ. നമ്പർ 28362/ജെ1/13/പൊ.വി.വ. തീയതി 26-11-2018)

പ്രസ്തുത ആക്ടിന്മേൽ ചെറിയ ഭേദഗതികൾ മാത്രമേയുള്ളൂവെന്നും കരട് ചട്ടം നിയമ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും, ഒരു മാസത്തിനകം കരട് ചട്ടം സമിതി മുമ്പാകെ ലഭ്യമാക്കാമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## സാംസ്കാരികകാര്യ വകുപ്പ്

3. സംസ്ഥാന പുരാവസ്തു വകുപ്പിന്റെ ഭേദഗതി വരുത്തിയ സ്പെഷ്യൽ റൂളുകൾ -The Kerala Archaeological State Service Special Rules & The Kerala Archaeological Subordinate Service Special Rules.

[ഫയൽ നമ്പർ 6562/സബ്.സി.ഇ 1/2014/നി.സെ.]

(റഫ. നമ്പർ 393/ബി1/2003/സാം.കാ.വ. തീയതി 17-5-2019)

ദി കേരള ആർക്കിയോളജിക്കൽ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, ദി കേരള ആർക്കിയോളജിക്കൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവ സംബന്ധിച്ച കരട് ചട്ടങ്ങൾ 20-10-2016-ൽ സമിതി പരിഗണിച്ച വേളയിൽ പുരാവസ്തു വകുപ്പിൽ 75 ശതമാനം തസ്തികകൾ ബൈപ്രൊമോഷൻ വഴിയും 25 ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴിയും നികത്തണമെന്ന് റൂൾസിൽ പറഞ്ഞിരിക്കുന്നതെന്നും 75:25 എന്നതിനെ 50:50 എന്നാക്കണമെന്ന ശിപാർശയാണ് സമിതി നൽകിയതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തി സമർപ്പിക്കണമെന്ന നിർദ്ദേശമാണ് ലഭിച്ചതെന്നും സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പുരാവസ്തു വകുപ്പിൽ ഏതാനും ചില പുതിയ തസ്തികകൾ സൃഷ്ടിക്കുകയും അതിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നുവെന്നും അതും കൂടി ഉൾപ്പെടുത്തി അപാകതകൾ പരിഹരിച്ച് ഭേദഗതി വരുത്തിയ സ്പെഷ്യൽ റൂളുകളുടെ കരട് സമയബന്ധിതമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെന്നും അതിന്മേലുള്ള ഭേദഗതിയാണ് നിലവിൽ പരിശോധിച്ച് വരുന്നതെന്നും പുരാവസ്തു വകുപ്പിലെ നിയമനം 50:50 ആക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായും

വിവിധ ഘട്ടങ്ങളിലായി സെക്രട്ടറി തലത്തിലും ചർച്ചകൾ നടത്തി അന്തിമ കരട് ചട്ടം തയ്യാറാക്കുന്ന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അപാകതകൾ പരിഹരിച്ച് പുതുക്കിയ സ്പെഷ്യൽ റൂൾസ് ഒരു മാസത്തിനകം സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും സാംസ്കാരികകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

4. സംസ്ഥാന പുരാരേഖ വകുപ്പിന്റെ ഭേദഗതി വരുത്തിയ സ്പെഷ്യൽ റൂളുകൾ - The Special Rules for the State Archives Subordinate Service, The Special Rules for the State Archives Service .

[ഫയൽ നമ്പർ 3777/സബ്.സി.ഇ 1/2015/നി.സെ.]

(റഫ. നമ്പർ 130/സി2/14/സാം.കാ.വ. തീയതി 19-9-2016)

സംസ്ഥാന പുരാരേഖ വകുപ്പിന്റെ സ്റ്റേറ്റ് ആർക്കൈവ്സ് സർവ്വീസ് റൂൾസിന്റെയും സ്റ്റേറ്റ് ആർക്കൈവ്സ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെയും കരട് ചട്ടങ്ങൾ തയ്യാറാക്കിയോ എന്ന് സമിതി ആരാഞ്ഞതിന് സംസ്ഥാന പുരാരേഖ വകുപ്പിന്റെ സ്റ്റേറ്റ് ആർക്കൈവ്സ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ഇപ്പോൾ നിലവിലില്ലെന്നും, അതുംകൂടി രൂപീകരിച്ചാൽ മാത്രമേ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ സാധിക്കുകയുള്ളുവെന്നും സംസ്ഥാന പുരാരേഖ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ മറ്റു വകുപ്പുകളിൽനിന്നും വ്യത്യസ്തമായതിനാൽ പൊതുചർച്ച നടത്തി ഒരു ഏകീകൃത പാറ്റേൺ സ്വീകരിക്കണമെന്നും നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യ സന്ദർശിച്ച് പഠനം നടത്തിയശേഷം അവിടെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചും കരട് ചട്ടത്തിലെ അപാകതകൾ പരിഹരിച്ചും പുതുക്കിയ കരട് ചട്ടം ലഭ്യമാക്കണമെന്നായിരുന്നു സമിതി ശിപാർശ ചെയ്തിരുന്നതെന്നും പി. & എ.ആർ.ഡി., നിയമം എന്നീ വകുപ്പുകളുമായി ആലോചിച്ച് സമയബന്ധിതമായി പുതുക്കിയ കരട് ചട്ടം തയ്യാറാക്കി സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും സാംസ്കാരികകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. രണ്ട് സ്പെഷ്യൽ റൂൾസുകളുടെയും കരട് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശം നൽകി. ഒരു മാസത്തിനുള്ളിൽ കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നതാണെന്ന് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തു.

## ഉന്നതവിദ്യാഭ്യാസ വകുപ്പ്

5. 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള -സർവ്വകലാശാല ആക്ട്

[ഫയൽ നമ്പർ 3030/സബ്.സി.ഇ 1/2013/നി.സെ.]

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ടിനുള്ള കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണമെന്താണെന്ന് സമിതി ആരാഞ്ഞു.

പ്രസ്തുത ആക്ട് സംബന്ധിച്ച റൂൾസ് നിയമവകുപ്പ് വെറ്റ് ചെയ്തത് രണ്ട് ദിവസം മുമ്പാണ് ലഭ്യമായതെന്നും ഒരു മാസത്തിനകം കരട് ചട്ടം സമിതിക്ക് ലഭ്യമാക്കാമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

2013-ൽ പാസ്സാക്കിയ ആക്ടിനുള്ള റൂൾസ് തയ്യാറാക്കാൻ ആറ് വർഷമായിട്ടും സാധിച്ചില്ലെന്നും കാലതാമസം നേരിട്ടത് നിയമ വകുപ്പിനാണോ എന്നും സമിതി അന്വേഷിച്ചു.

2018 ജൂൺ മാസം നിയമവകുപ്പിലേയ്ക്ക് വന്ന കരട് ചട്ടത്തിൽ റിമാർക്സ് ഇട്ട് തിരിച്ചയച്ച ഫയൽ 5-2-2019-ലെ സമിതിയോഗത്തിന് തലേദിവസമാണ് തിരുത്തൽ വരുത്തി നിയമവകുപ്പിന് ലഭിക്കുന്നതെന്നും ആയതിനാൽ ഫയൽ പരിശോധിക്കാൻ സാധിച്ചില്ലെന്നും എത്രയും പെട്ടെന്ന് പരിശോധിച്ച് നൽകാമെന്നും നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത കരട് ചട്ടത്തിന് 118 പേജുകളുണ്ടെന്നും, കൂടാതെ വളരെയധികം തിരുത്തലുകൾ വരുത്താനുമുണ്ടെന്നും, അവ പരിഹരിച്ച് ഒരു മാസത്തിനുള്ളിൽ ലഭ്യമാക്കാമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പ് നൽകി. തിരുത്തലുകൾ വരുത്തിയശേഷം വീണ്ടും നിയമവകുപ്പ് വെറ്റ് ചെയ്യേണ്ടതില്ലേയെന്ന് സമിതി ആരാഞ്ഞതിന് ആയത് വെറ്റ് ചെയ്ത് തിരികെ നൽകിയിട്ടുണ്ടെന്ന് നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു മാസത്തിനകം സ്റ്റാറ്റ്യൂട്ട് ലഭ്യമാക്കാമെന്ന് 5-2-2019-ൽ നൽകിയ ഉറപ്പ് പാലിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിൽ കരട് സ്റ്റാറ്റ്യൂട്ട് നിയമവകുപ്പിൽ നിന്നും രണ്ട് ദിവസം മുമ്പാണ് ലഭിച്ചതെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി മറുപടി നൽകി. സ്റ്റാറ്റ്യൂട്ടിന്റെ ആദ്യത്തെ 40 പേജുകൾ തിരുത്തൽ വരുത്തി മാർച്ച് മാസം തന്നെ തിരികെ കൊടുത്തുവെന്ന് നിയമവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നിയമ വകുപ്പിൽ കാലതാമസം നേരിടുന്നുവെന്നതാണ് പൊതുവായ അഭിപ്രായമെന്നും, ഇക്കാര്യങ്ങളിൽ നിയമവകുപ്പ് കൂടുതൽ ശ്രദ്ധിക്കണമെന്നും, വകുപ്പുകൾ യഥാസമയം നിയമവകുപ്പിന് ഫയലുകൾ കൈമാറുവാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

മലയാളം സർവ്വകലാശാല സംബന്ധിച്ച റൂൾസിന്റെ മലയാളത്തിലും ഇംഗ്ലീഷിലുമുള്ള സോഫ്റ്റ് കോപ്പികൾ 18-12-2018-ന് ബഹുമാനപ്പെട്ട മന്ത്രിക്കും, പ്രിൻസിപ്പൽ സെക്രട്ടറിക്കും നേരിട്ട് സമർപ്പിച്ചതാണെന്നും, അതിനുശേഷം 27-4-2019-ന് സമഗ്രമായി സമർപ്പിച്ച സ്റ്റാറ്റ്യൂട്ടിൽ ഒബ്ജക്ഷൻ വന്നതിന്റെ അടിസ്ഥാനത്തിൽ 25-5-2019-ന് വീണ്ടും തിരുത്തലുകൾ വരുത്തി സമർപ്പിച്ച കരട് സ്റ്റാറ്റ്യൂട്ടാണ് നിയമവകുപ്പ് ഇപ്പോൾ വെറ്റ് ചെയ്ത് നൽകിയിട്ടുള്ളതെന്നും മലയാളം സർവ്വകലാശാലയെ സംബന്ധിച്ച് ആദ്യം സർക്കാർ

തയ്യാറാക്കിയ സ്റ്റാറ്റ്യൂട്ടുകൾ സമഗ്രമായി പഠിച്ചശേഷമാണ് മലയാളത്തിലും ഇംഗ്ലീഷിലുമുള്ള സോഫ്റ്റ് കോപ്പികൾ ഇറക്കുന്നതെന്നും തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല രജിസ്ട്രാർ (ഇൻ-ചാർജ്) സമിതി മുമ്പാകെ അറിയിച്ചു.

സോഫ്റ്റ് കോപ്പികൾ സമർപ്പിച്ചിട്ടും സ്റ്റാറ്റ്യൂട്ട് തയ്യാറാക്കാൻ താമസിച്ചത് എന്തുകൊണ്ടാണെന്ന് സമിതി വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ധാരാളം തിരുത്തലുകൾ വരുത്തേണ്ടിവന്നതിനാലാണ് കാലതാമസമുണ്ടായതെന്നും, ഒരു മാസത്തിനകം കരട് സ്റ്റാറ്റ്യൂട്ട് ലഭ്യമാക്കാമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകി.

6. 2014- ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ) ആക്ട്.

[ഫയൽ നമ്പർ 316/സബ്.സി.ഇ 1/2015/നി.സെ.]

(റഫ. നമ്പർ എ 2/49/17/ഉ.വി.വ. തീയതി 22-6-2018)

2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ] ആക്റ്റിന്മേലുള്ള കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, പ്രസ്തുത വിഷയം സംബന്ധിച്ച കരട് ചട്ടം തയ്യാറാക്കി 8-6-2018-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അയച്ചുകൊടുത്തിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഫോൺമുഖാന്തരം പി.എസ്.സി.-യുമായി ബന്ധപ്പെടുന്നുണ്ടെന്നും, ഒരു നിശ്ചിത തീയതി പി.എസ്.സി. അറിയിച്ചിട്ടില്ലെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച കരട് ചട്ടം ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

7. 2014-ലെ സർവ്വകലാശാല നിയമങ്ങൾ [മൂന്നാം ഭേദഗതി] ആക്റ്റ്-കരട് ചട്ടങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.

[ഫയൽ നമ്പർ 1103/സബ്.സി.ഇ 1/2015/നി.സെ.]

2014-ലെ സർവ്വകലാശാല നിയമങ്ങൾ [മൂന്നാം ഭേദഗതി] ആക്റ്റിന്റെ കരട് ചട്ടങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന് ഒരു ഓട്ടോണമി അപ്രൂവൽ കമ്മിറ്റിയുണ്ടെന്നും, പ്രസ്തുത കമ്മിറ്റി കഴിഞ്ഞ ആഴ്ച യോഗം ചേർന്നിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉന്നത വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഓട്ടോണമി അപ്രൂവൽ കമ്മിറ്റി സർവ്വകലാശാല നിയമത്തിൽത്തന്നെ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ടെന്നും പ്രസ്തുത ഭേദഗതികൾ കൂടി വരുത്തിയതിന് ശേഷം റൂൾസ് തയ്യാറാക്കിയാൽ മതിയോ എന്ന ഒരു സംശയം നിലവിലുണ്ടെന്നും കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ അഡീഷണൽ സെക്രട്ടറി/രജിസ്ട്രാർ സമിതിയെ അറിയിച്ചു.

മൂന്നാം ഭേദഗതി വന്നപ്പോൾ സർവ്വകലാശാല നിയമങ്ങളിൽ വന്ന മാറ്റത്തെക്കുറിച്ച് സമിതി വിവരം ആരാഞ്ഞതിന് സർവ്വകലാശാലകൾക്ക് സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചുവെന്നും ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങളും ഭേദഗതികളും ഓട്ടോണമി അപ്രൂവൽ കമ്മിറ്റി യോഗം ചേർന്ന് അംഗീകരിക്കുകയാണുണ്ടായതെന്നും ആക്ട് ഭേദഗതി ചെയ്യാനുള്ള നിർദ്ദേശം കമ്മിറ്റി അംഗീകരിച്ചതിനുശേഷം മൂലനിയമത്തിന്മേൽ റൂൾസും ബൈലോയും കൊണ്ടുവരാൻ കഴിയുമോയെന്നതാണ് സംശയമെന്നും മൂന്നാം ഭേദഗതി 2014-ലാണ് വന്നതെന്നും കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ അഡീഷണൽ സെക്രട്ടറി/രജിസ്ട്രാർ സമിതിയെ അറിയിച്ചു.

ആക്ടിൽത്തന്നെ ഭേദഗതി ആവശ്യമാണെന്നാണ് കമ്മിറ്റി കണ്ടെത്തിയിരിക്കുന്നതെന്നും, ആക്ടിൽ ഭേദഗതി വരുത്തിയതിനുശേഷം അതനുസരിച്ചുള്ള റൂൾ രൂപീകരിച്ചാൽ മതിയോ എന്നാണ് കമ്മിറ്റിയുടെ സംശയമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സാങ്കേതികമായി നോക്കിയാലത് ശരിയാണെങ്കിലും ഇതിനകം പ്രൊപ്പോസ് ചെയ്തിട്ടുള്ള ഭേദഗതിക്കനുസൃതമായി ആക്ട് എങ്ങനെയാണോ രൂപപ്പെട്ടിട്ടുള്ളതെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ചട്ടം തയ്യാറാക്കിവയ്ക്കുന്നതാണ് നല്ലതെന്നും ഇക്കാര്യങ്ങൾ ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കി കരട് ചട്ടം സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. നടപടി സ്വീകരിക്കുന്നതാണെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പ് നൽകുകയും ചെയ്തു.

8. 2015- ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട്

[ഫയൽ നമ്പർ 5335/സബ്.സി.ഇ 1/2015/നി.സെ.]

(റഫ. നമ്പർ13/164/2016/Hedn. തീയതി 30-10-2018)

2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിന്റെ സ്റ്റാറ്റ്യൂട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിൽ 15-3-2019-ൽ അദ്ധ്യാപക-അനദ്ധ്യാപക സംഘടനാ പ്രതിനിധികളുമായും 9-5-2019-ൽ

വിവിധ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായും ചർച്ചകൾ നടത്തി സ്റ്റാറ്റ്യൂട്ടിന്റെ കരട് തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നോയെന്നും കരട് സ്റ്റാറ്റ്യൂട്ട് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് കരട് സ്റ്റാറ്റ്യൂട്ട് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലെന്നും കരട് ചട്ടം ഇപ്പോൾ സബ്മിഷൻ സ്റ്റേജിലാണെന്നും, ആയതിന് അംഗീകാരം ലഭിച്ചാൽ മാത്രമേ നിയമവകുപ്പിന്റെ പരിശോധനയ്ക്ക് അയയ്ക്കാൻ സാധിക്കുകയുള്ളുവെന്നും ബന്ധപ്പെട്ട സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നുവെന്നും അതിനുശേഷമാണ് സമർപ്പിച്ചിരിക്കുന്നതെന്നും ഉന്നത വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഒരു മാസത്തിനകം കരട് സ്റ്റാറ്റ്യൂട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

9. 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ) ആക്ട്.

[ഫയൽ നമ്പർ1071/സബ്.സി.ഇ 1/2016/നി.സെ.]

(റഫ. നമ്പർ ബി2/264/2018/ഉ.വി.വ. തീയതി 2-11-2018)

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്മേലുള്ള കരട് ചട്ടം രൂപീകരിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു. വിവിധ സർവ്വകലാശാലകളിലായി 125-ഓളം വ്യത്യസ്ത കാറ്റഗറികളാണുള്ളതെന്നും കോമൺ കാറ്റഗറിയായി കമ്മിറ്റി കണ്ടെത്തിയിരിക്കുന്നത് 11 തസ്തികകളാണെന്നും, അതിൽ രണ്ടെണ്ണം ഏകീകരിക്കുകയും ബാക്കിയുള്ള 9 കാറ്റഗറികൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുള്ള സബ്കമ്മിറ്റി ചർച്ച നടത്തി വരികയുമാണെന്നും, സബ്കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായാലുടൻ തന്നെ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പുസെക്രട്ടറി അറിയിച്ചു. ഈ 9 കാറ്റഗറികളുടെയും യോഗ്യത ഏകീകരിക്കുക എന്നതല്ലേ ഉദ്ദേശിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന്, പല സർവ്വകലാശാലകളിലും വ്യത്യസ്തങ്ങളായ തസ്തികകളും ശമ്പളസ്കെയിലുകളുമാണുള്ളതെന്നും ആദ്യഘട്ടത്തിൽ അത്തരം തസ്തികകൾ ഏകീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും അത്തരത്തിലുള്ള ഒമ്പതോളം തസ്തികകൾ കണ്ടെത്തുകയും അതിന്റെ കരട് ചട്ടം തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്നും അത് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പ്രത്യേകമായിട്ടുള്ള തസ്തികകളുടെ കാര്യത്തിൽ

അഭിപ്രായ സമന്വയം ആവശ്യമാണെന്നും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അഡീഷണൽ സെക്രട്ടറി/ രജിസ്ട്രാർ സമിതിയെ അറിയിച്ചു. തുടർന്ന് ഒരു മാസത്തിനുള്ളിൽതന്നെ പ്രസ്തുത കരട് ചട്ടം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചതിൽ, ഒരു മാസത്തിനുള്ളിൽ കരട് ചട്ടം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രജിസ്ട്രാർ സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തു.

II. സമിതി അംഗീകരിച്ച കരട് ചട്ടത്തിന്മേൽ എസ്.ആർ.ഒ. ലഭ്യമാക്കാനുള്ളത്.

Kerala State Collegiate Education (Music Colleges) Service (Amendment) Special Rules, 2019- കരട് ചട്ടം വിജ്ഞാപനം ചെയ്തുകൊണ്ടുള്ള എസ്.ആർ.ഒ. ലഭ്യമാക്കുന്നത് സംബന്ധിച്ച്.

[ഫയൽ നമ്പർ 1904/സബ്.സി.ഇ 1/2019/നി.സെ.]

(റഫ. നമ്പർ 22-7-2019-ലെ സി1/165/2017/ഉ.വി.വ.)

കരട് ചട്ടം വിജ്ഞാപനം ചെയ്തുകൊണ്ടുള്ള എസ്.ആർ.ഒ. നമ്പർ 488/2019 ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കി.

ആക്ടുകളിന്മേലുള്ള കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച് അടുത്ത മാസം അവലോകന യോഗം ചേരുന്നതിന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 2.55-ന് അവസാനിച്ചു.

## 4. 21-8-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2019 ആഗസ്റ്റ് 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും, പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്, എം.എൽ.എ.
2. ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.
3. ശ്രീ. എം. സ്വരാജ്, എം.എൽ.എ.
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ജീവൻ ബാബു കെ., പൊതുവിദ്യാഭ്യാസ ഡയറക്ടർ
2. ശ്രീ. കെ. വി. മുരളീധരൻ, സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
3. ശ്രീ. കെ. അൻവർ സാദത്ത്, വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
4. ശ്രീ. ഹരികുമാർ എസ്., സീനിയർ ഫിനാൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്.

"ഹൈടെക്ക് സ്കൂൾ പദ്ധതി" എന്ന വിഷയം ചട്ടം 235 എ പ്രകാരം സമിതി പൊതുവിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് സമിതി ആരാഞ്ഞതിന് ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിൽ കഴിഞ്ഞ അദ്ധ്യയന വർഷം തന്നെ ഹൈടെക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നുവെന്നും അതിന്റെ ഭാഗമായി 59772 ലാപ്ടോപ്പുകൾ, 43422 മൾട്ടിമീഡിയ പ്രൊജക്ടറുകൾ, 41794 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റുകൾ, 41778 എച്ച്. ഡി. എം. ഐ. കേബിളുകൾ, 40614 ഫേസ് പ്ലേറ്റുകൾ, 23104 വൈറ്റ് സ്ക്രീനുകൾ, 42739 യു.എസ്.ബി. സ്പീക്കറുകൾ, 4578 ഡി.എസ്.എൽ.ആർ. ക്യാമറകൾ എന്നിവയും സ്കൂളുകൾക്ക് പൊതുവായി 4545 എൽ.ഇ.ഡി. ടെലിവിഷനുകൾ, 4720 എച്ച്.ഡി. വെബ്ക്യാംസ്, 4157 മൾട്ടി ഫങ്ഷൻ പ്രിന്ററുകൾ എന്നീ ഐ.ടി. ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ടെന്നും, ഇതിൽ 16510 ലാപ്ടോപ്പുകൾ ലാബിലേയ്ക്കും മറ്റ് ഉപകരണങ്ങൾ ക്ലാസ്സ് മുറികളിലേയ്ക്കുമാണ് നൽകിയിട്ടുള്ളതെന്നും, 40083 ക്ലാസ് മുറികളിലാണ് ഉപകരണങ്ങൾ മൗണ്ട് ചെയ്ത് ഉപയോഗിക്കുന്നതെന്നും നിർമ്മാണം നടക്കുന്ന മറ്റ് സ്കൂളുകളിൽ മൊബൈൽ രൂപത്തിൽ ഉപയോഗിക്കുന്നതിന് 3163 ലാപ്ടോപ്പുകളും 2196 പ്രൊജക്ടറുകളും ലഭ്യമാക്കിയിട്ടുണ്ടെന്നും, കഴിഞ്ഞവർഷം നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരുന്ന ഏകദേശം 2000 ക്ലാസ് മുറികൾ മാത്രമാണ് ഹൈടെക് ആക്കാൻ അവശേഷിക്കുന്നതെന്നും, പ്രസ്തുത ക്ലാസ് മുറികളുടെ പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തിയാക്കി നൽകണമെന്ന് കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചു. 'ഹൈടെക് സ്കൂൾ പദ്ധതി'-യുടെ പ്രധാന

ഭാഗമാണ് ഐ.ടി. ഉപകരണങ്ങളുടെ വിന്യാസമെന്നും, ഐ.ടി. ഉപകരണങ്ങൾക്കൊപ്പം ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പാഠ്യപ്രവർത്തനങ്ങൾക്ക് സമഗ്ര വിഭവപോർട്ടലുകളും ഉപയോഗിക്കുന്നുണ്ടെന്നും ഇതിന്റെ ഭാഗമായി മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകിക്കഴിഞ്ഞുവെന്നും, 29697 ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര വിഭവ പോർട്ടലിലൂടെ ലഭ്യമാക്കിയിട്ടുണ്ടെന്നും, കഴിഞ്ഞ അവധിക്കാലത്ത് മാത്രം 124000 അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും 4751 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്നും വയനാട് ജില്ലയിലെ എരുമപ്പെട്ടി എന്ന സ്ഥലത്തുള്ള ഒരു സ്കൂളിൽ കണക്ടിവിറ്റി നൽകാൻ ബുദ്ധിമുട്ടുണ്ടെന്നും, അവിടെ സാറ്റലൈറ്റ് രൂപത്തിലുള്ള ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സംവിധാനം ഈ മാസം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയാണെന്നും, ആയത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും, ഐ.ടി. ഉപകരണങ്ങളുടെ വിന്യാസവും ഡിജിറ്റൽ വിഭവങ്ങളും അനുബന്ധ പരിശീലനവും ബ്രോഡ്ബാന്റ് ഇന്റർനെറ്റും അക്കാദമികമായ മോണിറ്ററിംഗും സംയോജിപ്പിച്ചാണ് 'ഹൈടെക്ക് സ്കൂൾ പദ്ധതി' നടപ്പിലാക്കുന്നതെന്നും അദ്ദേഹം തുടർന്നറിയിച്ചു. എൽ.പി. സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. "ഹൈടെക് സ്കൂൾ പദ്ധതി" 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലാണ് നടപ്പിലാക്കുന്നതെന്നും 1 മുതൽ 7 വരെയുള്ള ക്ലാസുകളിൽ "ഹൈടെക് ലാബ് സ്കീമാണ്" നടപ്പിലാക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി.

1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പരിശീലനം കൊടുത്തുകഴിഞ്ഞുവെന്ന് മനസ്സിലാക്കിയ സമിതി പദ്ധതി ആരംഭിക്കാൻ വൈകിയാൽ അവർക്ക് തുടർ പരിശീലനം നൽകേണ്ടി വരുമെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

2019 ജൂലൈ 5-നാണ് ഹൈടെക്ക് ലാബ് പദ്ധതി ഉദ്ഘാടനം ചെയ്തതെന്നും ഉപകരണ വിതരണം 2019 സെപ്റ്റംബർ മാസത്തിൽ 80% പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയുടെ ചോദ്യത്തിന് മറുപടി നൽകി.

പല സ്കൂളുകളിലും പദ്ധതി നടപ്പാക്കിയെങ്കിലും ഇതുസംബന്ധിച്ച് പൊതുജനങ്ങൾ അറിയുന്ന രീതിയിലുള്ള ഒരു പ്രഖ്യാപനവും ഇതുവരെ നടത്തിയിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

55000 ലാപ്ടോപ്പുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തുകൊണ്ടി രിക്കുകയാണെന്നും സെപ്റ്റംബർ മാസം മുതൽ മണ്ഡലാടിസ്ഥാനത്തിലും പഞ്ചായത്തടിസ്ഥാനത്തിലും 'ഹൈടെക് സ്കൂൾ പദ്ധതി' പൂർത്തീകരണത്തിന്റെ പ്രഖ്യാപനം നടത്താനുള്ള തീരുമാനമായിട്ടുണ്ടെന്നും കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പദ്ധതി നടപ്പിലാക്കാൻ എത്ര ഹയർ സെക്കണ്ടറി സ്കൂളുകളാണ് ബാക്കിയുള്ളതെന്ന് സമിതി ആരാഞ്ഞതിന് 46000 ക്ലാസ് മുറികളിൽ 2000 ക്ലാസ് മുറികളിലാണ് ഇനി പദ്ധതി നടപ്പിലാക്കാനുള്ളതെന്ന് കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി.

പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത ക്ലാസ്സ് മുറികളുടെ എണ്ണമെത്രയാണെന്ന സമിതിയുടെ ചോദ്യത്തിന് പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത ക്ലാസ് മുറികളുടെ എണ്ണം നിയോജകമണ്ഡലാടിസ്ഥാനത്തിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി. ഇത് സംബന്ധിച്ച് എം.എൽ.എ.-മാർക്കും പഞ്ചായത്ത് പ്രസിഡന്റുമാർക്കും കത്തയച്ചിട്ടുണ്ടെന്നും 1 മുതൽ 12-ാം ക്ലാസ് വരെയുള്ള എല്ലാ സ്കൂളുകളും ഹൈടെക്ക് ആക്കുകയാണെന്നും, ഡിപ്പാർട്ട്മെന്റും കൈറ്റും മോണിറ്ററിംഗ് നടത്തുന്നതോടൊപ്പം എം.എൽ.എ.-മാരും കൂടി ഈ വിഷയം മോണിട്ടർ ചെയ്യണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ ഓരോ മണ്ഡലത്തിലെ എൽ.പി./യു.പി. ഹെഡ്മാസ്റ്റർമാരുടെയും പദ്ധതി നടപ്പിലാക്കാൻ ബാക്കിയുള്ള 2000 ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെയും ഒരു യോഗം അടിയന്തരമായി വിളിച്ച് ചേർക്കുന്നതിന് എം.എൽ.എ.-മാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആ യോഗത്തിൽ ഓരോ മണ്ഡലത്തിനും ലഭ്യമായ ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച മോണിറ്ററിംഗ് നടത്തുകയും പത്രക്കാരെ വിളിച്ച് പദ്ധതിക്ക് പ്രചാരണം നൽകുകയും ചെയ്യാമെന്നും പഞ്ചായത്തിൽ പദ്ധതി പൂർണ്ണമാവുകയാണെങ്കിൽ പഞ്ചായത്ത് തലത്തിൽ പ്രഖ്യാപനവും നടത്താമെന്നും, ഏകദേശം എല്ലാ മണ്ഡലങ്ങളിലും പദ്ധതി പൂർണ്ണമായിട്ടുണ്ടെന്നും എത്രയും വേഗം എല്ലാ മണ്ഡലങ്ങളിലും പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നതായും സമിതി ചെയർമാൻ അറിയിച്ചു.

നിലവിൽ പദ്ധതി നടത്തിപ്പിന്റെ 70-80 ശതമാനം പൂർത്തിയായിട്ടുണ്ടെന്നും,, ഉപകരണങ്ങളുടെ വിതരണം നടന്നുകൊണ്ടിരിക്കുകയാണെന്നും ഓണത്തിന് സ്കൂൾ അടയ്ക്കുന്നതിനുമുമ്പുവരെയുള്ള ഡേറ്റ ശേഖരിച്ച് എം.എൽ.എ.-മാർക്ക് നൽകാമെന്നും കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

2019 ആഗസ്റ്റ് 25-ാം തീയതി വരെയുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എം.എൽ.എ.-മാർക്കും നിയമസഭാ സെക്രട്ടേറിയറ്റിനും നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

ആഗസ്റ്റ് 25-ാം തീയതി വരെയുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എം.എൽ.എ.-മാർക്കും സംസ്ഥാനാടിസ്ഥാനത്തിലുള്ള റിപ്പോർട്ട് നിയമസഭാ സെക്രട്ടേറിയറ്റിനും നൽകാമെന്നും, മണ്ഡലാടിസ്ഥാനത്തിൽ പ്രഖ്യാപനം നടത്തുന്നതോടൊപ്പം കുട്ടികളെ പൊതുവിദ്യാലയ ങ്ങളിലേയ്ക്ക് ആകർഷിക്കുന്ന തരത്തിൽ "ഹൈടെക് സ്കൂൾ പദ്ധതി" പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

എം.എൽ.എ.-മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് പൂർത്തിയായ പദ്ധതികൾ സംബന്ധിച്ച പഞ്ചായത്തുതല പ്രഖ്യാപനം നടത്താവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഡി.ഡി.ഇ., എ.ഡി.ഇ. എന്നിവരുടെ യോഗം വിളിച്ചാൽ മേൽത്തട്ടിലുള്ള ഏകോപനം നടത്താൻ കഴിയുമെന്നും അതിനുശേഷം പ്രാദേശിക പ്രഖ്യാപനം നടത്താമെന്നും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ പഠനോത്സവം നടത്തുമ്പോൾ ഈ പദ്ധതിയുടെ വിവരങ്ങളും സ്കൂളുകളുടെ മെറിറ്റും പ്രദർശിപ്പിക്കാവുന്നതാണെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ സമിതിയെ അറിയിച്ചു.

ടൈലിട്ട ക്ലാസ്സ് മുറികളും ഇലക്ട്രിഫിക്കേഷനും സീലിംഗും ഇല്ലാത്ത സ്കൂളുകളിൽ പഞ്ചായത്ത് ഫണ്ടുകൊണ്ടുമാത്രം പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയില്ലെന്നും, പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് ഫണ്ടുകൾ എം.എൽ.എ./എം.പി. ഫണ്ട് എന്നിവ ക്ലബ്ബ് ചെയ്ത് ബാക്കിയുള്ള സ്കൂളുകളിൽ കൂടി അടിസ്ഥാന സൗകര്യങ്ങളൊരുക്കി പദ്ധതി പൂർത്തീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാൻ എം.പി., എം.എൽ.എ., പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം വിളിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകണമെന്നും സമിതി അംഗം ആവശ്യപ്പെട്ടു. 2020-ന് മുമ്പ് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്നും ഓരോ സ്കൂളിനും ടൈലിടാനും വൈദ്യുതീകരണത്തിനും മറ്റുമായി തുക നൽകാൻ ഉത്തരവ് ഇറക്കിയിട്ടുള്ളതായി സമിതി ചെയർമാൻ മറുപടി നൽകി.

നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുവാനുള്ള സ്കൂളുകളെ ലിസ്റ്റ് ചെയ്ത് പ്ലാൻ തയ്യാറാക്കാമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമിതിയെ അറിയിച്ചു.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളെക്കുറിച്ച് സമിതി ആരാഞ്ഞു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും നിർമ്മാണം നടക്കുന്നതുമായ 207 സ്കൂളുകളിലുൾപ്പെടെ 2000 ക്ലാസ്സ് മുറികളിലാണ് ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കാനുള്ളതെന്നും, ടി വിഷയം സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി അവർക്ക് മൊബൈൽ രൂപത്തിൽ ഉപയോഗിക്കാൻ കഴിയുന്ന സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്നും ക്ലാസ്സ് മുറികൾ തയ്യാറാകുമ്പോൾത്തന്നെ ലാപ്ടോപ്പുകളും മറ്റും സ്ഥാപിക്കുവാൻ കഴിയുമെന്നും കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

നിർമ്മാണം നടക്കുന്ന 2000 ക്ലാസ്സ് മുറികളിലും ഹൈടെക് സംവിധാനങ്ങൾ സെറ്റ് ചെയ്തിട്ടില്ലെങ്കിലും ആയതിന് ബദലായി അവർ മൊബൈൽ സംവിധാനം ഉപയോഗിക്കുന്നുണ്ടെന്നും ഇക്കാരണത്താൽ 2019 ഒക്ടോബർ അവസാനം അല്ലെങ്കിൽ

നവംബർ ആദ്യം 'ഡിജിറ്റൽ കേരള' എന്ന പ്രഖ്യാപനം നടത്തണമെന്നും സമിതിയിൽ തീരുമാനമുണ്ടായി. ആയതിന് മുന്നോടിയായി ജില്ലാ കളക്ടർമാർക്ക് കത്ത് നൽകണമെന്നും എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് ഡി.ഡി.ഇ.-മാരുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും യോഗം വിളിച്ച് മോണിറ്റർ ചെയ്യണമെന്നും എം.എൽ.എ.-മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, എൽ.പി./യു.പി. സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ എന്നിവരുടെ യോഗം വിളിച്ച് പദ്ധതി സംബന്ധിച്ച് മോണിറ്റർ ചെയ്യണമെന്നും, പഞ്ചായത്തിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഞ്ചായത്ത് തലത്തിലും അതിനുശേഷം മണ്ഡലാടിസ്ഥാനത്തിലും പ്രഖ്യാപനം നടത്താമെന്നും, എൽ.പി./യു.പി. സ്കൂളുകളിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ആക്കണമെന്നില്ലെന്നും അവർക്കാവശ്യമുള്ള ഒരു കേന്ദ്രീകൃത ലാബാണ് ഉദ്ദേശിക്കുന്നതെന്നും സമിതി വിലയിരുത്തി.

കുട്ടികളുടെ എണ്ണമനുസരിച്ച് ഉപകരണങ്ങൾ നൽകുമ്പോൾ, കുട്ടികളുടെ എണ്ണവും ഉപകരണങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം എത്രയാണെന്ന് സമിതി ആരാഞ്ഞതിന് 50-ൽ താഴെ കുട്ടികളാണെങ്കിൽ രണ്ട് ലാപ്ടോപ്പുകളും ഒരു പ്രൊജക്ടറും, 50-നും 100-നും ഇടയിൽ കുട്ടികളുണ്ടെങ്കിൽ മൂന്ന് ലാപ്ടോപ്പുകളും 2 പ്രൊജക്ടറുകളും 101-നും 200-നും ഇടയിൽ കുട്ടികളുണ്ടെങ്കിൽ 5 ലാപ്ടോപ്പുകളും 2 പ്രൊജക്ടറുകളുമാണ് നൽകുന്നതെന്നും, പ്രിന്ററും ടി.വി.യും പ്രത്യേകം നൽകുമെന്നും 1500-ലധികം കുട്ടികളുള്ള സ്കൂളുകൾക്ക് 20 ലാപ്ടോപ്പുകളും 10 പ്രൊജക്ടറുകളും 1 ടി.വിയും ഒരു പ്രിന്ററും നൽകുമെന്നും, പദ്ധതി നടപ്പിലാക്കിയ എല്ലാ സ്കൂളുകളിലും ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകിയിട്ടുണ്ടെന്നും കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി.

1500-ലധികം കുട്ടികളുള്ള സ്കൂളുകളുടെ എണ്ണം എത്രയാണെന്നും ഹൈസ്കൂളുകളിലാണോ 1500-ലധികം കുട്ടികളുള്ളതെന്നും സമിതി ആരാഞ്ഞു. 1500-ലധികം കുട്ടികളുള്ള 19 സ്കൂളുകളുണ്ടെന്നും 1000-നും 1500-നും ഇടയ്ക്ക് കുട്ടികളുള്ള 150 സ്കൂളുകളുണ്ടെന്നും 1 മുതൽ 7 വരെ ക്ലാസ്സുകളുള്ള 9000 സ്കൂളുകളുള്ളതിൽ 5800 സ്കൂളുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തുകഴിഞ്ഞുവെന്നും ബാക്കിയുള്ള സ്കൂളുകളിൽ ഒക്ടോബർ മാസത്തിനുമുമ്പ് ഉപകരണങ്ങൾ വിതരണം ചെയ്യുമെന്നും കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. മോഡ്യൂൾസ്, ലാപ്ടോപ്പിന്റെ ഭാഗമായി വരുന്നതാണെന്നും മോഡ്യൂൾസിന്റെ വിതരണം ഒരു മാസത്തിനുള്ളിൽ പൂർത്തിയാകുമെന്നും, ഹൈടെക്ക് സ്കൂൾ പദ്ധതിയനുസരിച്ച് എല്ലാ ഉപകരണങ്ങളുടെയും വാറണ്ടി കാലാവധി 5 വർഷമാണെന്നും, എല്ലാ സ്കൂളുകളിലും ഉപകരണങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണെന്നും, അവയുടെ വിതരണം പൂർത്തിയായ ശേഷം മണ്ഡലതല ഉദ്ഘാടനം നടത്താനാണ് നിശ്ചയിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

വിവിധ സ്കൂളുകളിൽ പദ്ധതി പ്രകാരം എന്തൊക്കെ ഉപകരണങ്ങളാണ് വിതരണം ചെയ്തതെന്ന് എം.എൽ.എ.-മാർക്ക് അറിയാൻ സാധിക്കുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ "ഹൈടെക് സ്കൂൾ പദ്ധതി"-യുമായി ബന്ധപ്പെട്ട് മണ്ഡലാടിസ്ഥാനത്തിൽ വിതരണം ചെയ്ത ഉപകരണങ്ങളുടെ മുഴുവൻ വിവരങ്ങളും ഒരു മാസത്തിനകം എം.എൽ.എ.-മാർക്ക് നൽകുന്നതാണെന്ന് കൈറ്റ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

എം.എൽ.എ.-മാർ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും അദ്ധ്യാപകരുടെയും യോഗം വിളിച്ച് ലിസ്റ്റിൽ പറയും പ്രകാരമുള്ള ഉപകരണങ്ങൾ സ്കൂളുകളിൽ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണെന്നും, സ്കൂളുകളിൽ സമഗ്ര പോർട്ടൽ ഉപയോഗിക്കുന്നുവെന്ന ഉറപ്പുവരുത്തലാണ് പ്രധാനമെന്നും പഠിക്കാനുള്ള ധാരാളം മോഡ്യൂളുകൾ സമഗ്ര പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും, അതെല്ലാം കൃത്യമായി ഉപയോഗിക്കാനുള്ള പരിശീലനവും നൽകിയിട്ടുണ്ടെന്നും, അതുകൊണ്ട് എം.എൽ.എ.-മാർ അദ്ധ്യാപകരുടെ യോഗം വിളിച്ച് 'സമഗ്ര' പോർട്ടൽ ഉപയോഗിക്കുന്നുണ്ടോയെന്ന് മോണിറ്റർ ചെയ്യുന്നത് ഉചിതമായിരിക്കുമെന്നും 'ഹൈടെക് സ്കൂൾ പദ്ധതി'-യുമായി ബന്ധപ്പെട്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിതരണം ചെയ്ത ഉപകരണങ്ങളുടെ ലിസ്റ്റ് എം.എൽ.എ.-മാർക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

'ഹൈടെക് സ്കൂൾ പദ്ധതി' നടത്തിപ്പിനായി 2019-20-ൽ കിഫ്ബി മുഖേന 493 കോടി രൂപ അനുവദിച്ചെന്നും അതിൽ ഹൈസ്കൂളുകൾക്കും ഹയർ സെക്കണ്ടറി സ്കൂളുകൾക്കും വേണ്ടി മാത്രം 349 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും 1 മുതൽ 7 വരെയുള്ള സ്കൂളുകൾക്ക് 292 കോടി രൂപയാണ് അനുവദിച്ചിരുന്നതെന്നും അത്രയും തുക ചെലവഴിച്ചിട്ടുണ്ടെന്നും കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ വിശദീകരിച്ചു.

കെ.ഇ.ആർ. പ്രകാരം സ്കൂൾ കെട്ടിടങ്ങളുടെ ഉയരം 3.7 മീറ്ററാണെന്നും, എന്നാൽ പല സ്കൂളുകളിലെയും കെട്ടിടങ്ങളുടെ ഉയരം 3.6 മീറ്ററാണെന്നും ഇക്കാരണത്താൽ 3.6 മീറ്റർ ഉയരമുള്ള കെട്ടിടങ്ങൾക്ക് 'Fitness Certificate' ലഭിക്കുന്നില്ലെന്നും, സമിതി അംഗം അറിയിച്ചപ്പോൾ പ്രസ്തുത സ്കൂളുകൾ അപേക്ഷ നൽകിയാൽ പ്രത്യേകം പരിഗണിക്കാമെന്ന് സമിതി ചെയർമാൻ അറിയിച്ചു.

ഹൈടെക് സ്കൂൾ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സമിതി അംഗങ്ങളുടെ നിർദ്ദേശങ്ങൾ എഴുതി നൽകാവുന്നതാണെന്ന് ചെയർമാൻ നിർദ്ദേശിച്ചു. ഹൈടെക് സ്കൂൾ പദ്ധതി സംബന്ധിച്ച ചോദ്യാവലി സമിതി അംഗീകരിക്കുകയും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അവയുടെ അടിസ്ഥാനത്തിൽ ഹൈടെക് സ്കൂൾ പദ്ധതി സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് അവസാനിച്ചു.

## 5. 1-10-2019-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2019 ഒക്ടോബർ മാസം 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 3 എ സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ സന്നിഹിതനായിരുന്നു. കൂടാതെ താഴെപ്പറയുന്ന ബഹു. സമിതി അംഗവും ഹാജരായിരുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ഡോ. ഷർമിള മേരി ജോസഫ്, സെക്രട്ടറി, ആയുഷ് വകുപ്പ്
5. ശ്രീ. രവി എസ്. മേനോൻ, ഡ്രഗ്സ് കൺട്രോളർ
6. ശ്രീ. സഞ്ജയൻ കുമാർ, ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്
7. ശ്രീമതി ജയശ്രീ ടി. കെ., സെക്രട്ടറി, കേരള സംസ്ഥാന യുത്ത് കമ്മീഷണർ
8. ശ്രീമതി ബിന്ദു കെ. കെ., ജോയിന്റ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
9. ശ്രീമതി മിനിമോൾ ഡി., ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
10. ശ്രീമതി മിനിമോൾ ടി., ജോയിന്റ് സെക്രട്ടറി, കായികയുവജനകാര്യ വകുപ്പ്
11. ശ്രീമതി ആശ വർഗ്ഗീസ്, അഡീഷണൽ ഡയറക്ടർ, കുടുംബശ്രീ.

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി പത്രികകൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

1. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3187/സബ്.സി.ഇ 1/2018/നി.സെ.)

(റഫ.നമ്പർ 9-5-2019-ലെ സാ.നീ.വ. ഇ 2/209/2018)

(റഫ.നമ്പർ 9-7-2019-ലെ എഫ്1/344/18/ആരോഗ്യം)

(റഫ.നമ്പർ 2-7-2019- ലെ ഐ.എ 1/37/2019/ത.സ്വ.ഭ.വ. നമ്പർ കത്ത്)

1, 4, 5, 6, 8, 10, 11, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ 20- ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമായ നടപടിപത്രിക സമിതി പരിഗണിച്ച വേളയിൽ ദുരുപയോഗം ചെയ്യുവാൻ സാധ്യതയുള്ള Psychotropic drugs ഏറ്റവുമധികം വില്പന നടത്തിയിട്ടുള്ള വ്യാപാരികളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കുകയും എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ സംയുക്ത പരിശോധന നടത്തുകയും ചെയ്യുന്നതുസംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞതിൽ സാധാരണ കഫ് സിറപ്പ് ഉപയോഗിച്ചാൽ ഉറക്കക്കൂടുതൽ ഉണ്ടാകുമെന്നേയുള്ളൂവെന്നും, Codeine അടങ്ങിയ Nitravet, Spasmoproxivon plus, Alprax തുടങ്ങിയ മരുന്നുകൾ കൂടുതൽ ചെലവാകുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ശേഖരിക്കുമെന്നും, ഇതര സംസ്ഥാന തൊഴിലാളികളാണ് ലഹരിക്കായി ഇത്തരം മരുന്നുകൾ കൂടുതലായി ഉപയോഗിക്കുന്നതെന്നും ഇവ ഉപയോഗമുള്ളതുകൊണ്ട് നിരോധിക്കാൻ കഴിയില്ലെന്നും ഡ്രഗ്സ് കൺട്രോളർ സമിതി മുമ്പാകെ അറിയിച്ചു. പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ഇത്തരം മരുന്നുകൾ വിൽക്കുന്നത് നിയന്ത്രിച്ചാൽ ഒരു പരിധിവരെ പ്രശ്ന പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നും ആയുഷ് വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. വ്യാജ പ്രിസ്ക്രിപ്ഷനുണ്ടാക്കിയും ആളുകൾ മരുന്ന് വാങ്ങുന്നുണ്ടെന്ന് ഡ്രഗ്സ് കൺട്രോളർ കൂട്ടി ചേർത്തു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാക്കിയ പ്രസ്തുത നടപടിപത്രിക സമിതി അംഗീകരിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 5-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഹോളിസ്റ്റിക് ഹെൽത്ത് പ്രോഗ്രാമിൽ എന്തെല്ലാം കാര്യങ്ങളാണുൾപ്പെടുത്തിയതെന്ന് സമിതി ആരാഞ്ഞു. കുടുംബശ്രീയുടെ 'ബാലസഭ' എന്ന സ്ട്രക്ചറിലൂടെയാണ് ഹോളിസ്റ്റിക് ഹെൽത്ത് പ്രോഗ്രാം നടത്തുന്നതെന്നും കഴിഞ്ഞ വർഷം 38000-ത്തോളം വാർഡുകളിൽ

സമ്പൂർണ്ണ ആരോഗ്യത്തിനുവേണ്ടി കപ്പാസിറ്റി ബിൽഡിംഗ്, ഹോളിസ്റ്റിക് ഹെൽത്ത് പ്രോഗ്രാം എന്നീ രണ്ട് പരിപാടികൾ നടത്തിയെന്നും, അതിൽ കുട്ടികളുടെ നൈപുണ്യ വികസന പരിശീലനങ്ങൾക്കൊപ്പം ലഹരിമുക്തിക്കുവേണ്ടിയും ഒരു സെഷൻ നടത്തിയിട്ടുണ്ടെന്നും, പ്രസ്തുത വിഷയം സംബന്ധിച്ച് എക്സൈസ് വകുപ്പിലെ സിവിൽ ഓഫീസർമാരാണ് ക്ലാസുകളെടുത്തതെന്നും, എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിപാടികൾ നടത്താൻ സാധിച്ചിട്ടുണ്ടെന്നും കുടുംബശ്രീ മിഷൻ പ്രോഗ്രാം ഓഫീസർ സമിതിയെ അറിയിച്ചു. പ്രസ്തുത പരിപാടികളുടെ ഫോളോ അപ് നടത്തുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആയവ ഉണ്ടെന്നും ഈ വർഷം കുടുംബ സംഗമമായാണ് പരിപാടി നടത്തുന്നതെന്നും, കുട്ടികൾ പഠിച്ച കലാ പരിപാടികൾ അവതരിപ്പിക്കുന്നതോടൊപ്പം മാതാപിതാക്കളെ കൂടി ഉൾപ്പെടുത്തി "പാരന്റൽ എഡ്യൂക്കേഷൻ" സെഷനും ഉദ്ദേശിക്കുന്നുണ്ടെന്നും കുടുംബശ്രീ മിഷൻ പ്രോഗ്രാം ഓഫീസർ സമിതി മുമ്പാകെ മറുപടി നല്കുകയും ചെയ്തു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി അംഗീകരിച്ചു

2. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3412/സബ്.സി.ഇ 1/2015/നി.സെ.)

(റഫ.നമ്പർ 6-6-2018-ലെ എ 1/109/2018/കാ.യു.വ.)

കായിക യുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ 61 മുതൽ 80, 84 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 5078/സബ്.സി.ഇ 1/2016/നി.സെ.)

(റഫ. നമ്പർ 6-6-2018-ലെ എ 1/109/2018/കാ.യു.വ.)

കായികയുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ 71, 72, 76 മുതൽ 86 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

6. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 1718/സബ്.സി.ഇ 1/2018/നി.സെ.)

(റഫ. നമ്പർ 2-7-2019-ലെ 112/ബി2/2018/കാ.യു.വ.)

കായികയുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ 136 മുതൽ 139 വരെയുള്ള നടപടിപത്രിക സമിതി പരിഗണിച്ചു.

136-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ആരായുന്നതിന് സമിതി നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

137, 138, 139 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ കായികയുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ നടപടിപത്രികയും 136 മുതൽ 139 വരെയുള്ള ഖണ്ഡികകളിലെ ശിപാർശ സമിതി മുമ്പാകെ ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതുസംബന്ധിച്ച വിശദീകരണക്കുറിപ്പും സമിതി അംഗീകരിച്ചു.

7. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്:

(ഫയൽ നമ്പർ 1925/സബ്.സി.ഇ 1/2017/നി.സെ.)

(റഫ. നമ്പർ 27-6-2019-ലെ എൽ1/230/2017/ഉ.വി.വ.)

സിവിൽ സർവ്വീസ് അക്കാഡമിയുടെ കോഴിക്കോട് സെന്റർ, പൊന്നാനിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റിസർച്ച് എന്നിവയുടെ കെട്ടിട നിർമ്മാണം വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണെന്നും ഈ വർഷവും എസ്.ഡി.ജി.-യിൽ നിർദ്ദേശം സമർപ്പിച്ചുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ലെന്നും പ്രസ്തുത വിഷയം സ്ഥലം എം.എൽ.എ.-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ധനകാര്യ വകുപ്പുമന്ത്രിയുമായി ഈ വിഷയം ഒന്നുകൂടി ചർച്ച ചെയ്യാമെന്നും സമിതി അഭിപ്രായപ്പെട്ടു.

സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച പരപ്പനങ്ങാടി എൽ.ബി.എസ്. സെന്ററിന് സ്ഥലം വാങ്ങാൻ കഴിഞ്ഞ മൂന്നു വർഷം തുടർച്ചയായി പണം ആവശ്യപ്പെടുകയാണെന്നും, സ്ഥലം കണ്ടെത്തി വില നിശ്ചയിച്ചിട്ട് മൂന്ന് വർഷമായെന്നും, ഓരോ വർഷവും ബഡ്ജറ്റ് സ്ക്രൂട്ടിനിയിൽ സ്ഥലത്തിന് 20 കോടി രൂപയും കെട്ടിട നിർമ്മാണത്തിന് 5 കോടി രൂപയും ഉൾപ്പെടെ 25 കോടി രൂപ ആവശ്യപ്പെടാറുണ്ടെന്നും ഇത്തവണയും തുക ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചിട്ടില്ലെന്നും സ്ഥലം ഉടമകൾ മൂന്ന് വർഷം മുമ്പുള്ള വിലയ്ക്ക് ഇനി വസ്തു നൽകണമെന്നില്ലെന്നും നിലവിൽ 1.5 ലക്ഷം രൂപ വാടക കൊടുത്താണ് കോളേജ് പ്രവർത്തിപ്പിക്കുന്നതെന്നും, ആയതിനാൽ എൽ.ബി.എസ്.-ന്റെ പരപ്പനങ്ങാടി സെന്ററിന് സ്ഥലം വാങ്ങുന്നതിന് 20 കോടി രൂപയും കെട്ടിട നിർമ്മാണത്തിന് 5 കോടി രൂപയും ഉൾപ്പെടെ 25 കോടി രൂപ അനുവദിക്കാൻ ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

35, 36, 38, 43 മുതൽ 47 വരെ, 74 മുതൽ 77 വരെ എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രിക സമിതി അംഗീകരിച്ചു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.

## 6. 22-10-2019-ലെ യോഗ നടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2019 ഒക്ടോബർ മാസം 22-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലും സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
2. ശ്രീമതി ഗീത കെ., അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ശ്രീ. പി. എസ്. കൃഷ്ണകുമാർ, അഡീഷണൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. വി. എസ്. ഗോപാൽ, അഡീഷണൽ സെക്രട്ടറി, പി. &എ.ആർ.ഡി.
5. ശ്രീ. ജയ്സുഖ്‌ലാൽ, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
6. ശ്രീമതി ഇന്ദുകല പി., അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. ബി. ശിവപ്രസാദ്, രജിസ്ട്രാർ, കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ

8. ഡോ. പി. ജി. പത്മകുമാർ, രജിസ്ട്രാർ, കേരള സാങ്കേതിക സർവ്വകലാശാല

9. ശ്രീമതി സോന കെ.ആർ., ഡയറക്ടർ ഓഫ് ആർക്കിയോളജി

പ്രസ്തുത യോഗത്തിൽ സമിതി കരട് ചട്ടങ്ങൾ, ആക്ടുകളിന്മേൽ കരട് ചട്ടം പുറപ്പെടുവിക്കാനുള്ളവ എന്നിവ പരിഗണനയ്ക്കെടുക്കുകയും പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, കായിക യുവജനകാര്യം, സാംസ്കാരികകാര്യം, നിയമം, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. കരട് ചട്ടം

1. The Kerala Higher Secondary Education Subordinate Services (Amendment) Rules, 2019.

[ഫയൽ നമ്പർ 5047/സബ്.സി.ഇ 1/2019/നി.സെ.]

[റഫ. നമ്പർ എസ്.സി1/76/18/പൊ.വി.വ. തീയതി 20-9-2019]

The Kerala Higher Secondary Education Subordinate Services (Amendment) Rules, 2019-ൽ ഭേദഗതികൾ വരുത്തണമെന്നും, ആയതിനാൽ ഒരു മാസത്തെ സമയംകൂടി അനുവദിക്കണമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭ്യർത്ഥിച്ചതിൽ ഒരു മാസത്തെ സമയംകൂടി സമിതി അനുവദിച്ചു.

2. The Kerala Right of Children to Free and Compulsory Education (Amendment) Rules 2016.

[ഫയൽ നമ്പർ 5037/സബ്.സി.ഇ 1/2016/നി.സെ.]

[റഫ. നമ്പർ ജെ1/29/2019/പൊ.വി.വ., തീയതി 21-10-2019]

പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമായ കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

3. സംസ്ഥാന പുരാരേഖവകുപ്പിന്റെ ഭേദഗതി വരുത്തിയ സ്പെഷ്യൽ റൂളുകൾ-

The Special Rules for the State Archives Subordinate Service, The Special Rules for the State Archives Service.

[ഫയൽ നമ്പർ 3777/സബ്.സി.ഇ 1/2015/നി.സെ.]

[റഫ. ഫയൽ നമ്പർ ബി2/95/18/സാം.കാ.വ. തീയതി 16-10-2019]

സംസ്ഥാന പുരാരേഖ വകുപ്പിന്റെ സ്റ്റേറ്റ് ആർക്കൈവ്സ് സർവ്വീസ് റൂൾസിന്റെയും സ്റ്റേറ്റ് ആർക്കൈവ്സ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെയും കരട് ചട്ടങ്ങൾ തയ്യാറാക്കുമ്പോൾ, നിലവിൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥരുടെ പ്രൊമോഷനെ ബാധിക്കാത്ത രീതിയിൽവേണം സ്പെഷ്യൽ റൂൾസ് തയ്യാറേക്കണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു.

സേവിംഗ്സ് ക്ലോസ് ഉൾപ്പെടുത്തിയാണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതെന്നും പുതിയതായി ഒരു ക്വാളിഫിക്കേഷൻ നിശ്ചയിക്കുമ്പോൾ അത് നേടാനുള്ള സമയം നൽകണമെന്നാണ് ചട്ടം വ്യവസ്ഥ ചെയ്യുന്നതെന്നും സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

അധിക യോഗ്യത നേടാൻ മൂന്ന് വർഷം മതിയെന്നിരിക്കെ ഇതിനായി അഞ്ച് വർഷം അനുവദിക്കുന്നുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

സാംസ്കാരികകാര്യ വകുപ്പിൽനിന്നും ലഭ്യമായ സംസ്ഥാന പുരാരേഖ വകുപ്പിന്റെ ഭേദഗതി വരുത്തിയ സ്പെഷ്യൽ റൂളുകൾ - The Special Rules for the State Archives Subordinate Service, The Special Rules for the State Archives Service എന്നിവ സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

## II. ആക്ടുകളിലെ വ്യവസ്ഥ പ്രകാരം കരട് ചട്ടം പുറപ്പെടുവിച്ചവ

2018-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട്

[ഫയൽ നമ്പർ 477/സബ്.സി.ഇ 1/2019/നി.സെ.]
[റഫ. നമ്പർ എ 2/141/2019/കാ.യു.വ. തീയതി 22-10-2019]

കായിക യുവജനകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കിയ 2019-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്ട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട് - ആദ്യ സ്റ്റാറ്റ്യൂട്ട്

[ഫയൽ നമ്പർ 3030/സബ്.സി.ഇ 1/2013/നി.സെ.]
(റഫ. നമ്പർ ബി2/24837/2013/ഉ.വി.വ., തീയതി 18-10-2019)

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ 2019-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആദ്യ സ്റ്റാറ്റ്യൂട്ട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

## III. ആക്ടുകളിലെ വ്യവസ്ഥ പ്രകാരം കരട് ചട്ടം പുറപ്പെടുവിക്കാത്തവ

1. The Kerala Archaeological State Service Special Rules, The Kerala Archaeological Subordinate Service Special Rules.

[ഫയൽ നമ്പർ 6562/സബ്.സി.ഇ 1/2014/നി.സെ.]
[റഫ. നമ്പർ 393/ബി1/2003/സാം.കാ.വ., തീയതി 17-5-2019]

3-1-2000-ലെ G.O.(P) No. 2/2000 പ്രകാരം Kerala Archaeological Subordinate Service Special Rules-ഉം G.O.(P) No. 3/2000 പ്രകാരം Kerala Archaeological State Service Rules-ഉം നിലവിൽ വന്നിട്ടുണ്ടെന്നും പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതി ലഭ്യമാക്കി നടപടിക്രമം പാലിച്ച് നിയമസഭാ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിച്ചിരുന്ന പ്രസ്തുത റൂളുകളിൽ ഭേദഗതി വരുത്തുന്നതിനായി സമിതി നിർദ്ദേശിച്ചിരുന്നുവെന്നും ആർക്കിയോളജി വകുപ്പിൽ 75 ശതമാനം ഒഴിവുകൾ പ്രൊമോഷൻ വഴിയും 25 ശതമാനം ഒഴിവുകൾ ഡയറക്ട് റിക്രൂട്ട്മെന്റ് വഴിയും നികത്താമെന്ന് സമിതിക്കുള്ള കുറിപ്പിൽ ചേർത്തിരിക്കുന്നത് ഒഴിവാക്കണമെന്ന സബ്ജക്ട് കമ്മിറ്റി നിർദ്ദേശപ്രകാരം നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണെന്നും, അതിനിടയിൽ പ്രൊമോഷൻ നൽകുന്ന തീരുമാനം അംഗീകരിക്കാൻ കഴിയില്ലെന്നും ബൈട്രാൻസ്ഫർ നിയമനവും ഡയറക്ട് റിക്രൂട്ട്മെന്റും 50 : 50 എന്ന അനുപാതത്തിൽ നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടത് പരിശോധിച്ചുവരുകയാണെന്നും അതുസംബന്ധിച്ച് വകുപ്പിലെ സർവ്വീസ് സംഘടനകളുമായി വീണ്ടും യോഗം ചേരുകയും ഫയൽ പി. ആന്റ് എ.ആർ.ഡി. പരിശോധിച്ചുവരികയുമാണെന്നും പുതുതായി അനുവദിച്ച ഓവർസിയർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകൾകൂടി സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തേണ്ടതിനാൽ ഫയൽ നിയമവകുപ്പ് കണ്ടതിനുശേഷം പി.എസ്.സി.-ക്കും അതിനുശേഷം സബ്ജക്ട് കമ്മിറ്റിക്കും നൽകേണ്ടതുണ്ടെന്നും, ആയതിന് കുറച്ചുകൂടി സമയം അനുവദിച്ച് നൽകണമെന്നും സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ബഹുമാനപ്പെട്ട സ്പീക്കറുടെ കർശനമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതുണ്ടെന്ന അഭിപ്രായപ്പെട്ട സമിതി മൂന്ന് മാസത്തിനുള്ളിൽ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയ, കരട് തയ്യാറാക്കി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

2. 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട്.

[ഫയൽ നമ്പർ 316/സബ്.സി.ഇ 1/2015/നി.സെ.]

2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്മേലുള്ള കരട് ചട്ടം 8-6-2018-ൽ പി.എസ്.സി.-ക്ക് നൽകിയതാണെന്നും, അതിനുശേഷം ധാരാളം ഓർമ്മക്കുറിപ്പുകളും അയച്ചുവരുന്നുവെന്നും, ആയത് അംഗീകരിച്ചിട്ടുണ്ടെന്നാണ് അനൗദ്യോഗികമായി അറിയാൻ കഴിഞ്ഞതെന്നും പ്രസ്തുത കരട് ചട്ടം ലഭ്യമാക്കാൻ രണ്ട് മാസത്തെ സമയം കൂടി അനുവദിക്കണമെന്നും ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയോട് അഭ്യർത്ഥിക്കുകയും സമിതി ആയത് അംഗീകരിക്കുകയും ചെയ്തു.

3. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്. [ഫയൽ നമ്പർ 1103/സബ്.സി.ഇ 1/2015/നി.സെ.]

2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ടിന്മേലുള്ള കരട് ചട്ടം ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ഗവേണിംഗ് ബോഡി യോഗത്തിൽ സൂക്ഷ്മ പരിശോധന നടത്തേണ്ടതുണ്ടെന്നും അതുകൊണ്ട് മൂന്ന് മാസത്തെ സമയംകൂടി അനുവദിക്കണമെന്നും ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അഭ്യർത്ഥിച്ചതിൽ സമിതി ആയത് അനുവദിക്കുകയും ചെയ്തു.

4. 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല - ആദ്യ സ്റ്റാറ്റ്യൂട്ട്.

[ഫയൽ നമ്പർ 5335/സബ്.സി.ഇ 1/2015/നി.സെ.]

2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലെ ആദ്യ സ്റ്റാറ്റ്യൂട്ട് നിയമ വകുപ്പ് പരിശോധിച്ച് നൽകിയ നിർദ്ദേശങ്ങളുൾപ്പെടുത്തി ലഭ്യമാക്കുന്നതിന് ഒരു മാസത്തെ സമയം കൂടി അനുവദിക്കണമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയോടഭ്യർത്ഥിച്ചതിൻ പ്രകാരം സമിതി അത് അനുവദിച്ചു

5. 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട്.

[ഫയൽ നമ്പർ 1071/സബ്.സി.ഇ 1/2016/നി.സെ.]

നിയമവകുപ്പിൽ നിന്നും മാറ്റങ്ങൾ വരുത്തി ലഭ്യമാക്കിയ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്മേലുള്ള കരട് ചട്ടം ഹയർ എഡ്യൂക്കേഷൻ കൗൺസിൽ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനിരിക്കുകയാണെന്നും, അതിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ സമിതി മുമ്പാകെ നൽകാൻ സാധിക്കുകയുള്ളുവെന്നും ആയതിനാൽ ഒരു മാസത്തെ സമയം കൂടി അനുവദിക്കണമെന്നും ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയോടഭ്യർത്ഥിക്കുകയും സമിതി അത് അംഗീകരിക്കുകയും ചെയ്തു

## IV. സമിതി സാധൂകരിച്ച എസ്. ആർ. ഒ.

കായിക യുവജനകാര്യ വകുപ്പിൽ നിന്ന് ലഭിച്ച എസ്. ആർ. ഒ. നമ്പർ 877/2018 സമിതി സാധൂകരിച്ചു

[ഫയൽ നമ്പർ 477/സബ്.സി.ഇ 1/2019/നി.സെ.]

[റഫ. നമ്പർ എ 2/141/2019/കാ.യു.വ. തീയതി 22-10-2019]

## V. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള കുറിപ്പ്

"പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്" എന്ന വിഷയവുമായി ബന്ധപ്പെട്ട സമിതിയുടെ തീരുമാനങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്.

[ഫയൽ നമ്പർ 42/സബ്.സി.ഇ 1/2015/നി.സെ.]

പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സമിതി നിർദ്ദേശിച്ച തീരുമാനങ്ങളിന്മേൽ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദവിവരം സമിതി ആരാഞ്ഞതിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പരിഗണനാ വിഷയങ്ങൾ നിർണ്ണയിക്കുന്നതിന് രൂപീകരിച്ച വിദഗ്ധ സമിതി 8-8-2019-ന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായിയെന്നും, പുരാവസ്തു വകുപ്പ് ഡയറക്ടർക്ക് ഗവൺമെന്റിൽ നിന്നും കിട്ടിയ റിപ്പോർട്ട്, സർക്കാർ തലത്തിൽ പരിശോധിച്ച് സബ്ജക്റ്റ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണെന്ന് സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചതിൽ ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 7. 5-11-2019- ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2019 നവംബർ 5-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 3.35 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ.ടി. ജലീലും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. പി.കെ. അബ്ദു റബ്ബ്, എം.എൽ.എ.
2. ശ്രീ. എം.സി. കമറുദ്ദീൻ, "
3. ശ്രീ. റ്റി.വി. രാജേഷ്, "
4. ശ്രീ. ഷാഫി പറമ്പിൽ, "
5. ശ്രീ. എം. സ്വരാജ്, "
6. ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
2. ശ്രീമതി ഇന്ദുകല. പി., അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. വിജയകുമാർ. ആർ., ജോയിന്റ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്
4. ശ്രീ. രാജൻ വർഗ്ഗീസ്, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ.

സമിതി 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള കുറിപ്പ് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**I. 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ**

സമിതി, ഭേദഗതികളൊന്നും കൂടാതെ ബിൽ അംഗീകരിച്ചു.

ശ്രീ. പി.കെ. അബ്ദുറബ്ബ്, എം.എൽ.എ., ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തി.

**II. 2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ**

ബിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ സമിതി അംഗീകരിച്ചു

1. ദീർഘ ശീർഷകത്തിൽ "2015-ലെ എ.പി.ജെ.അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടും" എന്ന വാക്കുകൾക്കുശേഷം "വീണ്ടും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

2. പീഠികയിൽ "താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി" എന്ന വാക്കുകൾക്കുശേഷം "വീണ്ടും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നതിൽ എന്തുകൊണ്ടാണ് (2-ാം നമ്പർ) എന്ന് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി അന്വേഷിച്ചതിൽ 2019-ലെ സർവ്വകലാശാല നിയമങ്ങൾ ബിൽ സംബന്ധിച്ച് ഒരേ സമയം രണ്ട് ഓർഡിനൻസുകളാണ് ഇറക്കിയിട്ടുള്ളതെന്നും പാരന്റ് ആക്ട് ഇംഗ്ലീഷിലായതിനാലാണ് ഇംഗ്ലീഷിൽ ഭേദഗതി കൊണ്ടുവരേണ്ടിവന്നതെന്നും നിലവിലെ ഭേദഗതികൾക്കായി വീണ്ടും ഭേദഗതി അവതരിപ്പിക്കുമ്പോൾ 2-ാം നമ്പർ ബില്ലെന്ന

രീതിയിലാണ് അവതരിപ്പിക്കേണ്ടതെന്നും, അതിനാലാണ് 2-ാം നമ്പർ എന്ന് പേര് നൽകേണ്ടി വന്നതെന്നും പാരന്റ് ആക്ടും ഭേദഗതിയും രണ്ടും രണ്ട് ഭാഷകളിലായതിനാലാണ് ഇങ്ങനെ ചെയ്യേണ്ടി വന്നതെന്നും നിയമവകുപ്പ് അഡീഷണൽ ലോ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. ഇംഗ്ലീഷിലോ മലയാളത്തിലോ മാത്രമായി ഭേദഗതി അവതരിപ്പിക്കാൻ സാധിക്കില്ലേ എന്ന് സമിതി ആരാഞ്ഞു. പാരന്റ് ആക്ട് ഏതു ഭാഷയിലാണോ അതേ ഭാഷയിലായിരിക്കണം ഭേദഗതി എന്നതാണ് ചട്ടമെന്ന് നിയമവകുപ്പ് അഡീഷണൽ ലോ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഭരണഭാഷ മാതൃഭാഷയിലാക്കുന്ന പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ട് പോകുമ്പോൾ പാരന്റ് ആക്ട് ഇംഗ്ലീഷിലായതിനാൽ ഭേദഗതിയും അതേ ഭാഷയിൽ തന്നെ വേണമെന്ന് പറയുന്നത് ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. നിലവിൽ ഇറങ്ങുന്ന എല്ലാ ആക്ടുകളും മലയാളത്തിൽ തന്നെയാണ് തയ്യാറാക്കുന്നതെന്ന് നിയമവകുപ്പ് അഡീഷണൽ ലോ സെക്രട്ടറി സമിതിയെ അറിയിച്ചു.

2019-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിന്മേൽ ശ്രീ. പി. കെ. അബ്ദുറബ്ബ് എം.എൽ.എ., ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ. എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തി.

## III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള കുറിപ്പ്

2014-15 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട്

(ഫയൽ നമ്പർ 7/സബ്.സി.ഇ 1/2015/നി.സെ.)

(റഫ.നമ്പർ 26-10-2019-ലെ 24/ബി3/2019- സാം.കാ.വ. നമ്പർ കത്ത്.)

2014-15 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതുസംബന്ധിച്ച വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ സാംസ്കാരിക കാര്യവകുപ്പിൽനിന്നും ലഭിച്ച പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനും, റിപ്പോർട്ടിന്റെ പകർപ്പുകൾ കൂടുതൽ ലഭ്യമാകാത്തതിനാൽ, ആയത് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് വിതരണം ചെയ്യുന്നത് ഒഴിവാക്കാനും സമിതി തീരുമാനിച്ചു.

പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.എം. അഹമ്മദാബാദ്, ഐ.ഐ.ടി. കാൺപൂർ എന്നിവ സന്ദർശിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ സമിതിയുടെ അടുത്ത യോഗത്തിൽ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.45-ന് പിരിഞ്ഞു.

## 8. 11-12-2019- ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2019 ഡിസംബർ 11-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 സി' സമ്മേളനഹാളിൽ സമിതി ചെയർമാനും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പി.കെ. അബ്ദു റബ്ബ്, എം.എൽ.എ.
2. ശ്രീ. എം.സി. കമറുദ്ദീൻ, എം.എൽ.എ.
3. ശ്രീ. റ്റി.വി. രാജേഷ്, എം.എൽ.എ.
4. ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം.എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
3. ശ്രീ. ജീവൻബാബു. കെ., ഡയറക്ടർ, പൊതുവിദ്യാഭ്യാസം
4. ഡോ. പി. സുരേഷ്കുമാർ, ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (ഐ.എച്ച്.ആർ.ഡി.)
5. ശ്രീമതി കെ. ഗീത, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
6. ശ്രീമതി ഇന്ദുകല. പി., അഡീഷണൽ ലോ സെക്രട്ടറി, നിയമവകുപ്പ്
7. ശ്രീ. വിജയകുമാർ. ആർ., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

8. ശ്രീ. ജയ്സുഖ്ലാൽ, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

9. ശ്രീ. അജി ഫിലിപ്പ്, ജോയിന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

വിവിധ കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കുറിപ്പുകൾ എന്നിവ പ്രസ്തുത യോഗത്തിൽ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

<u>കരട് ചട്ടങ്ങൾ (പൊതുവിദ്യാഭ്യാസ വകുപ്പ്)</u>

(a) The Kerala Higher Secondary Education Subordinate Service (Amendment) Rules, 2019

ഹയർ സെക്കണ്ടറി (ജൂനിയർ) അദ്ധ്യാപക തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 25% ക്വാട്ടയിലേയ്ക്ക് യോഗ്യരായ മിനിസ്റ്റീരിയൽ സ്റ്റാഫിനേയും ലാബ് അസിസ്റ്റന്റുമാരേയും ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതി കൊണ്ടുവരേണ്ടതെന്നും പ്രസ്തുത വിഷയത്തിൽ പുനഃപരിശോധന ആവശ്യമായതിനാൽ ഒരു മാസത്തെ സമയം അനുവദിക്കണമെന്നുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആവശ്യം സമിതി അംഗീകരിച്ചു.

[ഫയൽ നം.5047/സബ്.സി.ഇ 1/2019/നി.സെ.]

(ഫ. നം. 25-8-2019, 20-9-2019 എന്നീ തീയതികളിലെ എസ്.സി1/76/ 2018/പൊ.വി.വ.)

(b) The Kerala General Education Service (Amendment) Special Rules, 2019

ഉറുദു സ്പെഷ്യൽ ഓഫീസർ തസ്തികയ്ക്ക് നിയമ പ്രാബല്യം നൽകുന്നതിനാണ് ജനറൽ എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസിൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നും പ്രസ്തുത റൂൾസിലെ Rule 2, Sub rule (iii)- 'a total of 12 years of experience in teaching Urdu in Departmental High Schools, Training Schools or both' എന്നതിനുപകരം 'a total of 12 years of experience in teaching Urdu in Departmental High Schools/Training Schools or both' എന്നാക്കി മാറ്റണമെന്ന വകുപ്പിന്റെ ഭേദഗതി നിർദ്ദേശം സമിതി അംഗീകരിച്ചു.

(ഫയൽ നം.5629/സബ്.സി.ഇ 1/2019/നി.സെ.)

[ഗഫ.നം. 14.10.2019-ലെ 55377/സി3/2015/പൊ.വി.വ.]

(c) The Kerala Vocational Higher Secondary Education State Service (Amendment) Rules, 2019.

The Kerala Vocational Higher Secondary Education Subordinate Service (Amendment) Rules, 2019

വൊക്കേഷണൽ ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് റഗുലർ പഠനം വഴിയുള്ള വിദ്യാഭ്യാസ യോഗ്യതകൾ കൂടാതെ കറസ്പോണ്ടൻസ് കോഴ്സ് പഠിച്ചവരെക്കൂടി പരിഗണിക്കുന്നതിനായി 2004-ലെ കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവ്വീസ്/സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 4-ൽ നോട്ട് -1, ie "All the Educational qualifications for teaching posts should be one acquired after a regular course of study from a recognised University in Kerala" ഒഴിവാക്കണമെന്ന ഭേദഗതി സമിതി അംഗീകരിച്ചു.

[ഫയൽ നം.5616/സബ്.സി.ഇ 1/2019/നി.സെ.]

[ഗഫ. നം. 3-10-2019-ലെ എസ്.സി.1/199/17/പൊ.വി.വ.]

**II ആക്ഷൻടേക്കൺ സ്റ്റേറ്റ്മെന്റ് (ഉന്നതവിദ്യാഭ്യാസ വകുപ്പ്)**

(1) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 53-56, 62, 67, 70, 71, 93-99, 101 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ സമിതി അംഗീകരിച്ചു.

(ഫയൽ നം. 1718/സബ്.സി.ഇ 1/2018/നി.സെ.)

[ഗഫ.നം. 31-8-2019-ലെ ജി2/252/2018/ഉ.വി.വ.]

പരപ്പനങ്ങാടി എൽ.ബി.എസ്. സെന്ററിന് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടും നാളിതുവരെയായി യാതൊരു നടപടിയും ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടില്ലെന്നും പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് 16 ഏക്കർ സ്ഥലം വാങ്ങുന്നതിനായി 20 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെന്നും ഇതിനായി വകുപ്പുമന്ത്രിയേയും ഉദ്യോഗസ്ഥരേയും സമീപിച്ചെങ്കിലും യാതൊരു നടപടിയുമുണ്ടായിട്ടില്ലെന്നും കഴിഞ്ഞ 3 വർഷമായി സബ്ജക്ട് കമ്മിറ്റി യോഗങ്ങളിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണെന്നും അനുവദിക്കുന്ന തുക നേടിയെടുക്കേണ്ടത് വകുപ്പ് സെക്രട്ടറിയുടെ ചുമതലയാണെന്നും, സ്ഥലം വാങ്ങുന്നതിനായി ധനകാര്യ

വകുപ്പിനോട് ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന വിവരം നാളിതുവരെ അറിയിച്ചിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ബഡ്ജറ്റിൽ അനുവദിച്ച തുകപോലും കുറയുന്ന സ്ഥിതിയാണുള്ളതെന്നും എൽ.ബി.എസ്. സെന്ററിന് സ്ഥലം വാങ്ങുന്നതിനായി അനുവദിച്ച തുകയുടെ കുറച്ചെങ്കിലും നൽകണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടെങ്കിലും അനുവദിക്കുകയുണ്ടായില്ലെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടിയായി സമിതിയെ അറിയിച്ചു.

നിലവിൽ ഒരു കോടിയിൽപ്പരം രൂപ വാടക കൊടുത്താണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്നും സ്ഥലം വാങ്ങാനുള്ള തുകയെങ്കിലും അനുവദിച്ചിരുന്നുവെങ്കിൽ എം.എൽ.എ./എം.പി. ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമായിരുന്നുവെന്നും ബഹു. അംഗം അഭിപ്രായപ്പെട്ടതിൽ പരപ്പനങ്ങാടി എൽ.ബി.എസ്. സെന്ററിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനോടൊപ്പം പ്രസ്തുത വിഷയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് അന്വേഷിച്ച് വിവരം ലഭ്യമാക്കുകയും ചെയ്യണമെന്നും സമിതി ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

ഐ.എച്ച്.ആർ.ഡി. പോലുള്ള സ്ഥാപനങ്ങളുടെ വികസനത്തിനായി കഴിഞ്ഞ കാലങ്ങളിൽ എം.എൽ.എ. ഫണ്ട് അനുവദിക്കുകയും പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ചുറ്റുമതിൽ, ലാബോറട്ടറി കെട്ടിടം എന്നിവ നിർമ്മിക്കുകയും ചെയ്തിരുന്നു. എന്നാൽ അടുത്ത കാലത്തായി സമർപ്പിച്ച പല പ്രൊപ്പോസലുകൾക്കും അനുമതി നൽകേണ്ടതില്ലെന്നാണ് ധനകാര്യ വകുപ്പ് തീരുമാനമെടുത്തിരിക്കുന്നതെന്നും ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ശക്തമായി ഇടപെടണമെന്നും സമിതി നിർദ്ദേശിച്ചു.

ഐ.എച്ച്.ആർ.ഡി. സമർപ്പിക്കുന്ന പല പ്രൊപ്പോസലുകളും ധനകാര്യവകുപ്പ് നിരസിക്കുന്ന സ്ഥിതിയാണുള്ളതെന്നും ബഹു. അംഗങ്ങളുടെ അപേക്ഷയെത്തുടർന്ന് പ്രത്യേക അംഗീകാരം നൽകുകയാണ് ചെയ്തുവരുന്നതെന്നും ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമിതിയെ അറിയിച്ചു. ടി വിഷയം ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

എയ്ഡഡ് കോളേജുകളെ സഹായിക്കുന്നതിന് സർക്കാരിന് ബാധ്യതയുണ്ടെന്നും, പ്ലാൻ ഫണ്ടിന് പരിമിതിയുള്ളതിനാൽ എം.എൽ.എ. ഫണ്ട് അനുവദിക്കുകയാണെങ്കിൽ അവർക്ക് കെട്ടിടം നിർമ്മിക്കുന്നതിനെങ്കിലും സാധിക്കുമായിരുന്നുവെന്നും, ഒരു പ്രൊപ്പോസൽ നിരസിച്ച് കഴിഞ്ഞാൽ അതിന് സ്പെഷ്യൽ ഓർഡർ നേടിയെടുക്കാൻ പിന്നീട് 6 മാസം വരെ കാലതാമസം നേരിടുന്നുണ്ടെന്നും ഇക്കാര്യത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ ഭാഗത്തു നിന്നുകൂടി ശ്രമം നടത്തേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഐ.എച്ച്.ആർ.ഡി. പോലുള്ള സ്ഥാപനങ്ങൾക്ക് അനുവദിക്കാമെന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ എന്നും അപ്രകാരം അനുവദിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിൽ സർക്കാർ ഉത്തരവ് നിലവിലുണ്ടെന്നും എന്നാൽ പലപ്പോഴും ഇത്തരം പ്രൊപ്പോസലുകൾ ധനകാര്യവകുപ്പ് നിരസിക്കുകയാണെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഒരു കോടി രൂപവരെയുള്ള പ്രോജക്ടുകൾക്ക് അനുവാദം നൽകേണ്ടത് അതത് ജില്ലാ കളക്ടർമാരാണെന്നും അതിനുമുകളിൽ വരുന്ന തുകയ്ക്ക് ധനകാര്യവകുപ്പാണ് അംഗീകാരം നൽകേണ്ടതെന്നും ഐ.എച്ച്.ആർ.ഡി. ഡയറക്ടർ വ്യക്തമാക്കി.

കണ്ണൂർ ജില്ലയിലെ ഒരു പോളിടെക്നിക്കിനുവേണ്ടി 38 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ജില്ലാ കളക്ടർ ധനകാര്യവകുപ്പിന് അയച്ചത് നിരസിച്ചിരിക്കുകയാണെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച നടത്തി പരിഹാരം കാണേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുകയും അങ്ങനെ ചെയ്യാമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

## III സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ കുറിപ്പുകൾ

(1) 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ടിലെ 77, 78, 81 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടി പത്രിക നാളിതുവരെയും ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക അന്നേ ദിവസം സമിതി മുമ്പാകെ പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയത് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 6983/സബ്.സി.ഇ 1/2014/നി.സെ.)

[റഫ.നം. 11-12-2019-ലെ 4067076/പി2/19/പൊ.വി.വ. നമ്പർ കത്ത്.]

(2) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടിലെ 11-17, 19-21, 23, 28, 29 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടി പത്രിക ലഭ്യമാക്കാത്ത വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ അന്നേ ദിവസം ടി വകുപ്പ് ലഭ്യമാക്കിയ 11, 12, 13, 14, 15, 16, 17, 19, 20, 28. എന്നീ ഖണ്ഡികകളിന്മേലുള്ള നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 3958/സബ്.സി.ഇ 1/2015/നി.സെ.)

[ഗ.ഉ.നം. 10-12-2019-ലെ GEDN-SC3/138/2019-GEDN.

ഖണ്ഡിക 21, 23,29 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക ഉടൻ തന്നെ ലഭ്യമാക്കാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സ്കൂളുകളിലെ ടോയ്‌ലെറ്റ് സൗകര്യത്തെക്കുറിച്ച് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഓരോ സ്കൂളിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകി.

സ്കൂൾ കെട്ടിടം നിർമ്മിക്കുമ്പോൾ ക്ലാസ് മുറികളുടെ കാര്യത്തിൽ മാത്രമേ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ വകുപ്പുകൾ എന്നിവ പ്രാധാന്യം നൽകുന്നുള്ളുവെന്നും അതുകൊണ്ട് കെട്ടിടം നിർമ്മിക്കുമ്പോൾ ആനുപാതികമായ ടോയ്‌ലെറ്റുകൾക്കൂടി നിർമ്മിക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

(3) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ (2015-16) 23, 24, 35, 36, 37, 39, 44-50 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടി പത്രിക ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ ഖണ്ഡിക 23, 44-50 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക ലഭ്യമാക്കിയിട്ടുണ്ടെന്നും ഖണ്ഡിക 24, 35, 36, 37, 39 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക ഉടനെ ലഭ്യമാക്കാമെന്നും പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവുകൾ മാത്രം പരിഗണിച്ചാൽ മതിയെന്നാണ് ധനകാര്യവകുപ്പിൽ നിന്ന് അറിയിച്ചിരിക്കുന്നതെന്നും അത് സംബന്ധിച്ച വിവരങ്ങൾ മാത്രമേ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളുവെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

(ഫയൽ നം. 3412/സബ്.സി.ഇ 1/2015/നി.സെ.)

(4) 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സാംസ്കാരികകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ 2015-16, 2016-17 വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ അച്ചടിച്ച് ലഭ്യമാക്കുന്നതിനായി 23-3-2018, 27-4-2018 എന്നീ തീയതികളിൽ ഗവൺമെന്റ് പ്രസ്സിൽ നൽകിയിരുന്നുവെന്നും, എന്നാൽ ടി ജോലികൾ ഷൊർണ്ണൂരിലെ പ്രസ്സിലേയ്ക്ക് മാറ്റിയതിലുണ്ടായ കാലതാമസം മൂലമാണ് യഥാസമയം അച്ചടിച്ച് നൽകാൻ സാധിക്കാത്തതെന്നും ആയത് എത്രയും വേഗം

ലഭ്യമാക്കുന്നതാണെന്നും സാംസ്കാരിക കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. പ്രസ്തുത വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(ഫയൽ നം. 128/സബ്.സി.ഇ 1/2016/നി.സെ.)

(ഫയൽ നം. 490/സബ്.സി.ഇ 1/2017/നി.സെ.)

സമിതിയുടെ 2020-ലെ അഖിലേന്ത്യാ പഠന പര്യടന പരിപാടിയുടെ ഭാഗമായി പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.എം. അഹമ്മദാബാദ്, ഐ.ഐ.ടി. കാൻപൂർ, ഡൽഹി ജെ.എൻ.യു. എന്നിവ ഉൾപ്പെടുത്തി കരട് ടൂർ പ്രോഗ്രാം തയ്യാറാക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തുകയും ഹൈടെക് സ്കൂൾ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, ആലപ്പുഴ, കണ്ണൂർ ജില്ലകളിലെ സ്കൂളുകൾ സന്ദർശിക്കുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 12.10-ന് പിരിഞ്ഞു.

## 9. 4-2-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2020 ഫെബ്രുവരി 4-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 4.15-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. കെ. ടി. ജലീലും, സമിതിയുടെ പ്രത്യേക ക്ഷണിതാവും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. പി. കെ. അബ്ദു റബ്ബ്, എം.എൽ.എ.
2. ശ്രീ. എം. സി. കമറുദ്ദീൻ, എം.എൽ.എ.
3. ശ്രീ. ആർ. രാജേഷ്, എം.എൽ.എ.
4. ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.
5. ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.
6. ശ്രീ. എം. സ്വരാജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ഷബാന അഞ്ജും, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി,

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീമതി ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്

2. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

3. ശ്രീമതി കെ. ഗീത, അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്

4. ശ്രീ. വിജയകുമാർ റ്റി., സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

5. ശ്രീമതി ഇന്ദുകല പി., അഡീഷണൽ നിയമ സെക്രട്ടറി.

പ്രസ്തുത യോഗത്തിൽ എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, സമിതിക്കുള്ള കുറിപ്പുകൾ, പുരാവസ്തുവകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട്, കരട് ചട്ടം എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. (1) SRO No. - 627/2019

The Kerala Right of Children to Free and Compulsory Education (Amendment) Rules, 2019.

(സാധൂകരിച്ചു)

(ഫ.നം. 7217/സബ്.സി.ഇ 1/2019/നി.സെ.)

(റഫ. നം. 20-12-2019-ലെ സി4/9/2019/പൊ.വി.വ.)

(2) (a) SRO No. - 857/2019

The Kerala General Education Service (Amendment) Special Rules, 2019.

(സാധൂകരിച്ചു)

(b) SRO No. - 863/2019

The Kerala Vocational Higher Secondary Education Subordinate Service (Amendment) Rules, 2019

(സാധൂകരിച്ചു)

(c) SRO No. - 866/2019

The Kerala Vocational Higher Secondary Education State Service (Amendment) Rules, 2019.

(സാധൂകരിച്ചു)

(d) SRO No. - 867/2019

The Kerala Higher Secondary Education Subordinate Service (Amendment) Rules, 2019.

(സാധൂകരിച്ചു)

(e) SRO No. - 869/2019

The Kerala Higher Secondary Education State Service (Amendment) Rules, 2019.

(സാധൂകരിച്ചു)

(ഫ.നം. 6750/സബ്.സി.ഇ 1/2019/നി.സെ.)

(റഫ. നം. 20-12-2019 സി4/19/2019/പൊ.വി.വ.)

### II. ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ

(a) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16)ലെ ഖണ്ഡിക 23, 44-50 എന്നിവയിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടിപത്രിക സമിതി അംഗീകരിച്ചു.

(ഫ.നം. 3412/സബ്.സി.ഇ 1/2015/നി.സെ.)

(റഫ. നം. 12-12-2019-ലെ ബി1/371/2019/ഉ.വി.വ.)

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2018-19)ലെ 41, 44, 51, 59, 89 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകളും ആയത് ലഭ്യമാക്കാൻ കാലതാമസം നേരിട്ടതുസംബന്ധിച്ച കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫ.നം. 1718/സബ്.സി.ഇ 1/2018/നി.സെ.)

(റഫ. നം. ജെ3/168/2018/ഉ.വി.വ., തീയതി 20-1-2020)

(റഫ. നം. കെ 1/103/2019/ഉ.വി.വ., തീയതി 19-1-2020)

(c) ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20) ലെ 47-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ നടപടിപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫ.നം. 3340/സബ്.സി.ഇ 1/2019/നി.സെ.)

(റഫ. നം. എ 1/180/2019/ഉ.വി.വ., തീയതി 16-1-2020)

### III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ

(a) 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട്

[ഫ.നം. 316/സബ്.സി.ഇ 1/2015/നി.സെ]

(റഫ. നം. എ 2/49/2017/ഉ.വി.വ., തീയതി 21-10-2019)

പ്രസ്തുത ആക്ടിന്മേലുള്ള കരട് ചട്ടങ്ങൾ ലഭ്യമാക്കാത്ത വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിലെ 4-ാം വകുപ്പിലെ റിക്രൂട്ട്മെന്റ് റൂൾസിന്മേലുള്ള കരടിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില തസ്തികകൾ സംബന്ധിച്ച് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുകയാണെന്നും, പ്രസ്തുത ആക്ടിന്മേലുള്ള കരട് ചട്ടം തയ്യാറാക്കി രണ്ടാഴ്ചയ്ക്കുള്ളിൽ സമിതി മുമ്പാകെ ലഭ്യമാക്കാമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

(b) 2014-ലെ സർവ്വകലാശാല നിയമങ്ങൾ [മൂന്നാം ഭേദഗതി] ആക്ട്

[ഫ.നം. 1103/സബ്.സി.ഇ 1/2015/നി.സെ]

(റഫ. നം. ബി2/189/2017/ഉ.വി.വ., തീയതി 21-10-2019)

2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ടിന്മേലുള്ള കരട് ചട്ടങ്ങൾ ലഭ്യമാക്കാത്ത വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ 1-6-2019-ൽ ഓട്ടോണമി അപ്രൂവൽ കമ്മിറ്റി കൂടി നിർദ്ദേശിച്ച ഭേദഗതികൾ സംബന്ധിച്ച അഭിപ്രായം

സർവ്വകലാശാലകളിൽ നിന്നും ആവശ്യപ്പെട്ടിരുന്നെങ്കിലും എല്ലാ സർവ്വകലാശാലകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ലെന്നും, പ്രസ്തുത നിർദ്ദേശങ്ങൾ ക്രോഡീകരിച്ചതിനു ശേഷം മാത്രമേ അന്തിമ റിപ്പോർട്ട് നൽകാൻ സാധിക്കുകയുള്ളുവെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഏതെല്ലാം സർവ്വകലാശാലകളാണ് നിർദ്ദേശങ്ങൾ ലഭ്യമാക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് എം. ജി., കേരള എന്നീ സർവ്വകലാശാലകളാണ് റിപ്പോർട്ട് നൽകാനുള്ളതെന്നും ഇക്കാര്യത്തിൽ സമിതിയുടെ അതൃപ്തി അറിയിച്ച് ഒരാഴ്ക്കകം തന്നെ അവരിൽ നിന്നും നിർദ്ദേശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെടാമെന്നും, മറുപടി ലഭ്യമാക്കിയില്ലെങ്കിൽ ടി സർവ്വകലാശാലകൾക്ക് നിർദ്ദേശങ്ങളൊന്നും നൽകാനില്ല എന്നു കരുതി മുന്നോട്ട് പോകുവാനാണ് തീരുമാനം എന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് മറുപടി നൽകി. നിർദ്ദിഷ്ട സമയത്തിനുള്ളിൽ മറുപടി ലഭ്യമായില്ലെങ്കിൽ നിർദ്ദേശങ്ങളൊന്നുമില്ല എന്ന അനുമാനത്തിൽ തുടർനടപടികളുമായി മുന്നോട്ട് പോകുമെന്ന് രേഖാമൂലം സർവ്വകലാശാലകളെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(c) 2015-ലെ എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ്.

[ഫ.നം. 5335/സബ്.സി.ഇ 1/2015/നി.സെ.]

(റഫ. നം. J3/164/2016/HEDN, തീയതി 30-10-2018)

പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ആദ്യ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കി ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ സർവ്വകലാശാല ജീവനക്കാരുടെ പ്രതിനിധികളുമായും, പ്രധാന സർവ്വീസ് സംഘടനാ നേതാക്കളുമായും ചർച്ച ചെയ്ത്, അവരുടെ അഭിപ്രായം കൂടി ഉൾക്കൊണ്ട് രണ്ടാഴ്ചക്കുള്ളിൽ കരട് ചട്ടം തയ്യാറാക്കി ലഭ്യമാക്കാമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

(d) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ) ആക്റ്റ്.

(ഫ. നം. 1071/ സബ്.സി.ഇ 1/2016/നി.സെ.)

(റഫ.നം. ബി2/264/2017/ഉ.വി.വ., തീയതി 22-7-2019)

പ്രസ്തുത ആക്റ്റിന്മേൽ കരട് ചട്ടങ്ങൾ നാളിതുവരെയും ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ) ആക്റ്റിന് അനുബന്ധമായി രൂപീകരിക്കേണ്ട കരട് ചട്ടം ഇംഗ്ലീഷിലായിരുന്നെന്നും

ആയതിന്റെ മലയാളം പകർപ്പ് തയ്യാറാക്കി ലഭ്യമാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽപ്പെടാത്ത സർവ്വകലാശാലകൾക്കുകൂടി ടി ആക്റ്റ് ബാധകമാകുന്നതിനാൽ അതുമായി ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ആരായുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നുണ്ടെന്നും ആയത് കൂടി ലഭ്യമാക്കി നടപടിക്രമങ്ങൾ പാലിച്ച് കരട് ചട്ടം തയ്യാറാക്കി രണ്ട് മാസത്തിനുള്ളിൽ സമിതി മുമ്പാകെ ലഭ്യമാക്കാമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

(e) The Kerala Archaeological State Service Special Rules, The Kerala Archaeological Subordinate Service Special Rules

[ഫ. നം. 6562/സബ്.സി.ഇ 1/2014/നി.സെ.]

(റഫ.നം. 393/ബി1/2003/സാം.കാ.വ., തീയതി 17-5-2019)

The Kerala Archaeological State Service Special Rules, The Kerala Archaeological Subordinate Service Special Rules എന്നിവയുമായി ബന്ധപ്പെട്ട കരടുചട്ടം നാളിതുവരെയും ലഭ്യമാക്കാത്തത് സംബന്ധിച്ച വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ പുരാവസ്തുവകുപ്പിലെ സ്പെഷ്യൽ റൂൾസ് 29-11-2019-ന് പി. എസ്. സി. ചെയർമാന്റെ സൂക്ഷ്മ പരിശോധനയ്ക്കായി അയച്ചിരിക്കുകയാണെന്നും രണ്ട് മാസത്തിനകം ടി സ്പെഷ്യൽ റൂൾസ് സമിതി മുമ്പാകെ പരിഗണനയ്ക്ക് ലഭ്യമാക്കാമെന്നും സാംസ്കാരിക വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

## IV. ലഭ്യമാക്കാത്ത എസ്. ആർ. ഒ.-കൾ

(1) The Kerala Right of Children to Free and Compulsory Education (Amendment) Rules, 2019

(ഫ. നം. 5037/സബ്. സി. ഇ 1/2016/നി.സെ.)

(റഫ. നം. ജെ1/29/19/പൊ.വി.വ., തീയതി 21-10-2019)

പ്രസ്തുത കരട് ചട്ടം സംബന്ധിച്ച എസ്. ആർ. ഒ. ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ SRO-യുടെ പകർപ്പുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

(2) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ് -

(ഫ. നം. 3030/സബ്. സി. ഇ 1/2013/നി.സെ.)

(ഫ. നം. ബി2/24837/2013/ഉ.വി.വ., തീയതി 18-10-2019)

ആദ്യ സ്റ്റാറ്റ്യൂട്ട് വിജ്ഞാപനം ചെയ്തുകൊണ്ടുള്ള എസ്. ആർ. ഒ. ലഭ്യമാക്കാത്തത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിൽ എസ്. ആർ. ഒ.-യുടെ പകർപ്പുകൾ രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കാമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

### V. പുരാവസ്തു വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട്

"പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് " എന്ന വിഷയവുമായി ബന്ധപ്പെട്ട് സാംസ്കാരികകാര്യ വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫ. നം. 42/സബ്. സി. ഇ 1/2015/നി.സെ.)

[ഫ.നം. 17-1-2020-ലെ 243/ബി1/2019/സാം.കാ.വ. നമ്പർ കത്ത്]

### VI. കരട് ചട്ടം.

(a) The Kerala Higher Secondary Education Subordinate Service (Amendment) Rules, 2019.

The Kerala Higher Secondary Education Subordinate Service (Amendment) Rules, 2019-ൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്നും ആയതിന് 2 മാസത്തെ കാലാവധി കൂടി അനുവദിക്കണമെന്ന പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അഭ്യർത്ഥന സമിതി അംഗീകരിച്ചു.

(ഫ. നം. 5047/സബ്. സി. ഇ 1/2019/നി.സെ.)

[ഫ.നം. GEDN-SC1/76/2018-GEDN. തീയതി 30-1-2020]

(b) കെ. ഇ. ആർ. അദ്ധ്യായം XXXI, ചട്ടം (2) (ബി) Explanation III- The Kerala Education (Amendment) Rules, 2019.

കെ. ഇ. ആർ. അദ്ധ്യായം XXXI, ചട്ടം (2) (ബി) Explanation III - The Kerala Education (Amendment) Rules, 2019 ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

(ഫ. നം. 831/സബ്. സി. ഇ 1/2020/നി.സെ.)

[ഫ.നം. 19/പൊ.വി.വ., തീയതി 3-2-2020]

യോഗം വൈകുന്നേരം 4.45-ന് അവസാനിച്ചു.

## 10. 17-2-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2020 ഫെബ്രുവരി മാസം 17-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്, എം. എൽ. എ.
2. ശ്രീ. ആർ. രാജേഷ്, എം. എൽ. എ.
3. ശ്രീ. എം. സ്വരാജ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. ഉഷ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
3. ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
4. ശ്രീ. ജീവൻ ബാബു കെ., ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
5. ശ്രീ. ഫെറോൾഡ് സേവ്യർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. ശിവപ്രസാദ് ബി., അഡീഷണൽ സെക്രട്ടറി/രജിസ്ട്രാർ, കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ
7. ഡോ. വീണ എൻ മാധവൻ., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അസാപ്
8. ശ്രീ. വിജയകുമാർ ആർ., അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
9. ശ്രീ. റെജി ജോൺ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

10. ശ്രീ. ജെ. ആർ. സദാശിവൻ നായർ, ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്

11. ശ്രീ. പള്ളിയറ ശ്രീധരൻ, ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

12. ഡോ. എം. ലാൽ, ഡയറക്ടർ, സീമാറ്റ്, കേരള

13. ഡോ. പി. എസ്. ശ്രീകല, ഡയറക്ടർ, സാക്ഷരതാ മിഷൻ

14. ശ്രീമതി സുജ സൂസൻ ജോർജ്ജ്, ഡയറക്ടർ, മലയാളം മിഷൻ

15. ഡോ. ജെ. പ്രസാദ്, ഡയറക്ടർ, എസ്. സി. ഇ. ആർ. ടി.

16. ഡോ. പി. സുരേഷ് കുമാർ, ഡയറക്ടർ, ഐ.എച്ച്.ആർ.ഡി.&എൽ.ബി.എസ്.

17. ശ്രീ. എ. ഗോകുലേന്ദ്രൻ, സെക്രട്ടറി, ബുക്ക് മാർക്ക്

18. ശ്രീ. ഷൈൻ മോൻ എം. കെ., ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ്

19. ഡോ. പി. അനിതാ ദമയന്തി, ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള

20. ഡോ. കെ. പി. ഇന്ദിരാദേവി, ഡയറക്ടർ (ഇൻ-ചാർജ്), സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

21. ശ്രീ. മഹാദേവ് എം. ജി., രജിസ്ട്രാർ, നുവാൽസ്, കൊച്ചി

22. ശ്രീ. സുരേഷ് കുമാർ എസ്., രജിസ്ട്രാർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്

23. ഡോ. ഗോപാലകൃഷ്ണൻ എം. സി., രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

24. ഡോ. ടി. അനിതകുമാരി, രജിസ്ട്രാർ(ഇൻ-ചാർജ്ജ്), മലയാളം സർവ്വകലാശാല, തിരൂർ

25. ശ്രീ. പോളി ജോർജ്ജ് എം., അസിസ്റ്റന്റ് രജിസ്ട്രാർ, കണ്ണൂർ യൂണിവേഴ്സിറ്റി

26. ശ്രീ. ബാബു തോമസ്, ജോയിന്റ് രജിസ്ട്രാർ, എം.ജി യൂണിവേഴ്സിറ്റി

27. ഡോ. അൻസാർ എം. എസ്., ജോയിന്റ് രജിസ്ട്രാർ, കുസാറ്റ്

28. ഡോ. ആർ. ബിജു കുമാർ, പ്രിൻസിപ്പൽ, ഗവ. ലോ കോളേജ്

29. ഡോ. ബിന്ദു എം. നമ്പ്യാർ, പ്രിൻസിപ്പൽ, ഗവ. ലോ കോളേജ്, തൃശ്ശൂർ

30. ഡോ. ഷഫീഖ് വി., റിസർച്ച് ഓഫീസർ, ഉന്നതവിദ്യാഭ്യാസ കൗൺസിൽ

31. ഡോ. കെ. ബാബുക്കുട്ടൻ, സ്റ്റേറ്റ് എൻ. എസ്. എസ്. ഓഫീസർ.

2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽ വരുന്ന ആസൂത്രണ സാമ്പത്തികകാര്യം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, സാംസ്കാരികകാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

സാംസ്കാരികകാര്യ വകുപ്പിന്റെ 2202 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വരുന്ന അഞ്ച് സ്ഥാപനങ്ങളായ മലയാളം മിഷൻ, കേരള ബുക്ക് മാർക്ക്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ധനാഭ്യർത്ഥനകളാണ് പരിഗണിക്കേണ്ടതെന്ന് സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

### 2202-05-102-86—**മലയാളം മിഷൻ**

മലയാളം മിഷൻ വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2019-20-ൽ തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയും പദ്ധതിയിനങ്ങൾ പതിന്മടങ്ങ് വർധിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തവുമായതിനാൽ പദ്ധതിയിനത്തിൽ 73.75 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, വേതനം, ഓണറേറിയം, കെട്ടിട വാടക, ഇന്ധനം, വാഹനത്തിന്റെ അറ്റകുറ്റ പണികൾ, ദൈനംദിന ഓഫീസ് ആവശ്യങ്ങൾ, സ്റ്റേഷനറി തുടങ്ങിയവയ്ക്കായി പദ്ധതിയേതരയിനത്തിൽ 58.24 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### 2202-05-102-92—**കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി -ധനസഹായം**

കേരള ബുക്ക് മാർക്കറ്റിംഗിനായി ബഡ്ജറ്റ് ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തവും, പദ്ധതിയേതരയിനത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തിനാലും പദ്ധതിയിനത്തിൽ 1.06 കോടി രൂപ അധികമായും പദ്ധതിയേതരയിനത്തിൽ 86.66644 ലക്ഷം രൂപയും വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബുക്ക് മാർക്കറ്റിംഗിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദവിവരം സമിതി ആരാഞ്ഞതിൽ, സർക്കാർ സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ മാർക്കറ്റിംഗ്

ചെയ്യുന്നതാണ് സൊസൈറ്റിയുടെ ചുമതല എന്നും, അതോടൊപ്പം സ്വകാര്യ പ്രസാധകർ ആവശ്യപ്പെടുന്നതനുസരിച്ച് പുസ്തകങ്ങളും വിതരണം ചെയ്യുന്നുണ്ടെന്നും, കേരളത്തിലെ എല്ലാ ജില്ലകളിലും ശാഖകളുണ്ടെന്നും, സഞ്ചരിക്കുന്ന പുസ്തകശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ കോളേജുകൾ എന്നിവ ആവശ്യപ്പെടുന്ന പുസ്തകങ്ങൾ വിവിധ പ്രസാധകരിൽ നിന്നും ശേഖരിച്ച് എത്തിച്ച് കൊടുക്കുന്നുവെന്നും ബുക്ക്മാർക്കറ്റിംഗ് സൊസൈറ്റി സെക്രട്ടറി അറിയിച്ചു.

2202-05-102-96—**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ പുസ്തക നിർമ്മാണത്തിനായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, പദ്ധതിയിനത്തിൽ 4 കോടി രൂപയും കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാർക്ക് ശമ്പളം, ഡി. എ. കുടിശ്ശിക എന്നിവ നൽകുന്നതിനും റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരിച്ചടക്കുന്നതിനും പദ്ധതിയേതരയിനത്തിൽ 6 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-97—**സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, അലവൻസ്, ആർജ്ജിതാവധി സറണ്ടർ, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ആഡിറ്റ് ഫീസ് കുടിശ്ശിക എന്നിവ നൽകുന്നതിനും, വാഹനം, ടെലിഫോൺ, വൈദ്യുതി, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കും, റിവോൾവിംഗ് ഫണ്ടിൽ നിന്നും കടമെടുത്ത തുക തിരിച്ചടക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-05-102-98—**സംസ്ഥാന സർവ്വവിജ്ഞാനകോശം പ്രസിദ്ധീകരണ കേന്ദ്രം**

കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് 2020-21 സാമ്പത്തികവർഷത്തിൽ പ്രാവർത്തികമാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം, ഡി.എ. കുടിശ്ശിക, രണ്ട് ജീവനക്കാരുടെ ടെർമിനൽ സറണ്ടർ എന്നിവ നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്നതിനും പദ്ധതിയേതരയിനത്തിൽ 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-01-101-99-01-4 — ലോവർ പ്രൈമറി സ്കൂളുകൾ-ശമ്പളം-മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്**

സംസ്ഥാനത്തെ 2542 ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 18871 ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് നൽകുന്നതിന് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-01-102-99-01-4 — റ്റീച്ചിംഗ് ഗ്രാന്റ് - ശമ്പളം - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്**

സംസ്ഥാനത്തെ 5849 എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള 66006 ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിന് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-01-112-93-04-1—പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം-യാത്രാചെലവുകൾ - യാത്രാബത്ത**

പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിനും 182 ജീവനക്കാരുടെ യാത്രാബത്ത കുടിശ്ശിക വിതരണം ചെയ്യുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-01-102-93—പി. ടി. എ. നിയന്ത്രണത്തിലുള്ള പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കുമുള്ള ധനസഹായം**

പി. ടി. എ.-യുടെ നിയന്ത്രണത്തിലുള്ള 1773 സ്കൂളുകളിലെ 1948 പ്രീ-പ്രൈമറി അദ്ധ്യാപികമാർക്കും 758 ആയമാർക്കും (എം. എസ്.) 385/2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സഹായധനം വിതരണം ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-02-109-99— സെക്കണ്ടറി സ്കൂളുകൾ 01-4 - ശമ്പളം - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്**

**04-1 യാത്രാചെലവുകൾ - യാത്രാബത്ത**

സംസ്ഥാനത്തെ 1006 ഗവ. സെക്കണ്ടറി സ്കൂളുകളിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, യാത്രാബത്ത കുടിശ്ശിക എന്നിവ നൽകുന്നതിന് ഈ ശീർഷകങ്ങളിൽ 10 ലക്ഷം രൂപ വീതം ആകെ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-01-191-50—കോർപ്പറേഷനുകൾക്കുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

കോർപ്പറേഷൻ മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-01-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

മുനിസിപ്പാലിറ്റി മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5.542 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-01-196-50—ജില്ലാ പഞ്ചായത്തിനുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

ജില്ലാ പഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13.9 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-01-198-50—വില്ലേജ് പഞ്ചായത്തിനുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

ഗ്രാമപഞ്ചായത്ത് മുഖാന്തരം പ്രൈമറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 21 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-02-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

കോർപ്പറേഷനുകളിലെ സെക്കണ്ടറി സ്കൂളുകളിൽ സ്കോളർഷിപ്പ് വിതരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-02-192-50—മുനിസിപ്പാലിറ്റികൾക്കുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

മുനിസിപ്പാലിറ്റികളിലെ സെക്കണ്ടറി സ്കൂളുകളിൽ സ്കോളർഷിപ്പ് വിതരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 55.42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-02-196-50—ജില്ലാ പഞ്ചായത്തിനുള്ള സഹായം റവന്യൂ ചെലവിനുള്ള ബ്ലോക്ക് ഗ്രാന്റുകൾ**

സെക്കണ്ടറി സ്കൂളുകളിലെ സ്കോളർഷിപ്പ് വിതരണത്തിനായും ഗ്രാമപ്രദേശങ്ങളിലെ സമർത്ഥരായ കുട്ടികൾക്ക് സെക്കണ്ടറി വിഭാഗത്തിൽ ദേശീയ സ്കോളർഷിപ്പ് നൽകുന്നതിനായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.72 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-02-001-92-01-4—ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് - ശമ്പളം - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്**

ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിന് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-02-109-86-01-4—ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ (പ്ലസ്സ് കോഴ്സ്)-ശമ്പളം-മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്**

ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-02-110-94—എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ - ടീച്ചിംഗ് ഗ്രാന്റ്**

എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത എന്നീ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-80-004-91—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ്**

നൈതികം-ലിംഗനീതി, ഭരണഘടന മൂല്യങ്ങൾ, അവകാശങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട് കുട്ടികളിൽ അവബോധം വികസിപ്പിക്കുന്നതിനും നേതൃത്വ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും, പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നതിനായും കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായി 'ശ്രുതിപാഠം' പദ്ധതി വികസിപ്പിക്കുന്നതിനായും പദ്ധതി ഇനത്തിൽ 2.5 കോടി രൂപയും 2008-09 മുതൽ ശമ്പളയിനത്തിലും ശമ്പളേതരയിനത്തിലും എസ്. സി. ഇ. ആർ. ടി.-യ്ക്ക് തുക അനുവദിക്കാത്തതിനാലും ഈ ഇനങ്ങളിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നതെന്നതിനാലും എസ്. സി. ഇ. ആർ. ടി. ജീവനക്കാരുടെ 2020-21 വർഷത്തെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും, ഓഫീസ് ചെലവുകൾക്കും, മറ്റിനങ്ങൾക്കുമായി പദ്ധതിയേതരയിനത്തിൽ 8.5 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-02-105-95 — ഫാക്കൽറ്റി വിദ്യാഭ്യാസം ഉൾപ്പെടുന്ന വിദ്യാഭ്യാസ പരിപാടി**

സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപക ശാക്തീകരണത്തിനുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള എച്ച്.എസ്.എസ്.റ്റി.പി., ഡോക്ടറേറ്റ് നേടിയിട്ടുള്ള ഹയർസെക്കന്ററി അദ്ധ്യാപകരുടെ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായുള്ള ടീച്ചേഴ്സ് കോൺഗ്രസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-02-109-74—ഹയർ സെക്കന്ററി വിദ്യാഭ്യാസം - വിദ്യാർത്ഥി കേന്ദ്രീകൃത പരിപാടി**

ഇന്ത്യയിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന 'ദിശ' പദ്ധതി പ്രകാരം ഹയർസ്റ്റഡീസ് എക്സ്പോയും സെമിനാറും ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്നതിനും ഹയർ സെക്കന്ററി സ്കൂളുകളിൽ സൗഹൃദ പദ്ധതി വഴി ഡിസാസ്റ്റർ മാനേജ്മെന്റ് & ഫസ്റ്റ് എയ്ഡിൽ പരിശീലനം നൽകുന്നതിനും ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ നടത്തുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ സൗഹൃദ കോ-ഓർഡിനേറ്റർമാർക്കും ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്ന് പ്രാഥമിക പരിശീലനം നൽകുന്നതിന് സ്പൈൽ, സിത്താര പദ്ധതികൾ കൂടുതൽ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-01-111-96-(03)—സർവ്വശിക്ഷാ അഭിയാൻ പ്രോജക്ട് ഡയറക്ടറേറ്റ് സമഗ്രശിക്ഷ അഭിയാന് സംസ്ഥാനത്തിന്റെ അധിക സഹായം**

കേരളത്തിലെ സമഗ്ര ശിക്ഷയുടെ അക്കാദമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന 168 ബ്ലോക്ക് റിസോഴ്സ് സെന്ററുകൾക്കായി 15 വർഷം മുൻപ് നിർമ്മിച്ച കെട്ടിടങ്ങളുടെ നവീകരണത്തിന് ഒരു ബി. ആർ. സി.-യ്ക്ക് 5 ലക്ഷം രൂപ ക്രമത്തിൽ നൽകുന്നതിന് 8.40 കോടി രൂപയും സമഗ്രശിക്ഷയുടെ 50 ഓട്ടിസം സെന്ററുകളിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും നവീകരണത്തിനും ഒരു സെന്ററിന് 3 ലക്ഷം രൂപ നിരക്കിൽ നൽകുന്നതിന് 1.50 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-80-004-89—സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (എസ്.ഐ.ഇ.എം.എ.റ്റി), കേരള**

ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർ, പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവർക്ക് വിദ്യാഭ്യാസ മാനേജ്മെന്റിലും ആസൂത്രണത്തിലുമുള്ള പരിശീലനം നൽകുന്നതിനായി 50 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-04-103-98—കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (എൽ. ഇ. എ. പി. കേരള മിഷൻ)**

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിൽ പ്രേരക് ഓണറേറിയം വിതരണം ചെയ്യുന്നതിനായി പദ്ധതിയിനത്തിൽ 9.50074 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2235-02-102-93—മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക വേണ്ടിയുള്ള സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ**

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ്-ന്റെ സെന്റർ പുതിയതായി പരപ്പനങ്ങാടിയിലും കാസർഗോഡും ആരംഭിച്ചതിൽ പരപ്പനങ്ങാടിയിലുള്ളതിന് സ്ഥലം ലഭിച്ചിട്ടുണ്ടെന്നും കെട്ടിട നിർമ്മാണത്തിന് തുക ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ് - റീജിയണൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി പദ്ധതിയിനത്തിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-202-91—അടിസ്ഥാന സൗകര്യ വികസനം**

ഹയർസെക്കന്ററി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ ക്ലാസ് മുറികൾ, ലബോറട്ടറി, ലൈബ്രറി കെട്ടിടങ്ങൾ എന്നിവയുടെ

നിർമ്മാണത്തിന് നിരവധി സ്കൂളുകളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുള്ളതിനാൽ ആയതിനായി പദ്ധതിയിനത്തിൽ 29 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-001-93—**വകുപ്പിന്റെ ശക്തിപ്പെടുത്തൽ**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ തിരുവനന്തപുരത്തുള്ള ഡയറക്ടറേറ്റും, കോതമംഗലം, കോഴിക്കോട് മേഖല കാര്യാലയം, തിരുവനന്തപുരത്തുള്ള പരീക്ഷാ വിഭാഗം കൺട്രോളറുടെ ഓഫീസ് എന്നിവിടങ്ങളിലെ ആധുനികവൽക്കരണം, ഇ-ഗവേണൻസ്, ബയോമെട്രിക് പഞ്ചിംഗ് സംവിധാനം, ഓൺ-ലൈൻ പരീക്ഷ പേപ്പർ വിതരണം, സംസ്ഥാനത്തുള്ള പരിശീലന സ്ഥാപനങ്ങൾക്ക് പുറമെ പ്രധാന ദേശീയ സ്ഥാപനങ്ങളിൽ വച്ച് ജീവനക്കാർക്ക് നൽകുന്ന പരിശീലനം, കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് സെന്റർ മുഖേന വിവിധ സെമിനാറുകളും കോൺഫറൻസുകളും സംഘടിപ്പിക്കൽ, മറ്റ് തുടർ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ല. ആകയാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-101-99—**ലളിതകലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിടങ്ങൾ**

ലളിതകലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടിരൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-108-99-21-2—**പരീക്ഷാവിഭാഗം- മോട്ടോർവാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും**

34-3—**മറ്റ് ചെലവുകൾ - മറ്റിനം**

സാങ്കേതിക വിദ്യാഭ്യാസ പരീക്ഷ കൺട്രോളറുടെ ഓഫീസിലെ 3 വാഹനങ്ങളുടെ അറ്റകുറ്റപ്പണിയിനത്തിൽ മുൻവർഷത്തെ കുടിശ്ശിക തുക നൽകുന്നതിനായി 2 ലക്ഷം രൂപയും, ഡിപ്ലോമ, കെ. ജി. സി. ഇ., കെ. ജി. ടി. ഇ. തുടങ്ങിയ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ കുടിശ്ശിക തീർത്ത് നൽകുന്നതിലേക്കായി 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-104-95 -31—**വ്യാവസായിക സ്കൂളുകൾ - സഹായധനം- ശമ്പളം**

സർക്കാർ അംഗീകൃത ഇൻഡസ്ട്രിയൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ ടീച്ചിംഗ് ഗ്രാന്റ് പ്രതിമാസം 3000 രൂപയായി വർദ്ധിപ്പിച്ചത് കുടിശ്ശിക തീർത്ത് അനുവദിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-103-99-34-2—ടെക്നിക്കൽ ഹൈസ്കൂളുകളുടെ വികസനം-മറ്റ് ചെലവുകൾ- വൈദ്യുതി ചെലവ്

സംസ്ഥാനത്തെ 39 ടെക്നിക്കൽ ഹൈസ്കൂളുകളുടെ വൈദ്യുതികരം കുടിശ്ശിക തീർത്ത് അടക്കുന്നതിലേക്കായി 6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-81-34-1—പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ-മറ്റ് ചെലവുകൾ- വെള്ളക്കരം

സംസ്ഥാനത്തെ 5 പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെയും ഹോസ്റ്റലുകളുടെയും വെള്ളക്കരം അടക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-52—ഗുണനിലവാരം വർദ്ധിപ്പിക്കൽ, നവീകരണം

2020-2021 സാമ്പത്തിക വർഷം നാക് അക്രഡിറ്റേഷൻ ഡ്യൂ ആകുന്ന സർക്കാർ കോളേജുകൾക്ക് നാക് അധികൃതരുടെ സന്ദർശനത്തോടനുബന്ധിച്ച് നിർമ്മാണ/ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-105-99—ഫാക്കൽറ്റി വികസനം-അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും കാര്യക്ഷമത മെച്ചപ്പെടുത്തൽ

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഒരു ഫാക്കൽറ്റി ട്രെയിനിംഗ് സെന്റർ ആരംഭിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലും സേവനത്തിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് ഒരു മാസത്തെ പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-85—തെരഞ്ഞെടുക്കപ്പെട്ട പ്രശസ്ത കോളേജുകൾക്ക് സ്വയം ഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ്

നിലവിലെ പദ്ധതി വിഹിതം തുക ഉപയോഗിച്ച് എല്ലാ സർക്കാർ കോളേജുകൾക്കും തുക അനുവദിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-103-51—ജീവനി - കോളേജ് മെന്റൽ അവയർനെസ് പ്രോഗ്രാം**

കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ അക്കാദമിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-001-99-06—കോളേജ് വിദ്യാഭ്യാസ ഡയറക്ടറാഫീസ് - വാടക, കരം, നികുതി**

നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ കോളേജുകളുടെ വാടക നൽകുന്നതിന് പോലും പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 9.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-103-99-04-4—ആർട്സും സയൻസും കോളേജുകൾ-യാത്രാ ചെലവുകൾ-അവധിയാത്രാനുകൂല്യം**

അവധിയാത്രാ ആനുകൂല്യത്തിന് അർഹരായവരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് കാരണം നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 3.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ആർട്സും സയൻസും കോളേജുകളിലെ - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 61.4 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ആർട്സും സയൻസും കോളേജുകളിലെ-മറ്റ് ചെലവുകൾ-മറ്റിനങ്ങൾക്കായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ തുച്ഛമായ കോളേജ് പി. ടി. എ. ഫണ്ടിൽ നിന്നാണ് മറ്റിനങ്ങൾക്കുള്ള തുക പലപ്പോഴും കണ്ടെത്തേണ്ടി വരുന്നത്. ആകയാൽ പദ്ധതിയേതരയിനത്തിൽ 11.6 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-103-98-01-4—സംസ്കൃത കോളേജുകൾ-ശമ്പളം-മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്**

നിലവിൽ സർക്കാർ ഉത്തരവ് പ്രകാരം 12 ലക്ഷം രൂപ പ്രസ്തുത ഇനത്തിൽ അനുവദിച്ചുത്തരവായിരുന്നെങ്കിലും ടി ശീർഷകത്തിൽ തുക ഇല്ലാത്തതിനാൽ നൽകിയിട്ടില്ല. ആകയാൽ പദ്ധതിയേതരയിനത്തിൽ 12.70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-58—**എൽ. ബി. എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി**

എൽ. ബി. എസ്. സെന്റർ, എൽ. ബി. എസ്. ഐ. റ്റി. ഡബ്ല്യൂ, പൂജപ്പുര, എൽ. ബി. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്, എൽ. ബി. എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, മലപ്പുറം എന്നിവയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 26.23 കോടി രൂപയും സെന്റർ ഓഫ് എക്സലൻസ് ഫോർ ഡിസബിലിറ്റി സ്റ്റഡീസിന്റെ കീഴിലുള്ള വിവിധ പദ്ധതികൾക്കായി 25 ലക്ഷം രൂപയും എൽ. ബി. എസ്. ഐ. റ്റി. ഡബ്ല്യൂ, പൂജപ്പുര, എൽ. ബി. എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ് എന്നിവയുടെ ശമ്പളത്തിനും അനുബന്ധ ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 5 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിലവിൽ എൽ. ബി. എസ്. -ന് പദ്ധതിയേതര ശീർഷകം ഇല്ലാത്തതിനാൽ ആയത് കൂടി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-60—**ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എച്ച്.ആർ.ഡി)**

31 - സഹായധനം - ശമ്പളം

35 - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

36 - സഹായധനം - ശമ്പളേതരം

ഐ. എച്ച്. ആർ. ഡി.-യിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 7.28 കോടി രൂപയും ജീവനക്കാർക്ക് സർക്കാർ നിരക്കിലുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനും റെഗുലേറ്ററി ബോഡികൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും പദ്ധതിയേതരയിനത്തിൽ 88.8432 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-61—**കേരള സംസ്ഥാന സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം**

36—സഹായധനം - ശമ്പളേതരം

ബഡ്ജറ്റിൽ പദ്ധതിയേതരയിനത്തിൽ ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്താത്തതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-105-97—**അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ. എസ്. എ. പി.)**

കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണം, പരിപാലനം, അസാപ്പിന്റെ തൊഴിൽ നൈപുണ്യ പരിശീലനം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 231.02 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-102-76—**ദേശീയ റിപ്പബ്ലിക്-പരേഡിൽ പങ്കെടുക്കുന്നതിനായുള്ള നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയേഴ്സിനുള്ള സഹായം**

2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബജറ്റിൽ ദേശീയ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കുന്ന എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് ട്രാക് സ്യൂട്ട്, ഷൂസ് എന്നിവ വാങ്ങുന്നതിന് സംസ്ഥാന സർക്കാരിന്റെ വകയായി 60,000 രൂപ അനുവദിച്ചു വരുന്നു. എന്നാൽ ബഡ്ജറ്റിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിട്ടുള്ളതിനാൽ 2020-21 സാമ്പത്തിക വർഷത്തിലും 59,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-99—**കേരള സർവ്വകലാശാല**

കേരള സർവ്വകലാശാലയിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനം, അദ്ധ്യാപകർക്കും ലൈബ്രറി ജീവനക്കാർക്കും 2016-ലെ യു. ജി. സി. ശമ്പള പരിഷ്കരണം നടപ്പിലാക്കൽ, ജീവനക്കാരുടെ ഉദ്യോഗക്കയറ്റം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 103.1505 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-98 — **കോഴിക്കോട് സർവ്വകലാശാല**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ നാക് അക്രെഡിറ്റേഷന് മുന്നോടിയായി പല വികസന പദ്ധതികളും പൂർത്തീകരിക്കുന്നതിനും സർവ്വകലാശാല കണ്ടിജൻസി ഫണ്ടിലേക്ക് 14.04 കോടി രൂപ തിരിച്ചടയ്ക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് കർശന നിർദ്ദേശം നൽകിയിരിക്കുന്നതിനാലും പദ്ധതിയിനത്തിൽ 17.040183 കോടി രൂപയും ശമ്പളം, പെൻഷൻ, മറ്റ് അലവൻസുകൾ, യു. ജി. സി. ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിനും സർക്കാർ നടപ്പിലാക്കിയ കരാർ/ദിവസ വേതന അടിസ്ഥാനത്തിലുള്ള ശമ്പള വർദ്ധനവ് നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 74.3410 കോടി രൂപ പദ്ധതിയേതരയിനത്തിലും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-102-97—മഹാത്മാഗാന്ധി സർവ്വകലാശാല**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ജീവനക്കാർക്ക് ശമ്പളം, പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 78 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-102-93—ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല**

നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റുമായി പദ്ധതിയിനത്തിൽ 14.95 കോടി രൂപയും, ശമ്പള ഇനത്തിലും പെൻഷൻ ഇനത്തിലുമുള്ള ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 69.5192 കോടി രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-102-92—കണ്ണൂർ സർവ്വകലാശാല ധനസഹായം**

യു.ജി.സി.യുടെ ഏഴാം ശമ്പള പരിഷ്കരണം പ്രായോഗികമാകുന്നതോടെ അധ്യാപകരുടെ ശമ്പളത്തിലുണ്ടാകുന്ന വർദ്ധനവിനും, അദ്ധ്യാപക തസ്തികയിലുണ്ടാകുന്ന നിയമനം നടത്തുന്നതിനും കരാറടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും ചേർത്ത് പദ്ധതിയേതരയിനത്തിൽ 12.4265 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നും തുടങ്ങിവച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് തുക അപര്യാപ്തമായതിനാൽ 4.45 കോടി രൂപ പദ്ധതിയിനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2203-00-102-97—കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി)**

ഡോ. എ. പി. ജെ. അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയ്ക്ക് ആസ്ഥാനം സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും വേണ്ടി 54 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്നും ശമ്പളച്ചെലവുകൾക്കായി 14 കോടി രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-72—**തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല**

ഭൂമി ഏറ്റെടുക്കുന്നതിനും കെട്ടിടങ്ങളുടെ നിർമ്മാണം, ഭൗതിക സൗകര്യ വികസനം, അക്കാദമിക് പ്രവർത്തനങ്ങൾ, മാനവിക വികസനം, ഭാഷാ സാഹിത്യ വ്യാപനം, ഭരണപരമായ ആധുനീകരണം, തുടർന്ന് വരുന്ന പ്രവർത്തനങ്ങൾ, പ്രോജക്റ്റുകൾ തുടങ്ങിയവയ്ക്കായി പദ്ധതിയിനത്തിൽ 59.44 കോടി രൂപയും അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുന്നതിനും അദ്ധ്യാപകരുടെ ശമ്പള അലവൻസുകൾ, യു. ജി. സി. ശമ്പള പരിഷ്കരണ കടിശ്ശിക, പെൻഷൻ ഫണ്ട്, പങ്കാളിത്ത പെൻഷൻ വിഹിതം, സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് നിലവിൽ വന്നതിനാൽ അതിനനുസരിച്ചുള്ള തസ്തികകളിലെ നിയമനം നടത്തുന്നതിനും, അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം/അലവൻസ്, കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും വാടക, ഇന്ധനം, യാത്രാബത്ത, മീറ്റിംഗ് ചെലവ്, വൈദ്യുതി, ടെലഫോൺ, ഇന്റർനെറ്റ്, വാർഷിക മെയിന്റനൻസ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 7.9108 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-102-77—**നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യൂ അൽസ്)**

പദ്ധതികൾ പൂർത്തീകരിക്കുവാൻ വേണ്ടി പദ്ധതിയിനത്തിൽ 5.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-102-99—**കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)**

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വിഭാവനം ചെയ്തിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും സമയബന്ധിതമായി നടത്തുന്നതിനും, വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങുന്നതിനുമായി പദ്ധതിയിനത്തിൽ 5 കോടി രൂപയും പ്രവേശനപരീക്ഷാ നടത്തിപ്പ് ചെലവുകൾ, വൈദ്യുത ചാർജ്ജ്, വെള്ളക്കരം തുടങ്ങിയ ഇനങ്ങളിലെ ഗണ്യമായ വർദ്ധനവും ആഭ്യന്തര വരുമാനത്തിലെ കുറവും, യു.ജി.സി. പേ റിവിഷന്റെ ബാദ്ധ്യതയും കണക്കിലെടുത്ത് പദ്ധതിയേതരയിനത്തിൽ 103.7260 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-105-99—**കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ**

കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ ലൈബ്രറിയുടെ കമ്പ്യൂട്ടർവത്കരണത്തിന് പദ്ധതിയിനത്തിൽ 65 ലക്ഷം രൂപയും ലൈബ്രറികൾക്കുള്ള ഗ്രാന്റ്, അലവൻസ്, കെട്ടിട ഗ്രാന്റ്, പ്രവർത്തന ഗ്രാന്റ് എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ

10.5799 കോടി രൂപയും ശമ്പളം, പെൻഷൻ, ക്ഷാമബത്ത, ശമ്പള പരിഷ്കരണം, പെൻഷൻ പരിഷ്കരണം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 7.4201 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-800-91—**കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രം -ധനസഹായം**

സി-ആപ്റ്റിൽ സംസ്ഥാനത്തെ ഹയർസെക്കന്ററി പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് ഒരു പുതിയ ഫോർ കളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനും, ഹെഡ് ഓഫീസിൽ വനിതകൾക്കായി ഒരു ബൈന്ററി യൂണിറ്റ് സ്ഥാപിക്കുന്നതിനും, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മൾട്ടി മീഡിയ ട്രെയിനിംഗ് ആരംഭിക്കുന്നതിനും പദ്ധതിയിനത്തിൽ 3.92 കോടി രൂപയും സെന്ററിൽ നിന്നും പിരിച്ചുവിടപ്പെട്ടതും പിരിഞ്ഞുപോയതുമായ ജീവനക്കാരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനായി പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-57—**രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ) (60%സി.എസ്.എസ്.)**

റൂസയുടെ പ്രവർത്തനത്തിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കേന്ദ്ര വിഹിതമായ 105.6170 കോടി രൂപ ലഭിക്കാനുണ്ട്. സംസ്ഥാനവിഹിതമായ 70.4113 കോടി രൂപ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-90—**എറണാകുളം ലോ കോളേജ്**

എറണാകുളം ഗവൺമെന്റ് ലോ കോളേജിലെ ജീവനക്കാരുടെ ദിവസ വേതനം, യാത്രാ ചെലവുകൾ, വെള്ളക്കരം, വൈദ്യുത ചെലവുകൾ, മറ്റിനങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 1.375 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-89—**കോഴിക്കോട് ലോ കോളേജ്**

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 3.22 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-83—**തൃശ്ശൂർ ലോ കോളേജ്**

യു.ജി.സി. ശമ്പള പരിഷ്കരണ തുക നൽകേണ്ടതിനാൽ ശമ്പളം ഇനത്തിൽ 3 കോടി രൂപയും ക്ഷാമബത്ത, വീട്ടുവാടക അലവൻസ് എന്നീ ഇനങ്ങളിൽ 30 ലക്ഷം രൂപ വീതവും മറ്റ് അലവൻസുകൾ ഇനത്തിൽ 1 ലക്ഷം രൂപയും, വികലാംഗ യാത്രാബത്ത നൽകേണ്ടതിനാൽ മറ്റിനങ്ങൾ ഇനത്തിൽ 15,000 രൂപയും ശമ്പള കുടിശ്ശിക തുക നൽകേണ്ടതിനാൽ ദിവസവേതനം ഇനത്തിൽ 40 ലക്ഷം രൂപയും കൂടുതൽ മീറ്റിംഗുകളിൽ പങ്കെടുക്കാനുള്ളതിനാൽ യാത്രാബത്ത ഇനത്തിൽ 1 ലക്ഷം രൂപയും ബി.എസ്.എൻ.എൽ-ന്റെ ബ്രോഡ്ബ്രാന്റ് കണക്ഷൻ തുക നൽകേണ്ടതിനാൽ ടെലഫോൺ ചെലവ് ഇനത്തിൽ 50,000 രൂപയും പത്ര മാസികകളുടെ കുടിശ്ശിക നൽകേണ്ടതിനാൽ മറ്റിനങ്ങൾ ഇനത്തിൽ 6,000 രൂപയും ചേർത്ത് പദ്ധതിയേതരയിനത്തിൽ 40.271 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-103-56—**ഹയർ എഡ്യൂക്കേഷൻ കൗൺസിൽ**

പുതിയ പദ്ധതികളും പ്രോഗ്രാമുകളും വിഭാവനം ചെയ്യുന്നതിനായി 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-04-001-93—**ഇടർ വിദ്യാഭ്യാസ കേന്ദ്രം**

കോളേജ് ഓഫ് എഞ്ചിനീയറിംഗ് മൂന്നാറിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.8 കോടി രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2203-00-112-72—**സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്**

ഗവേഷണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2202-03-112-95-35—**സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് -മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം**

ബഡ്ജറ്റ് വിഹിതം കഴിഞ്ഞ വർഷത്തിനേക്കാൾ കറവും അപര്യാപ്തവുമായതിനാൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പദ്ധതിയേതരയിനത്തിൽ 72.73 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-105-98—സ്കോളേഴ്സിനുള്ള റസിഡൻസ് പ്രോഗ്രാം**

അംഗീകരിച്ച എറുഡൈറ്റ് പ്രോഗ്രാമുകൾക്ക് ചെലവിനുള്ള തുക കൈമാറേണ്ടതിനാൽ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-105-90—അദ്ധ്യാപനം, പഠനം, ഗവേഷണം എന്നിവയിലെ അക്കാദമിക് മികവ്**

വിദ്യാർത്ഥികളുടെ ഗവേഷണ പാടവം വർദ്ധിപ്പിക്കുന്നതിനും അക്കാദമിക മികവ് ഉറപ്പ് വരുത്തുന്നതിനും അധിക തുക ആവശ്യമായതിനാൽ 5.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-103-50—ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റും അപ്ഗ്രഡേഷനും-അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും നവീകരണവും**

വകുപ്പിന് കീഴിലെ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കോളേജുകളിൽ സൗരോർജ്ജ പാനലുകളും ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-203-72—മറ്റ് ഏജൻസികൾക്ക് നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ, ഇൻഫ്രാസ്ട്രക്ച്ചർ നവീകരണം, സർക്കാർ കോളേജുകളുടെ വികസനം, പരിപാലനം**

പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും, മറ്റ് കോളേജുകളുടെ പൈതൃക കെട്ടിടങ്ങൾ കാലഹരണപ്പെട്ടതിനാൽ നവീകരിച്ച് സംരക്ഷിക്കുന്നതിനും അധിക തുക ആവശ്യമായതിനാൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2202-03-107-74—അവാർഡുകളും സ്കോളർഷിപ്പുകളും**

സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിൽ തുല്യത കൈവരിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി . അധിക തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-101-99—സംഗീത കോളേജുകൾ**

കേരളത്തിലെ 4 സംഗീതകോളേജുകളുടെ വിവിധ അക്കാദമിക പരിപാടികൾ നടത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പദ്ധതിയിനത്തിൽ 46 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

550/2020.

20 വർഷത്തോളമായി ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുവരുന്നവരുണ്ടെന്നും, പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനമുണ്ടോയെന്നും സമിതി ആരാഞ്ഞു. ഇതെല്ലാം കൺസോളിഡേറ്റഡ് പ്രൊപ്പോസലായാണ് ഫിനാൻസ് ഡിപ്പാർട്ട്മെന്റ് പരിഗണിക്കുന്നതെന്നും, ഈ വർഷത്തെ ബഡ്ജറ്റിൽ 1000 പുതിയ പോസ്റ്റുകൾ സൃഷ്ടിക്കുമെന്നാണ് പറഞ്ഞിട്ടുള്ളതെന്നും, രണ്ട് നോൺ ടീച്ചിംഗ് പോസ്റ്റ് കോംപ്രഹെൻസീവ് പ്രൊപ്പോസലിൽ വരുന്നതുകൊണ്ടാണ് അത് എടുക്കാത്തതെന്നും, എന്നാലും അടിസ്ഥാന സൗകര്യങ്ങൾ സംഗീത കോളേജുകളിൽ വികസിപ്പിക്കേണ്ടതുണ്ടെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

### 05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 6.32 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### 34-3—മറ്റ് ചെലവുകൾ - മറ്റിനം

പുതുതായി ആരംഭിച്ച മ്യൂസിക് കോളേജിന് അധിക തുക നൽകുന്നതിന് വേണ്ടി 80,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### 2204-00-101-99—കായിക വിദ്യാഭ്യാസ കോളേജുകൾ

വകുപ്പിന് കീഴിലെ ഏക സർക്കാർ കായിക വിദ്യാഭ്യാസ കോളേജ് ആയതിനാൽ ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകുന്നതിന് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനും നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 95 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

### 2202-03-001-87—വിവര സാങ്കേതിക വിദ്യയുടെ ആധുനികവൽക്കരണം

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ കോളേജുകളിലെയും കോഴ്സുകൾ സർവ്വകലാശാല സിലബസിന് അനുസൃതമായി സുതാര്യവും ലളിതവുമായി വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതിനും ആയത് ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനും വകുപ്പിന് ഇ-ലേർണിംഗ് പ്ലാറ്റ് ഫോറം നിർമ്മിക്കുന്നതിനും അധിക തുക ആവശ്യമായതിനാൽ 6.22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-201-99—പ്രാഥമിക വിദ്യാഭ്യാസം കെട്ടിടങ്ങൾ**

11 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 3 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-202-99—സെക്കന്ററി സ്കൂൾ കെട്ടിടങ്ങൾ**

2 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 52.494 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-202-93—അടിസ്ഥാന സൗകര്യം - സ്കൂൾ വിദ്യാഭ്യാസം**

274 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-202-92—വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം**

29 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-202-91—അടിസ്ഥാന സൗകര്യ വികസനം**

109 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-202-90—അടിസ്ഥാന സൗകര്യം-ഹയർ സെക്കന്ററി വിദ്യാഭ്യാസം (ആർ.ഐ. ഡി.എഫ്.)**

ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 7 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 4 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-202-86—സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്കുവേണ്ടിയുള്ള ബഹുനില കെട്ടിട നിർമ്മാണം**

4 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-203-99—ലോ കോളേജുകൾ ഉൾപ്പെടെ കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം**

63 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 23.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-203-96—കോളേജുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിട നിർമ്മാണം (ആർ.ഐ.ഡി.എഫ്.)**

2 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 33 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-203-89—ഗവൺമെന്റ് കോളേജുകളിൽ വനിതാഹോസ്റ്റലുകളുടെ നിർമ്മാണം**

2 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുക അനുവദിക്കാത്തതിനാൽ 1 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-203-87—സർക്കാർ കോളേജുകളിൽ ലാബുകളുടെയും ലൈബ്രറികളുടെയും വികസനം (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)**

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 3 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 2 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-203-85—കോളേജുകൾക്ക് നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം (ഒറ്റത്തവണ കേന്ദ്ര സഹായം)**

12 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 3 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-203-83—കോളേജുകളുടെ അടിസ്ഥാന സൗകര്യവികസന പരിപാടി (സി.ഐ.യു. പി.)**

33 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 8 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-01-800-88—ലെജിസ്ലേറ്റീവ് അസംബ്ലി നിയോജകമണ്ഡലം അസറ്റ് വികസന പദ്ധതി (എൽ. എ. സി. എ. ഡി.എസ്.) പ്രകാരമുള്ള പദ്ധതികൾ**

177 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-103-99—**ടെക്നിക്കൽ ഹൈസ്കൂളുകൾ കെട്ടിടങ്ങൾ**

23 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-104-99—**പോളിടെക്നിക്കുകൾ കെട്ടിടങ്ങൾ**

95 പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് 60 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-104-96—**സർക്കാർ പോളിടെക്നിക്കുകളുടെ വികസനം (ആർ.ഐ.ഡി.എഫ്.)**

8 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-104-95—**പോളിടെക്നിക്കുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം**

പോളിടെക്നിക്കുകളിൽ വനിതാ ഹോസ്റ്റൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-104-94—**പോളിടെക്നിക്ക് കെട്ടിടങ്ങൾ (ഒറ്റത്തവണ കേന്ദ്ര സഹായം)**

പോളിടെക്നിക്കുകളിലെ കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 1 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-105-99—**കെട്ടിടങ്ങൾ**

28 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-02-105-90—**മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം**

19 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിക്കാത്തതിനാൽ 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-02-105-89—രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം**

2 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 80 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-02-105-88—എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസനവും**

ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 4 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് 90 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-02-105-85—ഐ. ടി. ഐ. ബിൽഡിംഗ് വർക്ക്സ്**

5 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-02-800-95—ഐ.ടി.ഐ. കെട്ടിടങ്ങൾ മരാമത്തുപണികൾ**

53 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-02-800-83—വകുപ്പിന്റെ ശക്തിപ്പെടുത്തൽ**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ തിരുവനന്തപുരത്തുള്ള ഡയറക്ടറേറ്റ്, പരീക്ഷാ വിഭാഗം കൺട്രോളറുടെ ഓഫീസ് എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-03-800-91—എൻ.സി.സി. കെട്ടിട നിർമ്മാണം**

തിരുവനന്തപുരം ജില്ലയിൽ മൂന്ന് ഓഫീസുകൾ നിർമ്മിക്കുന്നതിനും നെടുമങ്ങാട് താലൂക്കിൽ തിരുവനന്തപുരം ഹെഡ്ക്വാർട്ടേഴ്സിന്റെ സ്ഥിര പരിശീലന കേന്ദ്രത്തിന്റെ ഒന്നാം ഘട്ടം നിർമ്മിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 9.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4202-04-105-99—**പബ്ലിക് ലൈബ്രറി കെട്ടിടങ്ങൾ**

3 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു.

## 11. 19-2-2020-ലെ യോഗ നടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2020 ഫെബ്രുവരി മാസം 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ പ്രത്യേക ക്ഷണിതാക്കളായ ബഹു. വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനും, ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. എം. സി. കമറുദ്ദീൻ
3. ശ്രീ. പി. ജെ. ജോസഫ്
4. ശ്രീ. റ്റി. വി. രാജേഷ്
5. ശ്രീ. എം. സ്വരാജ്
6. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വേണു വി., പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
2. ശ്രീമതി ഇഷിത റോയ്, പ്രിൻസിപ്പൽ സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
3. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
4. ശ്രീ. ജെറോമിക് ജോർജ്, ഡയറക്ടർ, കായിക യുവജനകാര്യ വകുപ്പ്
5. ശ്രീ. സഞ്ജയൻ കുമാർ, സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ
6. ശ്രീമതി ഗീത കെ., അഡീഷണൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
7. ശ്രീ. ഷൈൻ എ. ഹക്ക്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
8. ശ്രീ. ഫെറോൾഡ് സേവ്യർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീമതി സരിത ഡി., ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
11. ശ്രീ. മഹേഷ് പഞ്ചു, സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി
12. ശ്രീമതി മായ എൻ., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ
13. ശ്രീ. റെജി കുമാർ ജെ., ഡയറക്ടർ, ആർക്കൈവ്സ് വകുപ്പ്
14. ശ്രീ. എസ്. അബു, ഡയറക്ടർ, മ്യൂസിയവും മൃഗശാലകളും വകുപ്പ്
15. ശ്രീമതി സോന കെ. ആർ., ഡയറക്ടർ, ആർക്കിയോളജി വകുപ്പ്
16. ശ്രീ. രാം കുമാർ സി. ആർ., ഡെപ്യൂട്ടി ഡയറക്ടർ, കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ്
17. ശ്രീമതി ജയശ്രീ പി. കെ., സെക്രട്ടറി, കേരള സംസ്ഥാന യുവജനകമ്മീഷൻ
18. ശ്രീമതി എം. ആർ. ജയഗീത, സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ
19. ശ്രീ. സുദർശൻ, സെക്രട്ടറി, ഗുരുഗോപിനാഥ് നടന ഗ്രാമം
20. ശ്രീ. ജി. മാളുണ്ണി പണിക്കർ, എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ
21. ശ്രീ. ടി. ആർ. സദാശിവൻ നായർ, എക്സിക്യൂട്ടീവ് ഡയറക്ടർ, വാസ്തുവിദ്യാ ഗുരുകുലം.

2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽവരുന്ന കായിക യുവജനകാര്യം, സാംസ്കാരികകാര്യം, പൊതുഭരണം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2204, 2205, 4202 എന്നീ ശീർഷകങ്ങൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു. ആയവ ചുവടെ ചേർക്കുന്നു.

## 4202-03-102-94—സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ സൗകര്യങ്ങൾ

കായികഭവന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യം വരുന്നതിനാൽ 11.29 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നത് എന്തെല്ലാം പ്രവർത്തികളാണ് എന്ന സമിതിയുടെ ചോദ്യത്തിന് നാഷണൽ ഗെയിംസിലെ ഇൻഫ്രാസ്ട്രക്ച്ചറും വിവിധ ജില്ലകളിൽ നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ മെയിന്റനൻസും ബഡ്ജറ്റിൽ പുതുതായി ഉൾപ്പെടുത്തിയ പ്രവർത്തികളും ഉൾപ്പെടുമെന്ന് കായിക യുവജനകാര്യവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

തൊടുപുഴയിൽ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കെ വെള്ളപ്പൊക്കത്തെ തുടർന്ന് പ്രസ്തുത പ്രവൃത്തികൾ റദ്ദ് ചെയ്യുവാനുണ്ടായ കാരണം സമിതി ആരാഞ്ഞു.

പ്രസ്തുത സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താമെന്ന് കായിക യുവജനകാര്യവകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

## 2204-00-104-82—കായിക വികസന ഫണ്ട്

വട്ടിയൂർക്കാവ് ഷൂട്ടിംഗ് അക്കാദമിയുടെ നടത്തിപ്പിനായി അധിക തുക ആവശ്യം വരുന്നതിനാൽ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2204-00-104-17—അധിക സ്പോർട്സ് ഡിവിഷനുകൾ സ്ഥാപിക്കൽ (കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ)

പുതിയ സ്പോർട്സ് ഡിവിഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യം വരുന്നതിനാൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

550/2020.

**2204-00-104-77-05-3—മികച്ച പെർഫോമൻസിനായി സ്പോർട്സ്, സയൻസ്, ടെക്നോളജി എന്നിവയെ ശക്തിപ്പെടുത്തൽ-ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്**

ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ 21,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2204-00-104-90— സർക്കസ് പ്രോത്സാഹിപ്പിക്കുന്നതിന്**

ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2204-00-104-89— സിവിൽ സർവ്വീസ് ടൂർണമെന്റിന്റെ നടത്തിപ്പിനുള്ള ധനസഹായം**

ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ 2.57 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2204-00-104-91-05-1—ഡിപ്പാർട്ടുമെന്റ് സ്കൂളുകളിൽ കായിക വിനോദ വിഭാഗങ്ങളിൽ സൗകര്യങ്ങൾ സജ്ജീകരിക്കൽ (സ്പോർട്സ് സ്കൂളുകളും ഡിവിഷനുകളും)-ഓഫീസ് ചെലവുകൾ -വെള്ളക്കരം**

ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ 2.88 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2204-00-104-97—കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം**

2020-21 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് ശമ്പളം, പുതുക്കിയ ഡി. എ., ഡി. എ. കുടിശ്ശിക, ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ നൽകുന്നതിനും ശമ്പള കമ്മീഷൻ പ്രകാരം കാലാകാലങ്ങളിൽ അനുവദിച്ചുനൽകിയിരുന്ന ഡി. എ.യുടെ കുടിശ്ശിക തുക ജീവനക്കാർക്ക് അനുവദിക്കുന്നതിനും അതുപോലെ 10-ാം ശമ്പള കമ്മീഷന്റെ 62 മാസങ്ങളിലെ കുടിശ്ശിക ജീവനക്കാർക്കും, പെൻഷൻകാർക്കും, നൽകുന്നതിനും 10-ാം ശമ്പള കമ്മീഷൻ പ്രകാരം പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 16.1421 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം**

**36—സഹായധനം - ശമ്പളേതരം**

സ്പോർട്സ് ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തിനും അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കാനും, കായിക ഉപകരണങ്ങൾ വാങ്ങുന്നതിലേക്കും 17.58 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-001-99-02-3—**കായിക യുവജനകാര്യ ഡയറക്ടറേറ്റ്-വേതനം-മറ്റ് അലവൻസുകൾ**

അലവൻസ് അനുവദിച്ചുനൽകുന്നതിന് 17,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സ്കോളർഷിപ്പ് തുക കുട്ടികളുടെ അക്കൗണ്ടിൽത്തന്നെ നിക്ഷേപിക്കണമെന്നും സ്കൂളുകൾക്ക് കൊടുക്കുന്ന രീതി അവസാനിപ്പിക്കണമെന്നും ഈ വർഷം ഏപ്രിൽ മാസം മുതൽ ഈ തീരുമാനം കർശനമായി നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

02-4 —**വേതനം - കൺസോളിഡേറ്റഡ് പേ**

ശമ്പളം അനുവദിച്ചുനൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക മതിയാകാത്ത സാഹചര്യത്തിൽ 22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04-1—**യാത്രാചെലവുകൾ - യാത്രാബത്ത**

ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4.38 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04 -2 —**യാത്രാചെലവുകൾ - സ്ഥലംമാറ്റ ബത്ത**

ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രം അനുവദിച്ചതിനാൽ 74,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05 -4 —**ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ**

ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ 2.16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06 —**വാടക, കരം, നികുതി**

ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—**മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും**

ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ 1.01 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34-3—**മറ്റ് ചെലവുകൾ - മറ്റിനം**

ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ 70,000 രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-104-95—**ദേശീയവും അന്തർദേശീയവുമായ കായിക മത്സരങ്ങളിൽ വിജയികൾക്ക് പ്രോത്സാഹന സമ്മാനത്തുക**

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ച് വരുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-103-98—**യൂത്ത് വെൽഫെയർ ബോർഡ്**

31—**സഹായധനം - ശമ്പളം**

സ്ഥിരം ജീവനക്കാരുടെയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടേയും ശമ്പളം, ശമ്പള പരിഷ്കരണ കുടിശ്ശിക, യാത്രാബത്ത എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2204-00-103-68-36—**കേരള സംസ്ഥാന യുവജന കമ്മീഷൻ- സഹായധനം - ശമ്പളേതരം**

പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പ് അദാലത്ത്, ഹിയറിംഗ്, വിസിറ്റ്, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ പദ്ധതികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ 16 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

31—**സഹായധനം - ശമ്പളം**

ജീവനക്കാരുടെ ശമ്പളം, അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, അംഗങ്ങളുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

കമ്മീഷൻ ചെയർപേഴ്സൺ/സെക്രട്ടറി എന്നിവരുടെ ഔദ്യോഗിക വാഹനങ്ങൾ നിരന്തരം അറ്റകുറ്റപ്പണികൾക്ക് വിധേയമാകുന്നതിനാലും പകരം പുതിയ വാഹനം വാങ്ങുന്നതിനും/ഹയർ ചെയ്യുന്നതിനും കമ്പ്യൂട്ടർ, പ്രിന്റർ, ലാപ് ടോപ്പുകൾ ഇവ വാങ്ങുന്നതിനും ഉപയോഗ ശൂന്യമായ ഓഫീസിലെ എ. സി. കൾ മാറ്റുന്നതിനും മറ്റ് ദൈനം ദിന ആവശ്യങ്ങൾക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

എല്ലാ സ്കൂളുകളിലും നടപ്പുസാമ്പത്തിക വർഷം മുതൽ യോഗ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും, ഒരു സബ്ജില്ലയിലുള്ള എല്ലാ വിദ്യാലയങ്ങളിലും യോഗ പഠിപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

അടുത്ത സാമ്പത്തികവർഷം ഏപ്രിൽ - മേയ് മാസങ്ങളിൽ യോഗ ഇൻസ്ട്രക്ടർമാരെ റിക്രൂട്ട് ചെയ്യാനുള്ള നടപടിയെടുക്കേണ്ടതുണ്ടെന്നും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംയുക്തമായാണ് ഈ പ്രോജക്ട് നടപ്പിൽ വരുത്തേണ്ടതെന്നും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

## 2205-00-102-98-36—പ്രമുഖരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങൾക്കായുള്ള സഹായം

36—സഹായധനം - ശമ്പളേതരം

പദ്ധതിയിൻ കീഴിൽ കൂടുതൽ സ്മാരകങ്ങളെ ഉൾപ്പെടുത്തുന്നതിനും നാശോന്മുഖമായ സ്മാരകങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയിനത്തിൽ 35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-87-36—നിർദ്ധനരായ കലാകാരന്മാർ/സാഹിത്യകാരന്മാർ എന്നിവർക്കുള്ള സഹായം - സഹായധനം -ശമ്പളേതരം

2902 കലാകാരന്മാർക്ക് പ്രതിമാസം 1,500 രൂപ നിരക്കിൽ കലാകാരപെൻഷൻ 2020-21 വർഷത്തേക്ക് നൽകുന്നതിന് 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-80—നാട്ടരങ്ങ്

കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദമായ പാതയോരങ്ങൾ കണ്ടെത്തി നാട്ടരങ്ങ് മാതൃകയിൽ നിർമ്മിക്കുന്ന പദ്ധതിക്ക് ഓരോ ജില്ലയിൽ ഒരു നാട്ടരങ്ങ് വീതം ആകെ പതിനാല്

നാട്ടരങ്ങുകൾ നിർമ്മിക്കുന്നതിന് ഒരു നാട്ടരങ്ങിന് ഇരുപത് ലക്ഷം രൂപ വീതം ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ പാലക്കാട് ജില്ലയിലെ നാട്ടരങ്ങ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ പുതിയ ഒരു നാട്ടരങ്ങ് സ്ഥാപിക്കുന്നതിനും 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-77—സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള ധനസഹായം

കേരളത്തിലെ വിവിധ സാംസ്കാരിക സ്മാരകങ്ങളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനത്തിനും ഉന്നമനത്തിനും കൂടുതൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനും അധിക ധനസഹായം ആവശ്യമായതിനാൽ 1.43 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പൂരക്കളി അക്കാദമി, ക്ഷേത്രകലാ അക്കാദമി എന്നിവയ്ക്കുവേണ്ടി 10 ലക്ഷം രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## 2205-00-102-73—ഗെയിമിംഗ് - ആനിമേഷൻ ആവാസകേന്ദ്രം

പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കും, ഡി. പി. ആർ. തയ്യാറാക്കി പദ്ധതി ആരംഭിക്കുന്നതിനും, പദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷം തന്നെ ഒരു മികവിന്റെ കേന്ദ്രം കൂടി സ്ഥാപിക്കുന്നതിനും 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-72—മ്യൂസിയങ്ങളുടെ വികസനവും നെറ്റ്‌വർക്കിംഗും

സാംസ്കാരികവകുപ്പദ്ധ്യക്ഷ കാര്യാലയത്തിന്റെ കീഴിൽ പുതിയൊരു മ്യൂസിയം സൃഷ്ടിക്കുന്നതിനും നിലവിലുള്ള മ്യൂസിയങ്ങളുടെ ശൃംഖല വികസിപ്പിച്ചെടുക്കുന്നതിനുമുള്ള ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ടെണ്ടർ നടപടികൾ, ഭൂമി ഏറ്റെടുക്കൽ എന്നിവയ്ക്കുമായി 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-71—കലാകാരന്മാരുടെ ഉപജീവനവും പ്രാദേശിക ആർട്ട് ഹബ്ബുകളും

കൂടുതൽ സ്ഥലങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുന്നതിനും നിലവിലെ പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനുമായി 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-70—കൾച്ചറിന്റെ അപ്പക്സ് ബോഡി

സാംസ്കാരിക ഉന്നത സമിതിയുടെ പ്രവർത്തനങ്ങൾ സജീവമായി നടത്തുന്നതിന് 2019-20 വർഷത്തെ വിഹിതം തന്നെ ആവശ്യമായതിനാൽ 13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-41—സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം**

സംസ്ഥാനത്തെ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്കും സാംസ്കാരിക പ്രവർത്തനം നടത്തുന്ന വ്യക്തികൾക്കും നൽകിവരുന്ന അനാവർത്തന സാമ്പത്തിക സഹായം കൂടുതൽ സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകുന്നതിന് 22 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-18—കേരള സംസ്കാരത്തിന്റെ വ്യാപനം**

വിവിധ സാംസ്കാരിക വിനിമയ പരിപാടി, വെബ്സൈറ്റ് പരിപാലനം എന്നിവയ്ക്കായി 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4202-04-190-99—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ &**

**2205-00-102-65-33—മലയാളചിത്രങ്ങൾക്കുള്ള സബ്സിഡി -സബ്സിഡികൾ**

കെ. എസ്. എഫ്. ഡി. സി.യുടെ ഉടമസ്ഥതയിലുള്ള കൈരളി/ശ്രീ/നിള കോംപ്ലക്സിൽ ഒരു പുതിയ തിയേറ്ററിന്റെ നിർമ്മാണത്തിനും ആസ്ഥാന സമുച്ചയത്തിൽ രണ്ട് ഡബ്ബിംഗ് യൂണിറ്റുകൾക്കും ഒരു പ്രീമിക്സ് സ്യൂട്ടിനും വേണ്ടിയുള്ള മൂന്നാം നിലയുടെ നിർമ്മാണത്തിനും, വനിതാ സംവിധായകരുടെ രണ്ട് ഫീച്ചർ ഫിലിമുകൾ നിർമ്മിക്കുന്നതിനും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകർക്ക് സിനിമ നിർമ്മിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി പദ്ധതിയിനത്തിൽ 5 കോടി രൂപയും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന ചിത്രങ്ങളുടെ എണ്ണം വർദ്ധിച്ചതിനാലും മുൻവർഷങ്ങളിൽ നിർമ്മിച്ച ചിത്രങ്ങൾക്കുള്ള സബ്സിഡി കുടിശ്ശിക നൽകുന്നതിനുവേണ്ടിയും പദ്ധതിയേതരയിനത്തിൽ 3 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-90—കേരള സംഗീത നാടക അക്കാദമി**

കേരള സംഗീത നാടക അക്കാദമിക്ക് കീഴിൽ ഉടൻ നിർമ്മാണം തുടങ്ങുവാനുള്ള ആർക്കൈവ്സ് ആർട്ട് ഗ്യാലറി, മ്യൂസിയം, ലൈബ്രറി, സ്റ്റുഡിയോ എന്നിവയുടെ നിർമ്മാണച്ചെലവിനുവേണ്ടി പദ്ധതിയിനത്തിൽ 3 കോടി രൂപയും അന്താരാഷ്ട്ര നാടകോൽസവം സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി 3 കോടി രൂപയും, ജീവനക്കാരുടെ നിയമനം, ശമ്പള പരിഷ്കരണം, വേതനം, അക്കാദമി അംഗങ്ങൾക്കുള്ള സിറ്റിംഗ് ഫീസ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വാഹന-ഇന്ധനം തുടങ്ങിയ ആവശ്യങ്ങൾക്കുള്ള തുക കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകുന്നതിനുമായി പദ്ധതിയേതരയിനത്തിൽ 1.024 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-34—**തിയേറ്റർ ഫെസ്റ്റിവൽ**

അന്താരാഷ്ട്ര നാടകോത്സവം സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-97-36—**കേരള സാഹിത്യ അക്കാദമി ധനസഹായം- സഹായധനം- ശമ്പളേതരം**

സാംസ്കാരിക രംഗത്ത് കൂടുതൽ വ്യാപകമായ പ്രവർത്തനങ്ങൾക്കുവേണ്ടി 1 കോടി രൂപ പദ്ധതിയിനത്തിലും ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും മറ്റ് ഓഫീസ് ചെലവുകൾക്കുമായി അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 28.5 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-91—**കേരള ലളിതകലാ അക്കാദമി**

കേരള ആസ്ഥാന മന്ദിരത്തിന്റെയും ലളിതകലാ അക്കാഡമിയിൽ കലാ വസ്തുക്കളുടെ സ്റ്റോറേജ് നിർമ്മാണത്തിനും ഗ്യാലറികളുടെയും, ആസ്ഥാനമന്ദിരത്തിന്റെയും നവീകരണത്തിനും, കാക്കണ്ണൻപാറ ആർട്ടിസ്റ്റ് ഇൻ റസിഡൻസി സ്റ്റുഡിയോയുടെ നിർമ്മാണത്തിനും പദ്ധതിയിനത്തിൽ 2.05 കോടി രൂപയും സ്ഥിരം/കരാർ/ ദിവസവേതന ജീവനക്കാർക്ക് ശമ്പളം/വേതനം നൽകുന്നതിനും ഗ്യാലറികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ദൈനംദിന ചെലവുകൾക്കും പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## 2205-00-102-74-36—**കേരള നാടൻ കല അക്കാദമി -സഹായധനം- ശമ്പളേതരം**

2019-20 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക കലാകാരൻമാർക്ക് പ്രതിഫല ഇനത്തിൽ വിതരണം ചെയ്യുന്നതിനും, കേരള നാടൻ കല അക്കാദമിയുടെ ആസ്ഥാനത്ത് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്ന പി. കെ. കാളൻ സ്മാരക മ്യൂസിയത്തിന്റെ പണി പൂർത്തീകരിച്ച ഒന്നാം നിലയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനും, അക്കാദമി ആസ്ഥാനത്ത് പ്രവർത്തിക്കുന്ന മ്യൂസിയത്തിൽ എത്തിച്ചേരുന്ന സന്ദർശകർക്കും ഗവേഷകന്മാർക്കും അക്കാദമി ജീവനക്കാർക്കും ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ വിശ്രമ മുറി നിർമ്മിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 1.1 കോടി രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ, എന്നിവയ്ക്കായി പദ്ധതിയേതര യിനത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-101-97-36—കേരള കലാമണ്ഡലം**

പദ്ധതിയിനം ചെലവുകളിൽ ഗണ്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പദ്ധതിയിനത്തിൽ 66.6 കോടി രൂപയും പദ്ധതിയിതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനായും പദ്ധതിയേതര ഇനത്തിൽ 17.69 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-68—വാസ്തു വിദ്യാഗുരുകുലം**

ആറന്മുളയിലും തിരുവനന്തപുരത്തും വാസ്തുവിദ്യാ മ്യൂസിയങ്ങൾ സ്ഥാപിക്കുക, പരമ്പരാഗത കരകൗശല ഉത്പന്ന നിർമ്മിതികൾ പ്രദർശിപ്പിക്കുന്നതിനായി പഞ്ചകർമ്മാളരുടെ പണിപ്പുരകൾ സ്ഥാപിക്കുക, പൈതൃക മന്ദിരങ്ങളുടെ ഡോക്യുമെന്റേഷൻ, വിദേശ സഞ്ചാരികൾക്കായി സാംസ്കാരിക-പൈതൃക ടൂറിസം പ്രോത്സാഹനം, വസ്ത്രങ്ങളിലുള്ള മ്യൂറൽ പെയിന്റിംഗ് വഴിയുള്ള സ്ത്രീശാക്തീകരണം, വാസ്തുവിദ്യാ ഗുരുകുലത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് വൈവിദ്ധ്യമാർന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിനുമായി പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-75 —കേരളത്തിൽ നടത്തുന്ന അന്തർദേശീയ ഫിലിം മേള &**

**2205-00-102-66—കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

സിഫ്ര ആർക്കൈവ്സ് വിപുലീകരിക്കുക, അന്തർദേശീയ ചലച്ചിത്രോത്സവം, സിൽവർ ജൂബിലി ആഘോഷിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയെ ലോക ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തുക തുടങ്ങിയവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ പദ്ധതിയിനത്തിൽ 4 കോടി രൂപയും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടത്തുന്ന അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കും മറ്റ് ചെലവുകൾക്കുമായി പദ്ധതിയേതരയിനത്തിൽ 3.75 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-82-36—തിരുവനന്തപുരം ഭാരത് ഭവൻ - സഹായധനം-ശമ്പളേതരം**

അനുവദനീയമായ വിഹിതം അപര്യാപ്തമായതിനാൽ പദ്ധതി നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിന് പദ്ധതിയിനത്തിൽ 38 ലക്ഷം രൂപയും പദ്ധതിയേതര ആവശ്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നതിന് 34.43859 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-76-36—ഗുരു ഗോപിനാഥ് നടനഗ്രാമം സഹായധനം - ശമ്പളേതരം**

ഗുരു ഗോപിനാഥ് നൃത്തമ്യൂസിയത്തെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അടിസ്ഥാന വികസനാവശ്യങ്ങൾക്കും വേണ്ടി 6.13 കോടി രൂപ പദ്ധതിയിനത്തിലും അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും ശമ്പളം നൽകുന്നതിനും ഓഫീസ് പ്രവർത്തനങ്ങൾക്കുമായി 57 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-101-96—ജവഹർ ബാലഭവൻ**

**31 - സഹായധനം - ശമ്പളം**

**36-സഹായധനം-ശമ്പളേതരം**

കുട്ടികളുടെ തീയേറ്ററിന്റെ അവശേഷിക്കുന്ന പണി പൂർത്തിയാക്കുന്നതിനും മറ്റു വികസന പദ്ധതികൾക്കുമായി പദ്ധതിയിനത്തിൽ 1.06837 കോടി രൂപയും ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കിയതു മൂലവും, സ്ഥാപനത്തിന്റെ കണ്ടിജൻസി ഇനങ്ങളിലുള്ള ചെലവുകൾ വർദ്ധിച്ചതിനാലും കുട്ടികൾക്ക് ഗുണപ്രദമായ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനും പദ്ധതിയേതരയിനത്തിൽ 21.033391 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-55—കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം തോന്നയ്ക്കൽ**

മഹാകവി കുമാരനാശാന്റെ പൂർണ്ണകായ വെങ്കല പ്രതിമയുടെ നിർമ്മാണ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 15 ലക്ഷം രൂപയും ചെയർമാന്റെ പ്രതിമാസ ഓണറേറിയം, സെക്രട്ടറിയുടെ പ്രതിമാസ ശമ്പളം, ജീവനക്കാർക്ക് പ്രതിമാസം മിനിമം വേതനം എന്നിവ നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-86—മാർഗി**

കൂടിയാട്ടത്തിന്റെ പരിപോഷണത്തിനും, കലാകാരന്മാർക്ക് വിദഗ്ധ പരിശീലനത്തിനും, വർണ്ണാഭമായ വേഷവിധാനങ്ങൾ, വാദ്യോപകരണങ്ങൾ, കോപ്പുകളുടെയും മറ്റു അനുബന്ധ സാധനങ്ങളുടെയും നിർമ്മാണം എന്നീ ചെലവുകൾക്കും വേണ്ടി 30 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-63—മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി**

ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 3.2576 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 20 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-40—വൈലോപ്പിള്ളി സംസ്കൃതി ഭവൻ [വിവിധോദ്ദേശ്യ സാംസ്കാരിക സമുച്ചയം]**

സ്ഥാപനത്തിന്റെ അടിസ്ഥാന വികസനത്തിനും, വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുവാൻ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുമായി പദ്ധതിയിനത്തിൽ 10.49 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 1.36 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-32—ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം ചെമ്പഴന്തി**

ജനറൽ കൗൺസിൽ തീരുമാനിച്ച പ്രവർത്തനം പൂർത്തീകരിക്കുന്നതിനായി പദ്ധതിയേതരയിനത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-102-31—കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ട്**

അധികമായുള്ള ഭരണചെലവുകൾക്കായി പദ്ധതിയേതരയിനത്തിൽ 72.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-103-99—പുരാവസ്തു ഗവേഷണ വകുപ്പ്**

വകുപ്പിന്റെ പദ്ധതിയേതര ചെലവുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.7135 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-103-94—മ്യൂസിയം വികസനവും പ്രദർശനതന്ത്രങ്ങളും**

മ്യൂസിയങ്ങളുടെ പരിപാലനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി പദ്ധതിയിനത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2205-00-103-91—എറണാകുളത്തെ പുരാവസ്തു മ്യൂസിയം**

ഹിൽപ്പാലസ് വളപ്പിലെ പൈതൃക നിർമ്മിതികളുടെ സമഗ്രസംരക്ഷണം, സൗന്ദര്യവൽക്കരണം എന്നീ പദ്ധതികൾ പൂർത്തീകരിക്കുന്നതിലേക്ക് നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-90—**റീജിയണൽ കൺസർവേഷൻ ലാബോറട്ടറി**

"Hand-held XRF metre" വാങ്ങുന്നതിന് ഇ-ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും നിരവധി പുരാവസ്തുക്കളുടെ രാസസംരക്ഷണം നടത്തേണ്ടതുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-89—**പുരാവസ്തു - കെട്ടിടങ്ങൾ**

സംരക്ഷിത സ്മാരകങ്ങളുടെ ഘടനാപരമായ സംരക്ഷണ മേൽനോട്ടവും വകുപ്പിന്റെ സ്വന്തമായിട്ടുള്ള പൈതൃക നിർമ്മിതികൾ, അവയിൽ പ്രവർത്തിക്കുന്ന മ്യൂസിയങ്ങൾ എന്നിവയെ പൈതൃക ഭാവത്തിൽ നിലനിർത്തുന്നതിനും സന്ദർശകർക്കാവശ്യമായ സുരക്ഷയും സൗകര്യവും ഏർപ്പെടുത്തുന്നതിനും 2020-21 സാമ്പത്തിക വർഷത്തിലെ സംരക്ഷണപ്രവർത്തനങ്ങൾ കൂടാതെ, വില നൽകി ഏറ്റെടുക്കേണ്ടിവരുന്ന പൈതൃക നിർമ്മിതികൾക്കും, നിർദ്ദിഷ്ട പുരാവസ്തു വകുപ്പദ്ധ്യക്ഷ കാര്യാലയത്തിനും പദ്ധതികളെല്ലാം നടപ്പിൽ വരുത്തുന്നതിനും നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-85—**പൈതൃക പഠന കേന്ദ്രം**

പദ്ധതി-പദ്ധതിയേതരയിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 28.16 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-80—**ജില്ലാതലത്തിലുള്ള പുരാവസ്തു / പൈതൃക മ്യൂസിയം**

പാലക്കാട്, തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ പൈതൃക മ്യൂസിയങ്ങളുടെ പണികൾക്കും, മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 2.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-81—**ഫീൽഡ് ആർക്കിയോളജി**

പുരാവസ്തുക്കളുടെ ഉത്ഖനനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനും, നിലവിലുള്ള എക്സിബിഷൻ യൂണിറ്റ് നവീകരിക്കുന്നതിനും, മൊബൈൽ എക്സിബിഷൻ യൂണിറ്റ് ആരംഭിക്കുന്നതിനും, സെമിനാറുകൾ, ശില്പശാലകൾ എന്നിവ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-73—**നാണയശാസ്ത്ര വിംഗിന്റെ സമഗ്ര നവീകരണം**

Documentation of coins Under the Department of Archaeology എന്ന പദ്ധതിയുടെ ഭാഗമായി നിയോഗിക്കപ്പെട്ടിട്ടുള്ള വിദഗ്ധ അംഗങ്ങൾ, സപ്പോർട്ടിംഗ് സ്റ്റാഫുകൾ എന്നിവരുടെ വേതനത്തിനും, നിലവിൽ Catalogue പൂർത്തിയാക്കിയിട്ടുള്ള Angamaly Hoard, Pariyaram Hoard എന്നിവ പ്രസിദ്ധീകരിക്കുന്നതിനും, ഡോക്യുമെന്റേഷനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിലേക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-74—**പുരാവസ്തു വികസന പദ്ധതി**

ആർക്കിയോളജിക്കൽ മാനുവൽ കൺസർവേഷൻ മാനുവൽ എന്നിവ തയ്യാറാക്കുന്നതിന് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും, മറ്റുമായി പദ്ധതിയിനത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-75—**കഴിവ് വികസനവും ബോധവൽക്കരണവും**

ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനു ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-103-77—**പുരാവസ്തു പ്രസിദ്ധീകരണങ്ങൾ**

പുരാവസ്തു വകുപ്പിന്റെ പഠന ഗവേഷണങ്ങളും കണ്ടെത്തലുകളും പൊതു ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, മ്യൂസിയങ്ങളിലേയ്ക്ക് ഗൈഡ്ബുക്കുകളും ബ്രോഷറുകളും തയ്യാറാക്കുന്നതിനും മറ്റുമായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-104-99—**കേരള സ്റ്റേറ്റ് ആർക്കൈവ്സ്**

02—**വേതനം**

ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതര യിനത്തിൽ 51.41 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-107-93—**മ്യൂസിയങ്ങളുടെയും ഗാലറികളുടെയും നവീകരണവും മ്യൂസിയം കാമ്പസിന്റെ വികസനവും**

കണ്ണൂർ ജില്ലയിലെ ചന്തപ്പുര സ്ഥലത്ത് തെയ്യം കലാരൂപത്തെ ആസ്പദമാക്കി മ്യൂസിയം സ്ഥാപിക്കുന്നതിന് ഏറ്റെടുത്ത സ്ഥലത്ത് എല്ലാ സജ്ജീകരണങ്ങളോടുകൂടി മ്യൂസിയം സ്ഥാപിക്കുന്നതിന് പദ്ധതിയിനത്തിൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2205-00-107-91—**എ. കെ. ജി. സ്മാരക മ്യൂസിയം**

മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ കണ്ണൂരിൽ എ. കെ. ജി. സ്മാരക മ്യൂസിയം സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ബാക്കി തുക നൽകുന്നതിനും, എല്ലാവിധ സജ്ജീകരണങ്ങളോടുംകൂടി മ്യൂസിയം സ്ഥാപിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.30 മണിക്ക് പിരിഞ്ഞു.

## 12. 24-2-2020-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2020 ഫെബ്രുവരി 24-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷനും ബഹു.പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. ശ്രീ. റ്റി. വി. രാജേഷ്
3. ശ്രീ. എം. സ്വരാജ്

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി ലീമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

ധനാഭ്യർത്ഥന നമ്പർ XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിൽ 23-ാമത് ഖണ്ഡികയായി താഴെപ്പറയുന്ന ശിപാർശ ചേർക്കാൻ സമിതി നിർദ്ദേശിച്ചു.

<u>ധനാഭ്യർത്ഥന നമ്പർ XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും</u>

2235-02-102-93—**മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക വേണ്ടിയുള്ള സി. എച്ച് മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാങ്ങപ്പാറ**

35—**മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം**

ബഡ്ജറ്റ് വിഹിതം : 3.30 കോടി രൂപ (പദ്ധതി)

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ചഡ്-റീജിയണൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി പദ്ധതിയിനത്തിൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.